# ജോർജ്ജിയൻ ജ്യോതിസ്സ്
# GEORGIAN JYOTHIS

Vol.II Issue. II

ST. GEORGE FORANE CHURCH EDATHUA - PARISH BULLETIN

SEPTEMBER 2020



എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയുടെ പുതിയ ബേമ്മയും മദ്ബഹാ വിരിയും



ഞാനാണ് പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും,
(യോഹ. 11:25)

# സ്നേഹസ്മരണയ്ക്ക്



**അന്നമ്മ വർക്കി (അമ്മച്ചി)**
ജനനം: 08 - 12 - 1914
മരണം: 06 - 03 - 1994



**വർഗ്ഗീസ് മാത്യു (മാത്തപ്പൻ)**
ജനനം: 01 - 02 - 1935
മരണം: 27 - 11 - 1995



**ആലീസ് തോമസ് (അമ്മിണി)**
ജനനം: 11 - 09 - 1936
മരണം: 02 - 09 - 2017



**ജോൺ ജോർജ്ജ് (ജോണപ്പൻ)**
ജനനം: 22 - 09 - 1942
മരണം: 30 - 04 - 1989

**കൊച്ചുപുരയ്ക്കൽ കുടുംബാംഗങ്ങൾ,**
**പാണ്ടങ്കരി**

# ജോർജ്ജിയൻ ജ്യോതിസ്സ്

Vol.II Issue. II

St. George Forane Church Edathua - Parish Bulletin September 2020


# EDITORIAL BOARD


**മാനേജിംഗ് എഡിറ്റർ**

വെരി.റവ.ഫാ.മാത്യു ചൂരവടി

**ചീഫ് എഡിറ്റർ**

റവ.ഫാ.ജോസഫ് പുതിയിടം

**എക്സിക്യൂട്ടിവ് എഡിറ്റേഴ്സ്**

റവ.ഫാ.വർഗ്ഗീസ് പുത്തൻപുര
റവ.ഫാ.വർഗ്ഗീസ് കൊച്ചുപറമ്പിൽ
റവ.ഫാ.ജോസഫ് ചെമ്പിലകം
റവ.ഫാ.സെബാസ്റ്റ്യൻ കണ്ണാടിപ്പാറ
റവ.ഫാ.ജോസഫ് ബംഗ്ലാവുപറമ്പിൽ
റവ.ഫാ.അലോഷ്യസ് വല്ലാത്തറ

**എഡിറ്റേഴ്സ്**

ജോർജ്ജ് തോമസ് കളപ്പുര
തോമസ് ഫ്രാൻസിസ്, വെളുത്തേടത്തുപറമ്പിൽ

**ബോർഡ് മെമ്പേഴ്സ്**

പ്രൊഫ.ജെറോം പി.വി., ഇരുപത്തേഴിൽ
റവ.സി.സുമ മാളിയേയ്ക്കൽ SABS

**കൈക്കാരന്മാർ**

P.K.ഫ്രാൻസിസ്, കണ്ടത്തിൽപ്പറമ്പിൽ പത്തിൽ
ബിബിൻ ജോബ്, പോളയ്ക്കൽ
ബിൽബി മാത്യു, കണ്ടത്തിൽ

**ഓഫീസ് സെക്രട്ടറി**

ഏലിയാമ്മ വർഗ്ഗീസ്, കണ്ടത്തിപ്പറമ്പിൽ

**കമ്പ്യൂട്ടർ അസിസ്റ്റന്റ്**

നിയാമോൾ ആന്റണി, മണക്കളം

**ഡിസൈൻ & പ്രിന്റിംഗ്**

സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ്
ചങ്ങനാശ്ശേരി
ഫോൺ: 0481- 2411820






**St.George Forane Church**
Edathua P.O. Alappuzha District,
Kerala State, Pin - 689 573, Ph.: 0477 221 2034
Website: www.edathuachurch.in
Email: vicaredathuachurch@gmail.com
Youtube Channel: Edathua Palli Official


# CONTENTS

| ഉള്ളടക്കം | | പേജ് |
|---|---|---|

| 1. | ഇടയനാദം | 04 |
| 2. | മുഖമൊഴി | 05 |
| 3. | തിരുക്കർമ്മസമയങ്ങൾ | 09 |
| 4. | ആരാധനാവത്സരത്തിനൊപ്പം | 10 |
| 5. | പാരീഷ് കൗൺസിൽ റിപ്പോർട്ട് | 12 |
| 6. | അമ്മ ഈശോയിലേക്കുള്ള വഴി (ലേഖനം) | 17 |
| 7. | ഇടവകയും കുരിശുപള്ളികളും | 19 |
| 8. | വിദ്യാഭ്യാസപ്രേഷിത പ്രവർത്തനങ്ങൾ | 29 |
| 9. | സാമ്പത്തിക സംവരണം........ (പഠനവീഥി) | 39 |
| 10. | അല്മായനേതൃത്വം സംഘടനകളിലൂടെ | 43 |
| 11. | ആതുരാലയപ്രേഷിതത്വം | 47 |
| 12. | ജീവകാരുണ്യപ്രവർത്തനങ്ങൾക്ക്... | 49 |
| 13. | കോവിഡ് മഹാമാരി.................. (ലേഖനം) | 57 |
| 14. | എടത്വായുടെ നവകുസുമങ്ങൾ | 61 |
| 15. | ദൈവം യോജിപ്പിച്ചവർ | 62 |
| 16. | നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടവർ | 63 |
| 17. | സ്വയാധികാര സഭകളുടെ........ (പഠനവീഥി) | 65 |
| 18. | അജപാലനശുശ്രൂഷാക്രമീകരണം | 67 |
| 19. | ഇടവകാംഗങ്ങൾ അറിയാൻ | 68 |
| 20. | ഇടവകയുടെ അഭിമാനതാരകങ്ങൾ | 69 |
| 21. | ഇടവകപ്രവർത്തനങ്ങൾ | 70 |

# ഇടയനാദം



ഈശോയിൽ പ്രിയരേ,

ചരിത്രപ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ നമ്മുടെ ഇടവകദൈവാലയം, വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും സുവിശേഷസാക്ഷ്യമായി നിലനിൽക്കുന്നതിൽ നമുക്ക് സന്തോഷിക്കാം. ലോകത്തെ മുഴുവൻ സംഭീതിയിലാഴ്ത്തുന്ന കോവിഡ് മഹാമാരി, കഴിഞ്ഞ ഫെബ്രുവരി മാസം മുതൽ നമ്മെയൊക്കെ ഒത്തിരി നിയന്ത്രണാധീനമാക്കിയിരിക്കുകയാണല്ലോ.

ഒന്നിച്ചുകൂടുവാനും സഞ്ചാരം ചെയ്യുവാനും, ബലിയർപ്പിക്കുവാനും, തിരുനാളുകളും കടപ്പെട്ട ദിവസങ്ങളുമൊക്കെ ആചരിക്കുവാനും രോഗവ്യാപനത്തെ നിയന്ത്രിക്കാനുള്ള സാമൂഹിക അകലപാലനത്തിന്റെ പശ്ചാത്തലം നമ്മെ വിലക്കി നിർത്തിയിരിക്കുന്ന കാലം ...

ഇതിൽ നിന്നും കർത്താവു ലോകത്തെ മോചിപ്പിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. നാളിതുവരെ ഈ മഹാമാരിയുടെ ദുരിതമനുഭവിക്കുന്നവരെയും അവർക്ക് കൈത്താങ്ങായി പ്രവർത്തിക്കുന്നവരെയും നന്ദിയോടെ ഓർക്കാം. നമ്മുടെ യുവജനങ്ങൾ, വിദ്യാർത്ഥിസമൂഹം ഒക്കെ ഒറ്റപ്പെട്ട തീരങ്ങളിലായിപ്പോയി, പഠനവേദികൾ ഏകാന്തതയുടെ അവസ്ഥകളിലേയ്ക്കും - അതിൽ നിന്നുരുവാകുന്ന മാനസിക ആത്മീയ, ഭൗതികശോഷണങ്ങളിലേയ്ക്കും വഴി നടത്തി എന്നത് യാഥാർത്ഥ്യമാണ്.

സ്വദേശത്തും വിദേശത്തും തൊഴിലും വരുമാനവും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയ അനുഭവങ്ങൾ, വേർപാടിന്റെ അവസരങ്ങളിൽപ്പോലും ഉറ്റവരെ ഒരുനോക്കു കാണാനുള്ള അവസരം ലഭിക്കാതെ പോയവരും, ജീവസന്ധാരണത്തിനുള്ള പഠനം പൂർത്തിയാക്കാൻ കഴിയാത്തവരും രോഗവ്യാപനത്തിന്റെ നിഴലിൽ കഴിയുന്നവരുടേതുമായ ഒരു ലോകം നമുക്കു ചുറ്റും കാണുന്നു.



വിശ്വാസപരിശീലനവും ആരാധന ജീവിതവുമൊക്കെ മാധ്യമങ്ങളുടെ പിടിയിലൊതുക്കി കേവലം കൃത്യനിർവ്വഹണമാക്കിത്തീർക്കുന്നു. ആഘോഷങ്ങൾക്ക് വിലങ്ങിട്ട ഒരു കാലമായി ഇതിനെ നമുക്ക് കാണാൻ കഴിയും. കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന ലോക്ഡൗൺ കാലം - ബന്ധങ്ങളെ അർത്ഥപൂർണ്ണമാക്കാൻ സഹായിച്ചിട്ടുണ്ടാകണം. സംഭവബഹുലമായ ഈ കാലത്ത് പുണ്യപ്പെട്ട തിരുനാളുകൾ, വലിയ ആഴ്ച, പള്ളിപ്പെരുന്നാൾ എല്ലാം വിസ്മൃതിയിലായി. എല്ലാറ്റിനും ഒരു മാറ്റത്തിന്റെ കാലാവസ്ഥ. ഇവിടെ പുതിയ ഒരു പ്രഭാതം നമ്മുടെ തലമുറയിൽ വാർത്തെടുക്കാനായാൽ നാം നേടി. കോവിഡാനന്തര ജീവിതശൈലിയിൽ അദ്ധ്വാനത്തിന്റെ, മിതവ്യയത്തിന്റെ, ആഴമായ ദൈവാനുഭവത്തിന്റെ, കാർഷികവികസനത്തിന്റെ വിളക്ക് തെളിച്ച് ദൈവമക്കളുടെ ജീവിതം ധന്യമാകട്ടെ.

അച്ചടക്കമുള്ള ഒരു പുതുതലമുറ - ജീവിതാനുഭവങ്ങളെ ചാലിച്ചെടുത്ത, മാതൃകകളായി ഉയരട്ടെ. നിഷ്ഠയോടെ പ്രാർത്ഥനാനുഭവത്തിലേയ്ക്കും അതുവഴി ആത്മീയസമ്പന്നതയിലേയ്ക്കും സഭയോടു ചേർന്ന് നമുക്ക് നവീകരിക്കപ്പെടാം. എല്ലാവർക്കും വിജയാശംസകൾ!

ഈശോയിൽ സ്നേഹപൂർവ്വം,

വികാരിയച്ചൻ



**എഡിറ്റോറിയൽ**

# മുഖമൊഴി



കോവിഡ് മഹാമാരി മൂലം പരസ്പരബന്ധം പരിമിതപ്പെട്ടുപോയ സാഹചര്യത്തിൽ ഇടവകയിലെ ഓരോ കുടുംബത്തോടും ജോർജ്ജിയൻ ജ്യോതിസ്സിലൂടെ ആശയവിനിമയം സാധിതമാകുന്നു എന്നത് ഏറെ സന്തോഷകരമാണ്. ഇടവക സമൂഹത്തിൽ കൂട്ടായ്മാബോധം വളർത്തുവാനും ഐക്യം ഊട്ടി ഉറപ്പിക്കുവാനുമുള്ള പ്രഥമവും പ്രധാനവുമായ ഉപാധിയാണ് പാരീഷ് ബുള്ളറ്റിൻ.

പ്രതിസന്ധികൾ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവാശ്രയത്വത്തിലേയ്ക്ക് തുറക്കുന്ന വാതിലാണ്. വാതിൽ പ്രതീക്ഷയുടെയും പോംവഴിയുടെയും പ്രതീകമാണ്. നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണ് (റോമാ 15:13). കരംപിടിച്ച് നടത്താൻ വന്നവന് കൈവെടിയാനാവില്ല. ജലപ്രളയം അതിജീവിച്ച നോഹയ്ക്ക് മുൻപിൽ തെളിഞ്ഞ മഴവില്ല് ഒരോർമ്മപ്പെടുത്തലാണ്. മനുഷ്യനുവേണ്ടി പുതിയ വാതിൽ തുറക്കുന്ന ദൈവം പ്രത്യാശാഭരിതമായ ഒരു ഭാവി ഒരുക്കിയിട്ടുണ്ട്. ഞാൻ ഐശ്വര്യം തിരിച്ചുനൽകും. പൂർവ്വസ്ഥിതിയിൽ ഞാൻ പണിതുയർത്തും. (ജറമിയാ 33:7) എന്ന വാഗ്ദാനം നമുക്കുള്ള വെളിപാടാണ്.

സഭാമാതാവിന്റെ സവിശേഷതകളെ യുക്തിഭദ്രമായി വരച്ചുകാട്ടുന്ന പ്രബോധനങ്ങളും ഈശോയിലേയ്ക്ക് വഴിതെളിക്കുന്ന പരിശുദ്ധ അമ്മയുടെ മനോഹരമായ അക്ഷരചിത്രവും കോവിഡ് 19 എന്ന വർത്തമാനകാല പ്രതിസന്ധിയെ സമഗ്രമായി അപഗ്രഥിക്കുന്ന ലേഖനവും ഏറെ ചിന്തോദ്ദീപകങ്ങളാണ്.

ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് മാതൃകയായി... എന്ന ശീർഷകത്തിലെ ഉള്ളടക്കങ്ങൾ, പങ്കുവക്കൽ പ്രതിഫലിപ്പിക്കുന്ന ദർപ്പണമാക്കി പാരീഷ് ബുള്ളറ്റിനെ മാറ്റുന്നതിന്റെ നേർസാക്ഷ്യമാണ്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഇടവകയുടെ അഭിമാനതാരങ്ങൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനം!

ജോർജ്ജിയൻ ജ്യോതിസ്സിന്റെ സെപ്റ്റംബർ ലക്കം അണിയിച്ചൊരുക്കിയ എല്ലാ സുമനസ്സുകൾക്കും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും എന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങളും നന്ദിയും.

സ്നേഹപൂർവ്വം,

**ഫാ.മെൽവിൻ പുതിയിടം**





## 2020–21 സാമ്പത്തിക വർഷത്തിലെ
## തലപ്പള്ളിയുടെ കൈക്കാരന്മാർ



**പി. കെ. ഫ്രാൻസിസ്,**
കണ്ടത്തിൽപറമ്പിൽ പത്തിൽ,
ചങ്ങങ്കരി കിഴക്ക് വാർഡ്



**ബിബിൻ ജോബ്,**
പോളയ്ക്കൽ,
പാണ്ടങ്കരി വാർഡ്



**ബിൽബി മാത്യു,**
കണ്ടത്തിൽ,
കാട്ടുംഭാഗം വാർഡ്

## നന്ദിയും സ്വാഗതവും



സ്തുത്യർഹമായ സേവനത്തിന് ശേഷം
ആലപ്പുഴ പഴവങ്ങാടി മാർസ്ലീവാ ഫൊറോനാ
പള്ളിയിലേയ്ക്ക് സ്ഥലം മാറിപ്പോയ
ബഹുമാനപ്പെട്ട **വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന്**
ഇടവക കുടുംബത്തിന്റെ നന്ദിയും ആശംസയും.



വെരൂർ സെന്റ് ജോസഫ് ഇടവക പള്ളിയിലെ
ശുശ്രൂഷയ്ക്ക് ശേഷം എടത്വാ ഇടവകയിൽ
നിയമിതനായ ബഹുമാനപ്പെട്ട
**വർഗ്ഗീസ് കൊച്ചുപറമ്പിൽ അച്ചന്**
ഹൃദ്യമായ സ്വാഗതം

## പുതിയതായി ശുശ്രൂഷയ്ക്കെത്തിയ
## എടത്വാ ജെസ്യൂട്ട് ആശ്രമാംഗങ്ങൾക്ക് ആശംസകൾ



**ഫാ. റൂബിൾ മാർട്ടിൻ**
**കുര്യൻ മാമ്പുഴയ്ക്കൽ** SJ



**ബ്ര. ജോർജ്ജ് വട്ടുകുളം** SJ

# ആശംസകൾ



പ്ലസ് ടു പരീക്ഷയിൽ
ഫുൾ എ പ്ലസ് നേടിയ
**ചിന്നു മരിയാ ജേക്കബ്**
സെ.പയസ് ടെൻത്, പാണ്ടങ്കരി
(സയൻസ് - ബയോളജി)



എടത്വാ ഫൊറോനാ യുവദീപ്തി
ജനറൽ സെക്രട്ടറിയായി
തെരഞ്ഞെടുക്കപ്പെട്ട
**അലക്സ് സെബാസ്റ്റ്യൻ**
മഞ്ഞുമ്മേൽ
സെ.ജോൺ,
എടത്വാ പടിഞ്ഞാറ് ബി.



സംസ്ഥാന ഗവൺമെന്റിന്റെ
നോട്ടറി അഭിഭാഷകൻ ആയി
നിയമിതനായ
**അഡ്വ. ജോർജ്ജ് മാത്യു,**
തലച്ചെല്ലൂർ മണ്ണാംതുരുത്തിൽ
സെ.ജോൺ,
എടത്വാ പടിഞ്ഞാറ് ബി.




സ്നേഹസ്മരണയ്ക്ക്

10 – ാം ചരമ വാർഷികം



**വർഗ്ഗീസ് കുര്യാക്കോസ്**

**ബേബിച്ചൻ**

കണ്ടത്തിൽപറമ്പിൽ പത്തിൽ

എടത്വാ

മരണം: 25.8.2010

സന്തപ്ത കുടുംബാംഗങ്ങൾ

പാവനസ്മരണയ്ക്ക്



**ജോർജ്ജ് ജോസഫ്**

**(ജോയി സാർ – 84)**

കളത്തിൽ കോനാട്ട്, കുന്തിരിക്കൽ

എടത്വാ

ജനനം: 16 - 12 - 1936

മരണം: 20 - 10 - 2020

*സന്തപ്ത കുടുംബാംഗങ്ങൾ*

*In loving memory of our Ammachi*

*4th Anniversary in Heaven*



**CHINNAMMA THOMAS**

**W/O. K.J. THOMAS**

**KALANGARA**

06.01.1922 23.12.2016



# ഇടവകപ്പള്ളി – തിരുക്കർമ്മസമയങ്ങൾ

**ഞായർ**

| | | |
|---|---|---|
| 5.30 am | : | സപ്രാ |
| 5.45 am, 7.30 am | : | വി. കുർബാന |
| 9.30 am | : | സപ്രാ |
| 9.45 am | : | സൺഡേസ്കൂൾ കുട്ടികളുടെ വി. കുർബാന |
| 4.00 pm | : | വി. കുർബാന |

**തിങ്കൾ – വ്യാഴം**

| | | |
|---|---|---|
| 6.00 am, 7.00 am | : | വി. കുർബാന |

**വെള്ളി**

| | | |
|---|---|---|
| 5.45 am, 7.00 am | : | വി. ഗീവർഗ്ഗീസിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, വി. കുർബാന |

**ശനിയാഴ്ച**

| | | |
|---|---|---|
| 6.00 am | : | വി. കുർബാന |
| 7.00 am | : | വി. കുർബാന |

**വി. കുമ്പസാരം**

| | | |
|---|---|---|
| 5.45 am – 8.00 am | : | ഉത്ഥാനപ്പള്ളിയിൽ (ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളുമൊഴികെ) |

(എല്ലാ ചൊവ്വാഴ്ചയും രാവിലെ 7 മണിക്കുള്ള വി. കുർബാനയും തുടർന്നുള്ള ഒപ്പീസും ഇടവകയിലെ പൂർവ്വികരായ സകല മരിച്ചവരെയും അനുസ്മരിച്ചുകൊണ്ട് നടത്തപ്പെടുന്നു.)

– വികാരി

# ആരാധനാവത്സരത്തിനൊപ്പം

## 2020 സെപ്റ്റംബർ

01 എട്ടുനോമ്പാരംഭം
04 മാർ കർദാഗ് സഹദാ
05 വി.മദർ തെരേസാ
**06 ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ ആരംഭിക്കുന്നു.**
08 പരിശുദ്ധ കന്യാമറിയത്തിന്റെ പിറവിത്തിരുനാൾ
12 വി.ജോൺ ക്രിസോസ്തോം
14 കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
21 മാർ മത്തായി ശ്ലീഹാ
26 വി.വിൻസെന്റ് ഡി പോൾ
29 മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാർ
30 വി.ജെറോം

### ഏലിയാ-സ്ലീവാ- മൂശാക്കാലങ്ങൾ

വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നത്.

ഈശോയുടെ രൂപാന്തരീകരണം, മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവ്, ലോകാവസാനം, അന്ത്യവിധി എന്നിവ ഈ കാലത്തിന്റെ ധ്യാനവിഷയങ്ങളാണ്. ഈശോയുടെ രൂപാന്തരീകരണം രണ്ടാംവരവിന്റെ പ്രതീകമാണ്. രൂപാന്തരീകരണസമയത്ത് പ്രത്യക്ഷപ്പെട്ട നിയമത്തിന്റെ പ്രതീകമായ മോശ, പ്രവാചകന്മാരുടെ പ്രതീകമായ ഏലിയാ എന്നിവരെ ഈ കാലത്ത് പ്രത്യേകമായി അനുസ്മരിക്കുന്നു. പാപപരിഹാരം വഴി രണ്ടാംവരവിനായി നമ്മെത്തന്നെ ഒരുക്കാൻ സഭ ഈ കാലത്തിലൂടെ ആഹ്വാനം ചെയ്യുന്നു.






രക്ഷാകരപദ്ധതിയുടെ മഹനീയഫലങ്ങൾ തിരുസഭയിലൂടെ ഞങ്ങൾക്കു പ്രദാനം ചെയ്യുന്ന ഈശോയേ, ആരാധനാവത്സരത്തിന്റെ ചൈതന്യമനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## 2020 ഒക്ടോബർ

01 വി.കൊച്ചുത്രേസ്യാ
02 കാവൽമാലാഖ
03 വി.ഫ്രാൻസിസ് അസ്സീസി
09 ദൈവദാസൻ മാർ മാത്യു കാവുകാട്ട്
15 ആവിലായിലെ വി. ത്രേസ്യാ
16 വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 അന്ത്യോക്യയിലെ വി.ഇഗ്നേഷ്യസ്/ വി.ലൂക്കാ സുവിശേഷകൻ
18 മിഷൻഞായർ
22 വി.ജോൺ പോൾ രണ്ടാമൻ
28 മാർ ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ
31 പുത്തൻപറമ്പിൽ തൊമ്മച്ചൻ

## 2020 നവംബർ

**01 പള്ളിക്കൂദാശക്കാലം ആരംഭിക്കുന്നു**
സഭാസമർപ്പണത്തിരുനാൾ
05 വി.സഖറിയായും ഏലീശ്വായും
22 മിശിഹായുടെ രാജത്വത്തിരുനാൾ
**29 മംഗളവാർത്തക്കാലം ആരംഭിക്കുന്നു.**

## 2020 ഡിസംബർ

03 വി.ഫ്രാൻസിസ് സേവ്യർ
08 പരിശുദ്ധ കന്യാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ
14 കുരിശിലെ വി.യോഹന്നാൻ
18 മൈലാപ്പൂരിലെ അത്ഭുതസ്ലീവാ
25 ഈശോയുടെ പിറവിത്തിരുനാൾ
26 വി.യോഹന്നാൻ ശ്ലീഹാ
27 തിരുക്കുടുംബത്തിരുനാൾ
28 കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

### പള്ളിക്കൂദാശക്കാലം

ആരാധനവത്സരത്തിലെ 9 കാലങ്ങളിൽ അവസാനത്തെ കാലമാണ് ഇത്. ഈശോ യുഗാന്ത്യത്തിൽ തന്റെ മണവാട്ടിയായ സഭയെ പിതാവിന് സമർപ്പിക്കുന്നത് ഈ കാലത്ത് ധ്യാനവിഷയമാക്കുന്നു. സഭാസമർപ്പണത്തിരുനാൾ ഈ കാലത്തിന്റെ മുഖമുദ്രയാണ്. സഭയേക്കുറിച്ച് ധ്യാനിക്കാനും സഭയോടൊത്ത് സ്വർഗ്ഗോന്മുഖരായി നീങ്ങാനും ഈ കാലം നമ്മെ സഹായിക്കുന്നു.



### മംഗളവാർത്തക്കാലം

ആരാധനവത്സരം ആരംഭിക്കുന്നത് ഈ കാലത്തോടുകൂടിയാണ്. ഈശോയുടെ തിരുപ്പിറവിയ്ക്ക് മുമ്പ് നാല് ഞായറാഴ്ചകൾ വരത്തക്കവിധം ഈ കാലം ക്രമീകരിച്ചിരിക്കുന്നു. സുറിയാനി ഭാഷയിൽ സുബാറ (അറിയിപ്പുകളുടെ കാലം) എന്നറിയപ്പെടുന്നു. സ്നാപകയോഹന്നാന്റെ ജനനം, മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ പാപം, രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം തുടങ്ങിയ കാര്യങ്ങൾ ഈ കാലത്തിന്റെ ധ്യാനവിഷയങ്ങളാണ്. പരിശുദ്ധ കന്യാമറിയത്തെ പ്രത്യേകമായി അനുസ്മരിക്കുന്ന കാലം കൂടിയാണിത്.



# പാരീഷ് കൗൺസിൽ റിപ്പോർട്ട്

PARISH COUNCIL REPORT

**തോമസ് ഫ്രാൻസിസ്**
**വെളുത്തേടത്തുപറമ്പിൽ,**
പാരീഷ് കൗൺസിൽ സെക്രട്ടറി

**ആമുഖം**

എടത്വായിലെ വിശ്വാസസമൂഹത്തിന്റെ ആത്മീയവളർച്ചയുടെയും കൂട്ടായ്മാജീവിതത്തിന്റെയും ലാവണ്യമുള്ള പ്രതീകമാണ് സെന്റ് ജോർജ്ജ് ഇടവകദൈവാലയം. കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായ നിബന്ധനകൾ അനുദിനജീവിതത്തിന്റെ ഊർജ്ജസ്രോതസ്സായ ദൈവാലയാങ്കണവും കൗദാശിക ശുശ്രൂഷകളും അനേകർക്ക് അന്യമാക്കപ്പെട്ടു. എങ്കിലും വൈയക്തിക തലത്തിൽ സുദൃഢമായ ദൈവമനുഷ്യബന്ധം നിലനിർത്താൻ കൊറോണക്കാലത്ത് നാം അഭ്യസിച്ചു.

സർക്കാർ നിയന്ത്രണങ്ങൾ, പൂർണ്ണതോതിലുള്ള പാരീഷ് കൗൺസിൽ യോഗങ്ങളും പൊതുയോഗങ്ങളും അസാധ്യമാക്കി. അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടുള്ള സബ് കമ്മറ്റി കൺവീനർമാരുടെ യോഗം ചേർന്ന് ആവശ്യമായ തീരുമാനം എടുക്കുന്ന സമീപനം സ്വീകരിച്ചതിലൂടെ ഏറ്റെടുത്ത പ്രവർത്തികൾ വിഘ്നം കൂടാതെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു എന്നത് ഏറെ ശ്രദ്ധേയമാണ്.

2020 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ കൂടിയ പാരീഷ് കൗൺസിൽ യോഗങ്ങളുടെയും ഇതരയോഗങ്ങളുടെയും ഉള്ളടക്കങ്ങൾ, വിവിധ മേഖലകളിലെ ഇടവകയുടെ പ്രാതിനിധ്യവും ചുവടുവയ്പും സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പാരീഷ് കൗൺസിൽ യോഗങ്ങളും തീരുമാനങ്ങളും**

2020 ജനുവരി 12 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ 2019 ഡിസംബർ മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് അംഗീകാരം നേടി. സഭയുടെ ആരാധനക്രമത്തോടും അതിന്റെ ചൈതന്യത്തോടും ചേർന്നുപോകുന്നവിധം ഇടവകപ്പള്ളിയുടെ മദ്ബഹയോട് ബന്ധപ്പെട്ട വിരി, ബേമ്മ തുടങ്ങിയ ക്രമീകരണങ്ങൾ സജ്ജീകരിക്കാനും പൂർവ്വീകർ തുടങ്ങിവച്ചതും ഇടക്കാലത്ത് നിന്നുപോയതുമായ നാല്പതുമണി ആരാധന പുനരാരംഭിക്കാനും തീരുമാനിച്ചു.

ഫെബ്രുവരി 9 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ ജനുവരി മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് അംഗീകാരം നേടി. പള്ളിക്കാര്യത്തിൽ നിന്ന് എടത്വാ സബ്-ട്രഷറിയ്ക്കായി ദാനം ചെയ്യുന്ന പള്ളിവക വസ്തുവിന്റെ രേഖകൾ സബ്ട്രഷറി അധികൃതർക്ക് കൈമാറുന്ന ചടങ്ങ് ഫെബ്രുവരി 12 ന് യോഗശാലയിൽവച്ച് നടത്താൻ തീരുമാനിച്ചു. പ്രസ്തുത സമ്മേളനത്തിന്റെ നടത്തിപ്പിന് കൺവീനർ ആയി ബിൽബി മാത്യു കണ്ടത്തിലിനെ തെരഞ്ഞെടുത്തു. ഇടവക ദൈവാലയത്തിൽ പുതിയതായി ക്രമീകരിക്കുന്ന ബേമ്മയുടെ രൂപരേഖ യോഗം അംഗീകരിച്ചു. ഭവനനിർമ്മാണത്തിന് വസ്തു ഇല്ലാത്തവർക്കായി 8 സെന്റ് സ്ഥലം വാങ്ങുന്നതിനും അർഹതയുടെ അടിസ്ഥാനത്തിൽ 3 പേർക്ക് തുല്യമായി വീതിച്ചു നൽകുന്നതിനും അടിത്തറ കെട്ടി മണ്ണിട്ട് നിറച്ച് കൈമാറുന്നതിനും നിശ്ചയിച്ചു.

പാണ്ടങ്കരി സ്കൂളിന്റെ ഹാൾനിർമ്മാണം നടത്തുന്നതിനും ടൗണിലുള്ള പള്ളിവക പാർക്കിംഗ് സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോറിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് കെട്ടിടം പണിയുന്നതിനും പുതിയ ഓഡിറ്റോറിയത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ സോളാർ സംവിധാനം വഴി നിറവേറ്റുന്നതിനും പള്ളിയുടെ മേൽക്കൂരയുടെ നിലവിലുള്ള ഏ.സി. ഷീറ്റുകൾ മാറ്റി ഒറാലിയം ഷീറ്റ് ഉപയോഗിക്കുന്നതിനും സിമിത്തേരിയുടെ കിഴക്ക് വശത്തെ സംരക്ഷണ മതിൽ നവീകരിക്കുന്നതിനും തായങ്കരി സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ 5 ലക്ഷം രൂപാ സഹായം നൽകുന്നതിനും എടത്വാ ബൈബിൾ കൺവൻഷൻ 2020 ഏപ്രിൽ 15 മുതൽ 19 വരെ നടത്തുന്നതിനും തീരുമാനിച്ചു.

ഫെബ്രുവരി 18 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ, സബ് കമ്മറ്റി കൺവീനേഴ്സ് എന്നിവർ യോഗം ചേർന്നു. ആനപ്രമ്പാൽ ചാപ്പലിനു വേണ്ടി വാങ്ങിയ നിലത്തിൽ പത്ത് സെന്റ് നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും എടത്വാ-ചമ്പക്കുളം റോഡിനോട് ചേർന്ന് കുരിശ്ശടിയ്ക്കായി ചാക്കോച്ചൻ ചിറയിൽ ദാനമായിത്തന്ന സ്ഥലം നികത്തുവാ

നും മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി അതിരൂപതാ നിർദ്ദേശം കണക്കിലെടുത്ത് പത്ത് ഭവനങ്ങളുടെ നിർമ്മാണം ഏറ്റെടുക്കാനും നിശ്ചയിച്ചു. ചാരിറ്റി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഭവനങ്ങളുടെ പട്ടികയിൽ നിന്ന് ഈ ലക്ഷ്യം നിറവേറ്റാൻ തീരുമാനിച്ചു.

മാർച്ച് 8 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ ഫെബ്രുവരി മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് അംഗീകാരം നേടി. 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള കൈക്കാരന്മായി ബിൽബി മാത്യു കണ്ടത്തിൽ (കാട്ടുംഭാഗം), പി.കെ.ഫ്രാൻസിസ് കണ്ടത്തിൽപ്പറമ്പിൽ പത്തിൽ (ചങ്ങങ്കരി കിഴക്ക്), ബിബിൻ ജോബ് പോളയ്ക്കൽ (പാണ്ടങ്കരി) എന്നിവരെ തെരഞ്ഞെടുത്തു. മേടം തിരുനാളിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത് വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ചുമതലകൾ നൽകി. മേടം തിരുനാൾ പൊതുയോഗം മാർച്ച് 29 ന് വിളിച്ചുകൂട്ടാൻ നിശ്ചയിച്ചു.

ഏപ്രിൽ 22 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ, സബ് കമ്മറ്റി കൺവീനേഴ്സ്, തിരുനാൾ ജനറൽ കൺവീനർ എന്നിവർ യോഗം ചേർന്നു. കോവിഡ് വ്യാപനം മൂലം ആഘോഷങ്ങൾക്ക് സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു യോഗം. വിശദമായ ആലോചനകൾക്കുശേഷം നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള എടത്വാ തിരുനാൾ സർക്കാർ നിബന്ധനകൾ പാലിച്ചുകൊണ്ട് ജനസാന്നിദ്ധ്യം ഒഴിവാക്കി ലളിതമായ രീതിയിൽ നടത്താൻ തീരുമാനമെടുത്തു. പരമ്പരാഗതമായി ഏപ്രിൽ 27 ന് തുടങ്ങി മെയ് 14 ന് അവസാനിക്കുന്ന തിരുനാൾ ക്രമീകരണങ്ങൾ ഇക്കുറി ഏപ്രിൽ 27 ന് തുടങ്ങി മെയ് 7 ന് സമാപിപ്പിക്കാൻ നിശ്ചയിച്ചു. വിശ്വാസികൾക്കും, സമീപസ്ഥരും വിദൂരസ്ഥരുമായ തീർത്ഥാടകർക്കും വീട്ടിൽ ആയിരുന്നുകൊണ്ട് പള്ളിയുടെ യൂടൂബ് ചാനൽ വഴിയും ഇതര ടെലിവിഷൻ ചാനൽ വഴിയും തിരുനാൾ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ സൗകര്യം ഒരുക്കാനും തിരുനാൾ നടത്തിപ്പിന് ജില്ലാ അധികാരികളുടെ അംഗീകാരം തേടാനും തീരുമാനിച്ചു. തിരുനാളിനൊരുക്കമായുള്ള പ്രാർത്ഥനയും തിരുക്കർമ്മങ്ങൾ സംബന്ധിച്ച നോട്ടീസും ഇടവകയിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കുവാൻ നിശ്ചയിച്ചു.

മേയ് 16 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ, സബ് കമ്മറ്റി കൺവീനേഴ്സ്, തിരുനാൾ ജനറൽ കൺവീനർ എന്നിവർ യോഗം ചേർന്നു. മേടം തിരുനാൾ അവലോകനം നടത്തി. കോവിഡ് പ്രതിസന്ധിയ്ക്കിടയിൽ ലളിതമായി തിരുനാൾ നടത്തുന്നതിന് സഹകരിച്ച കൈക്കാരന്മാർ, കമ്മിറ്റി അംഗങ്ങൾ, ജനറൽ കൺവീനർ എന്നിവർക്ക് വികാരിയച്ചൻ നന്ദി പറഞ്ഞു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൈക്കാരൻ പി.കെ.ഫ്രാൻസിസ് കണ്ടത്തിൽപ്പറമ്പിൽ പത്തിലിന്റെ സത്യപ്രതിജ്ഞ മേയ് 17 ന് നടത്താനും കോവിഡ് കാല നിയന്ത്രണങ്ങൾ മൂലം കച്ചവടസ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെട്ടത് കണക്കിലെടുത്ത് പള്ളിവക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കടമുറികളുടെ വാടകയിൽ ഇളവ് നൽകാനും ഇടവക ഏറ്റെടുത്തു നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പാരീഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനും 2020-21 സാമ്പത്തികവർഷത്തേയ്ക്കുള്ള ബജറ്റ് നിലവിലെ വരുമാനശോഷണം പരിഗണിച്ച് തയ്യാറാക്കാനും നിശ്ചയിച്ചു.

ജൂൺ 7 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ, സബ് കമ്മറ്റി കൺവീനേഴ്സ് എന്നിവർ യോഗം ചേർന്നു. ആരാധനാലയങ്ങൾ ജൂൺ 9 ന് തുറക്കുന്നതിന് സർക്കാർ പുറത്തിറക്കിയ ഇളവുകൾ സംബന്ധിച്ച് ചർച്ച ചെയ്തു. രോഗവ്യാപനം കണക്കിലെടുത്ത് വിശ്വാസികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള തിരുക്കർമ്മങ്ങൾ ഒഴിവാക്കാനും ദൈവാലയവും പരിസരവും അണുവിമുക്തമാക്കാനും നിശ്ചിതദിവസങ്ങൾ ഇടവിട്ട് ഈ ശുചീകരണപ്രവർത്തനങ്ങൾ തുടരാനും ഞായറാഴ്ചയിലെ വിശുദ്ധ കുർബാന ലൈവ് ആയി വിശ്വാസികൾക്ക് ലഭ്യമാക്കാനും പത്രമാധ്യമങ്ങൾ മുഖാന്തരം ഇതു സംബന്ധിച്ച അറിയിപ്പ് കൈമാറാനും നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഹാളിന് പേര് നിർദ്ദേശിയ്ക്കാൻ, പള്ളിയുടെ വെബ്സൈറ്റിലൂടെ ഇടവകാംഗങ്ങൾക്ക് അവസരം നൽകാനും തീരുമാനിച്ചു.

ജൂൺ 28 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ, സബ് കമ്മറ്റി കൺവീനേഴ്സ് എന്നിവർ യോഗം ചേർന്നു. കോവിഡ് കാലഘട്ടത്തിലെ വരുമാനക്കുറവ് കണക്കിലെടുത്ത് നിലവിൽ ഏറ്റെടുത്തിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാനും നിശ്ചയിച്ചു.

സെന്റ് അലോഷ്യസ് എൽ.പി. സ്കൂൾ, പാണ്ടങ്കരി സ്കൂൾ ഹാൾ, സെന്റ് അലോഷ്യസ് ഹൈസ്കൂൾ ഓപ്പൺ എയർ ആഡിറ്റോറിയം, കോളേജിലെ ട്രാൻസ്ഫോർമർ ക്രമീകരണം

അടക്കമുള്ള നിർമ്മാണപ്രവർത്തനങ്ങൾ, ഇടവക ദൈവാലയത്തിന്റെ ശേഷിക്കുന്ന പണികൾ, സിമിത്തേരി പള്ളിയുടെ മെയിന്റനൻസ്, പുതിയ ഹാളിന്റെ ഫ്ളോറിംഗ്, പെയിന്റിംഗ്, വയറിംഗ് എന്നീ പ്രവർത്തികൾക്ക് ആവശ്യമായി വരുന്ന തുക സ്ഥിരനിക്ഷേപത്തിൽ നിന്ന് ലഭ്യമാക്കാൻ തീരുമാനിച്ചു.

2020-21 ലെ ബജറ്റിൽ, വരുമാനപരിമിതി കണക്കിലെടുത്ത് പ്രായോഗിക ഭേദഗതികൾ വരുത്താനും നിർമ്മാണം പൂർത്തിയായിവരുന്ന ഹാളിന്, യൂട്യൂബ് ചാനലിലൂടെ ഇടവകാംഗങ്ങൾ നിർദ്ദേശിച്ച പേരുകളിൽ നിന്ന് SAN GEO HAL എന്ന പേര് നൽകാനും തീരുമാനിച്ചു.

ആഗസ്റ്റ് 23 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ, സബ് കമ്മറ്റി കൺവീനേഴ്സ് എന്നിവർ യോഗം ചേർന്നു. സമ്പൂർണ്ണ പാരീഷ് കൗൺസിൽ യോഗം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആഗസ്റ്റ് 30 ന് നടത്തുവാനും പള്ളിയുടെ മുകളിലുള്ള വലിയ കുരിശ് LED LAMP ക്രമീകരിച്ച് മനോഹരമാക്കുവാനും നിർദ്ധനരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് മഹാജൂബിലി ആശുപത്രിയുമായി സഹകരിച്ച് നൽകിവരുന്ന 3 ലക്ഷം രൂപയുടെ ചികിത്സാസഹായം അനുവദിക്കാനും തീരുമാനിച്ചു.

ആഗസ്റ്റ് 30 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിൽ യോഗത്തിൽ നമ്മുടെ ഇടവകയിൽ നിയമിതനായ ബഹുമാനപ്പെട്ട വർഗ്ഗീസ് കൊച്ചുപറമ്പിൽ അച്ചന് സ്വാഗതം ആശംസിച്ചു. കോവിഡ് മൂലം മാറ്റിവയ്ക്കപ്പെട്ട മാർച്ച് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് പാസാക്കി. പൊതുയോഗം കൂടാൻ നിയമതടസ്സം ഉള്ളതിനാൽ 2019-20 സാമ്പത്തികവർഷത്തെ ആണ്ടുതെരട്ട് അവതരിപ്പിച്ച് അംഗീകാരം നേടി. മുന്നിരിപ്പ് 1,31,323.49 രൂപാ. തന്നാണ്ട് വരവ് 18,44,76,865.80 രൂപാ. തന്നാണ്ട് ചെലവ് 18,45,39,278.95 രൂപാ. നീക്കിയിരുപ്പ് 68,910.34 രൂപാ.

2020-21 സാമ്പത്തികവർഷത്തെ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടി. 6,67,02,585 രൂപാ വരവും 6,67,02,585 രൂപാ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അവതരിപ്പിച്ചത്. പള്ളിവക കടമുറികളുടെ മാസവാടക കൃത്യമായും കർശനമായും വാങ്ങാനും ടൗണിലെ പള്ളിവക കടമുറികളുടെ മെയിന്റനൻസ് കാര്യത്തിൽ വ്യക്തമായ എഗ്രിമെന്റ് വയ്ക്കാനും പള്ളിക്കാര്യത്തിൽ നിന്നുള്ള അനുമതിയോടുകൂടി മാത്രം അറ്റകുറ്റപ്പണി അനുവദിക്കാനും തീരുമാനിച്ചു.

**നവതി ആഘോഷം**

2020 ഫെബ്രുവരി 7 ന് ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് സംഘടിപ്പിക്കപ്പെട്ട അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ നവതി ആഘോഷപരിപാടികളിൽ നമ്മുടെ ഇടവകയെ പ്രതിനിധീകരിച്ച് വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം പങ്കെടുത്തു. ബഹുമാനപ്പെട്ട വൈദികർ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ, ഇടവകയുടെ വിവിധ സ്ഥാപനങ്ങളുടെ മേധാവികൾ, സംഘടനാ പ്രതിനിധികൾ, ഇടവകാംഗങ്ങൾ തുടങ്ങി നാല്പതോളം പേരാണ് സംഘത്തിലുണ്ടായിരുന്നത്.

**കർഷകരക്ഷാസംഗമവും നിയമസഭാമാർച്ചും**

കാർഷികപ്രശ്നങ്ങളോടുള്ള സർക്കാരിന്റെ അവഗണനയിൽ പ്രതിഷേധിച്ച് ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 2020 ഫെബ്രുവരി 10 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച കർഷകരക്ഷാസംഗമത്തിലും നിയമസഭാമാർച്ചിലും ഈ ഇടവകയിൽ നിന്ന് കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ, വിവിധ സംഘടനാ പ്രതിനിധികൾ, കർഷകരായ ഇടവകാംഗങ്ങൾ തുടങ്ങി 30 പേർ പങ്കെടുത്തു.

**ട്രഷറിയ്ക്ക് സ്ഥലം കൊടുത്ത് ഇടവക**

എടത്വായിൽ പ്രവർത്തിക്കുന്ന സർക്കാർ സബ്ട്രഷറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അമ്പലപ്പുഴ-എടത്വാ സംസ്ഥാനപാതയോരത്ത് പള്ളിവക 10 സെന്റ് സ്ഥലം ദാനമായി നൽകി. ടൗണിലുള്ള ബഹുനിലമന്ദിരത്തിന്റെ നാലാം നിലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പ്രായമായവർക്കും പെൻഷണേഴ്സിനും എത്തിച്ചേരുക വളരെ ദുഷ്കരമാണ്. ഈ ദുസ്ഥിതിക്ക് പരിഹാരം കാണുന്നതിന് സാമൂഹികപ്രതിബദ്ധതയോടെ എടത്വാപള്ളി മുന്നോട്ട് വരികയായിരുന്നു.

ഇക്കാര്യത്തിൽ ബഹുജനാഭിപ്രായവും അനുഭാവപൂർവ്വം പരിഗണിച്ചു. പള്ളിവക ഭൂമിയുടെ രേഖകൾ കൈമാറുന്ന ചടങ്ങ് 2020 ഫെബ്രുവരി 12 ന് യോഗശാലയിൽ വച്ച് നടന്നു. വികാരി പെരിയ ബഹുമാനപ്പെട്ട ഫാ.മാത്യു ചൂരവടി വസ്തുരേഖകൾ ആലപ്പുഴ ജില്ലാ ട്രഷറി ഓഫീസർക്ക് കൈമാറി. കൈക്കാരന്മാർ, എടത്വാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പൊതുപ്രവർത്തകർ, പാരീഷ് സെക്രട്ടറി, പെൻഷണേഴ്സ് പ്രതിനിധി, എടത്വാ സബ്ട്രഷറി ഓഫീസർ, പ്രോഗ്രാം കൺവീനർ

ബിൽബി മാത്യു കണ്ടത്തിൽ എന്നിവർ ആശംസകൾ നേർന്നു. പാരീഷ് കൗൺസിൽ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**മൂന്ന് ഭവനങ്ങൾക്ക് കല്ലിടീലും അടിത്തറ നിർമ്മാണവും**

ഇടവകയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമിയും ഭവനവും ഇല്ലാതെ വിഷമിക്കുന്നവരെ സഹായിക്കുന്നതിനായി 8 സെന്റ് സ്ഥലം പള്ളിക്കാര്യത്തിൽ നിന്ന് വാങ്ങി. റെവന്യൂ രേഖകൾ പ്രകാരം വികാരിയുടേയും മൂന്ന് പേരുടെയും സംയുക്ത പേരുകളിലാക്കി തുല്യമായി വീതിച്ച് നൽകി. 2020 മാർച്ച് 2 ന് മൂന്ന് വീടുകളുടെയും നിർമ്മാണത്തിന്റെ കല്ലിടീൽ കർമ്മം വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ നിർവ്വഹിച്ചു. കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കൂട്ടായ്മാ ലീഡേഴ്സ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ബാബു മത്തായി വള്ളോംതറ, ലൈസാ സിബിച്ചൻ കിഴക്കേ അമ്പിയായം, ത്രേസ്യാമ്മ പള്ളിച്ചിറ എന്നിവർക്കാണ് ഭൂമി വാങ്ങി വീടിന്റെ അടിത്തറ കെട്ടി മണ്ണിട്ട് ഉയർത്തി നൽകിയത്. ഇതിനുള്ള മൂലധനം സെന്റ് ജോർജ്ജ് സുവനീർഷോപ്പിന്റെ ഇതുവരെയുള്ള ലാഭത്തിൽ നിന്നുമാണ് കണ്ടെത്തിയത്.

**കെരിഗ്മാ 2020**

എടത്വാ ഫൊറോനാ കുടുംബക്കൂട്ടായ്മാ ലീഡർമാരുടെ സമ്മേളനം - കെരിഗ്മാ 2020 ഓൺലൈനായി സെപ്റ്റംബർ 28 ന് നടന്നു. 'സമുദായ പുനരുദ്ധാരണത്തിൽ കുടുംബക്കൂട്ടായ്മകളുടെ പങ്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച സൂം മീറ്റിംഗ് അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട ഫാ.ജെയിംസ് കൊക്കാവയലിൽ സമുദായബോധത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ജെന്നി കായംകുളത്തുശ്ശേരി അച്ചൻ കോർഡിനേറ്ററായി പ്രവർത്തിച്ചു. എടത്വാ ഇടവകയിൽ നിന്നും പാരീഷ് സെക്രട്ടറിയും എടത്വാ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററും ചർച്ചയുടെ അവസരത്തിൽ അഭിപ്രായങ്ങൾ പങ്കുവച്ചു. ഫൊറോനാതല സൂം മീറ്റിംഗിന് നേതൃത്വം നൽകിയ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ സമാപന ആശീർവ്വാദം നൽകി.

**പഞ്ചവത്സര അജപാലനപദ്ധതി**

അതിരൂപതയിലെ പഞ്ചവത്സര അജപാലനപദ്ധതിയുടെ ഭാഗമായി ഓരോ ഇടവകയുടെയും ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് വേണ്ടി ഒരു പ്രാർത്ഥനാ യജ്ഞം അതിരൂപതാ അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. അതിരൂപതയുടെ പരിധിയിൽ വരുന്ന സന്യാസസമൂഹങ്ങളുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണിത്. അതനുസരിച്ച് നമ്മുടെ ഇടവകയുടെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നിയോഗിച്ചിരിക്കുന്നത് പുളിങ്കുന്നിൽ പ്രവർത്തിക്കുന്ന കർമ്മലീത്താ മഠാംഗങ്ങളെയാണ്. പ്രാർത്ഥനാ സഹായം ലഭ്യമാക്കിയ അഭിവന്ദ്യ പെരുന്തോട്ടം പിതാവിനെയും ബഹുമാനപ്പെട്ട കർമ്മലീത്താ സിസ്റ്റേഴ്സിനെയും എടത്വാ ഇടവക നന്ദിയോടെ അനുസ്മരിക്കുന്നു. ഒപ്പം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**പുതിയ കൈക്കാരന്റെ സത്യപ്രതിജ്ഞ**

2020-21 സാമ്പത്തികവർഷത്തേയ്ക്കുള്ള ആദ്യകൈക്കാരനായി പാരീഷ് കൗൺസിൽ അംഗീകാരം നൽകിയ പി.കെ. ഫ്രാൻസിസ് കണ്ടത്തിൽപ്പറമ്പിൽ പത്തിൽ ഇടവകദൈവാലയത്തിൽ വച്ച് മെയ് 17 ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു. വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ സത്യവാചകം ചൊല്ലിക്കൊടുത്തു. സ്ഥാനമൊഴിയുന്ന കൈക്കാരൻ ലോനപ്പൻ തോമസ് തെള്ളിയിൽ താക്കോലും രേഖകളും പുതിയ കൈക്കാരന് കൈമാറി. വികാരിയച്ചൻ സ്ഥാനമൊഴിയുന്ന കൈക്കാരന്റെ ശുശ്രൂഷകൾക്ക് നന്ദി പ്രകാശിപ്പിക്കുകയും പുതിയ കൈക്കാരന് ആശംസകൾ നേരുകയും ചെയ്തു.

**മേടം തിരുനാൾ**

എടത്വാ പള്ളിയുടെ ചരിത്രത്തിലെ വളരെ പ്രത്യേകതയുള്ള മേടം തിരുനാളിനാണ് 2020 സാക്ഷ്യം വഹിച്ചത്. ലോകത്തു പടർന്നുപിടിച്ച കോവിഡ് 19 എന്ന മഹാമാരി കേരളത്തെ ഗ്രസിച്ചതിനെത്തുടർന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പുറപ്പെടുവിച്ച കോവിഡ് പ്രോട്ടോക്കോളും അനുബന്ധ നിബന്ധനകളും പരമ്പരാഗതമായി നാം സ്വീകരിച്ചുപോന്ന എടത്വാ പെരുന്നാളിന്റെ ആഘോഷരീതികളേയും നടത്തിപ്പിനേയും ബാധിച്ചു. ആഘോഷമായ എടത്വാ പെരുന്നാൾ എന്ന സ്വപ്നത്തിൽ നിന്ന് ലളിതമായ തിരുനാൾ നടത്തിപ്പ് എന്ന യാഥാർത്ഥ്യത്തിലേയ്ക്ക് ചുവടുമാറാൻ നിർബന്ധിതരായി.

2020 ഏപ്രിൽ 23 ന് യോഗശാലയിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ എടത്വാപെരുന്നാൾ സംബന്ധിച്ച വിശദാംശങ്ങളും ലളിതമായി നടത്താനുള്ള തീരുമാനങ്ങളും വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ

മാധ്യമപ്രവർത്തകരെ അറിയിച്ചു. ജനസാന്നിദ്ധ്യം ഒഴിവാക്കുന്നതുകൊണ്ട് മാധ്യമങ്ങൾ 2020 ലെ എടത്വാ പെരുന്നാളിന്റെ വാർത്തകൾ ജനങ്ങളിലെത്തിക്കാൻ എല്ലാ പിന്തുണയും നൽകണമെന്ന് അഭ്യർത്ഥിച്ചു.

2020 ഏപ്രിൽ 27 ന് കൈക്കാരന്മാർ, തിരുനാൾ ജനറൽ കൺവീനർ, ശുശ്രൂഷികൾ എന്നിവരുടെ മാത്രം സാന്നിദ്ധ്യത്തിൽ വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചന്റെ കാർമ്മികത്വത്തിൽ കൊടിയേറ്റ് നടന്നു. ഏപ്രിൽ 27 മുതൽ മെയ് 7 വരെയുള്ള ദിവസങ്ങളിൽ രാവിലെ 7 മണിയ്ക്ക് വി.ഗീവർഗ്ഗീസിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും വി.കുർബാനയും ക്രമീകരിച്ചു. വിവിധ ദിവസങ്ങളിലെ വി.കുർബാനയ്ക്ക് ബഹുമാനപ്പെട്ട ഫാ.ജോസഫ് പുതിയിടം, ഫാ.ജോസഫ് ചെമ്പിലകം, ഫാ.ജോസ് മാത്യു എസ്.ജെ., ഫാ.അലോഷ്യസ് വല്ലാത്തറ, ഫാ.അഗസ്റ്റിൻ തൈപ്പറമ്പിൽ, ഫാ.ജോസഫ് ബംഗ്ലാവുപറമ്പിൽ, ഫാ.ജെയിംസ് മാളിയേയ്ക്കൽ, ഫാ.സെബാസ്റ്റ്യൻ കണ്ണാടിപ്പാറ, ഫാ.വർഗ്ഗീസ് പ്ലാംപറമ്പിൽ എന്നിവർ കാർമ്മികത്വം വഹിച്ചു.

പ്രധാന തിരുനാൾ ദിനമായ മെയ് 7 ന് വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചന്റെ കാർമ്മികത്വത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനയും വി.കുർബാനയും നടന്നു. തുടർന്ന് കൊടിയിറക്കി.

കോവിഡ് ബാധ ഉയർത്തിയ വെല്ലുവിളികൾക്കിടയിലും 2020 ലെ എടത്വാ തിരുനാൾ, ലളിതമായ രീതിയിൽ ആണെങ്കിലും നടത്താൻ സാധിച്ചത് ലക്ഷക്കണക്കിന് ഭക്തർക്ക് ആഗ്രഹസാഫല്യത്തിന് ഇടയാക്കി. ഭൗതികതല ആഘോഷങ്ങൾ ഒഴിവാക്കപ്പെട്ടപ്പോഴും ആത്മീയശുശ്രൂഷകളിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചതിൽ അനേകർ സന്തുഷ്ടി രേഖപ്പെടുത്തി. പള്ളിയുടെ ഔദ്യോഗിക യൂടൂബ് ചാനലിലൂടെയും അല്ലാതെയും ലഭിച്ച ആയിരക്കണക്കിന് പ്രതികരണങ്ങൾ ഈ വസ്തുത ശരിവയ്ക്കുന്നു. വി.ഗീവർഗ്ഗീസിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഏറ്റുകഴിക്കുന്നതിന് ഓൺലൈൻ വഴി പണം അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നത് വിശ്വാസികളെ ഏറെ സഹായിച്ചു.

തിരുനാൾ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികർ, സഹകരണം നൽകിയ സിസ്റ്റേഴ്സ്, ശുശ്രൂഷികൾ, ഗായകസംഘാംഗങ്ങൾ എന്നിവർക്ക് നന്ദി.

പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചന്റെ നേതൃത്വത്തിൽ ജനസാന്നിദ്ധ്യം ഒഴിവാക്കി സർക്കാർ നിബന്ധനകൾ പാലിച്ച് ലളിതമായി നടത്തപ്പെട്ട 2020 ലെ മേടം തിരുനാളിന് പിന്തുണ നൽകിയ കൈക്കാരന്മാർ, ജനറൽ കൺവീനർ, സബ് കമ്മിറ്റി കൺവീനേഴ്സ്, പാരീഷ് കമ്മിറ്റി അംഗങ്ങൾ, ഇടവകാംഗങ്ങൾ, മാധ്യമപ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**നന്ദിയും ആശംസയും**

2019-20 സാമ്പത്തികവർഷത്തിൽ എടത്വാ സെന്റ് ജോർജ്ജ് ഇടവക ദൈവാലത്തിന്റെ കൈക്കാരന്മാരായി ശുശ്രൂഷ ചെയ്യുകയും ഇടവകയുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കായി അക്ഷീണം പ്രവർത്തിക്കുകയും ചെയ്ത ജോർജ്ജുകുട്ടി തോമസ് പീടികപ്പറമ്പിൽ, മത്തായി ജോസഫ് പരുമൂട്ടിൽ, ലോനപ്പൻ തോമസ് തെള്ളിയിൽ എന്നിവരോടുള്ള പാരീഷ് കൗൺസിലിന്റെയും ഇടവകയുടെയും നന്ദി അറിയിക്കുന്നു.

2020-21 സാമ്പത്തികവർഷത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പി.കെ.ഫ്രാൻസിസ് കണ്ടത്തിൽപറമ്പിൽ പത്തിൽ, ബിബിൻ ജോബ് പോളയ്ക്കൽ, ബിൽബി മാത്യു കണ്ടത്തിൽ എന്നിവർക്ക് എല്ലാ പ്രവർത്തനവിജയങ്ങളും ആശംസിക്കുന്നു.

**ഉപസംഹാരം**

കൊറോണാ ഉയർത്തിയ പ്രതിസന്ധികൾക്കിടയിലും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ശ്രദ്ധാപൂർവ്വമായ ചുവടുവയ്പുകളിലൂടെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ അഭിസംബോധന ചെയ്യാനും പരിഹരിക്കാനുമുള്ള ആത്മാർത്ഥമായ ശ്രമങ്ങളാണ് വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചന്റെ നേതൃത്വത്തിൽ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും ശക്തമായ പിന്തുണയോടെ ഇടവകയിൽ നടന്നുകൊണ്ടിരിക്കുന്നത്.

നിയന്ത്രണങ്ങൾ നിലവിൽവന്ന കൊറോണാ കാലഘട്ടത്തിലും വിശുദ്ധ ബലിയിലൂടെയും പ്രാർത്ഥനയിലൂടെയും കൗദാശികശുശ്രൂഷയിലൂടെയും ആത്മീയനേതൃത്വം നൽകിയ ബഹുമാനപ്പെട്ട വികാരിയച്ചനെയും സഹവൈദികരെയും നന്ദിയോടെ ഓർക്കാം.

പ്രതിസന്ധികൾ മറികടക്കാനുള്ളതാണ് എന്ന മനോഭാവം വച്ചുപുലർത്താം. കർത്തൃകരത്തിന്റെ രക്ഷാകരശക്തിയിൽ നമുക്ക് ആശ്രയിക്കാം. ആശങ്കകൾ നീങ്ങിപ്പോകുന്നതിനും ഇടവക ദൈവാലയത്തോടു ചേർന്നുള്ള കൂട്ടായ്മാജീവിതം പൂർണ്ണതോതിൽ സാധ്യമാകുന്നതിനും പ്രാർത്ഥനയിൽ നമുക്കൊരുമിക്കാം.

■■

# അമ്മ ഈശോയിലേക്കുള്ള വഴി



**ഫാ.വർഗ്ഗീസ് കൊച്ചുപറമ്പിൽ**

പരിശുദ്ധ അമ്മയുടെ ഒരു പ്രത്യേക സവിശേഷതയാണ് അവൾ മറ്റുള്ളവരെ സഹായിക്കുവാൻ തല്പരയായിരുന്നു എന്നുള്ളത്. തന്റെ ഇളയമ്മയായ ഏലീശ്വാ ഗർഭിണിയായി എന്ന വാർത്ത കേട്ടപ്പോൾ അമ്മ തിടുക്കത്തിൽ തന്റെ ഇളയമ്മയെ ശുശ്രൂഷിക്കാൻ പുറപ്പെട്ടു. തന്നിലൂടെ മറ്റുള്ളവരിലേക്ക് ദൈവത്തെ എത്തിക്കുവാൻ പരി.അമ്മ ഇവിടെ ശ്രമിക്കുകയാണ്. പരി.അമ്മയെപ്പോലെ മറ്റുള്ളവരെ സഹായിക്കുവാൻ നാം താല്പര്യം കാണിക്കണം.

പരിശുദ്ധ കന്യകാമറിയം, മിശിഹായുടെ അമ്മയാണ്. നമ്മുടെ ഓരോരുത്തരുടെയും അമ്മയാണ്. നമുക്കുവേണ്ടി തന്റെ തിരുക്കുമാരനോട് അവൾ നിരന്തരം മാധ്യസ്ഥം വഹിക്കുന്നുണ്ട്. അമ്മയുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നവരെ അമ്മ ഒരിക്കലും കൈവെടിയില്ല. പരിശുദ്ധ അമ്മയെക്കുറിച്ച് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ അമ്മയുടെ ചില സവിശേഷതകൾ നമ്മുടെയും ജീവിതത്തിന്റെ ഭാഗമാക്കുവാൻ നമുക്ക് കടമയുണ്ട്. ജപമാല മാസം പരിശുദ്ധ അമ്മയെ സവിശേഷമായി ഓർമ്മിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ ജീവിതം പരിശോധിക്കുമ്പോൾ നമുക്ക് കുറേയേറെ സ്വഭാവസവിശേഷതകൾ കണ്ടെത്താൻ സാധിക്കും.

ശ്രദ്ധേയമായ രണ്ടു സവിശേഷതകളെക്കുറിച്ച് ഇപ്പോൾ ചിന്തിക്കാം.

1. പരിശുദ്ധ അമ്മ മറ്റുള്ളവരെ സഹായിക്കുവാൻ താല്പര്യം ഉള്ളവളായിരുന്നു.

പരിശുദ്ധ അമ്മയുടെ ഒരു പ്രത്യേക സവിശേഷതയാണ് അവൾ മറ്റുള്ളവരെ സഹായിക്കുവാൻ തല്പരയായിരുന്നു എന്നുള്ളത്. തന്റെ ഇളയമ്മയായ ഏലീശ്വാ ഗർഭിണിയായി എന്ന വാർത്ത കേട്ടപ്പോൾ അമ്മ തിടുക്കത്തിൽ തന്റെ ഇളയമ്മയെ ശുശ്രൂഷിക്കാൻ പുറപ്പെട്ടു. തന്നിലൂടെ മറ്റുള്ളവരിലേക്ക് ദൈവത്തെ എത്തിക്കുവാൻ പരി.അമ്മ ഇവിടെ ശ്രമിക്കുകയാണ്. പരി.അ

മ്മയെപ്പോലെ മറ്റുള്ളവരെ സഹായിക്കുവാൻ നാം താല്പര്യം കാണിക്കണം. അത് സമ്പത്ത് നൽകി മാത്രമല്ല മറിച്ച് നമ്മുടെ സമയവും നമ്മുടെ ആരോഗ്യവും അവർക്കായി വ്യയം ചെയ്യുന്നതിലൂടെയാണ്. കാനായിലെ കല്യാണവിരുന്നിലും ആവശ്യം കണ്ടറിഞ്ഞ് അമ്മ അവർക്ക് സഹായം ലഭ്യമാക്കി.

2. പരിശുദ്ധ അമ്മ മറ്റുള്ളവരുടെ ജീവിതത്തിൽ രുചി പകരുന്ന ഉപ്പായി പ്രവർത്തിച്ചു.

കാനായിൽ കല്യാണദിവസം വീഞ്ഞ് തീർന്നുപോയപ്പോൾ അത് അരുചിക്ക് കാരണമാകാതെ തന്റെ മകനോട് പറഞ്ഞ് അവർക്ക് മേൽത്തരം വീഞ്ഞ് നൽകി അവരുടെ ജീവിതത്തിൽ രുചിയായി മാറി. വേണമെങ്കിൽ അമ്മക്ക് ഒഴിഞ്ഞുമാറാമായിരുന്നു. അതുമല്ലെങ്കിൽ അവരെ കുറ്റപ്പെടുത്താമായിരുന്നു. പക്ഷേ അമ്മ അതിനൊന്നും തുനിഞ്ഞില്ല. പകരം തന്റെ പുത്രനിലൂടെ അവരുടെ ജീവിതത്തിൽ രുചിയായി മാറി. കുറവുകളെ നിറവുകളാക്കുന്നവനിലൂടെ അവരുടെ ജീവിതത്തിന് സ്വാദേകി. നാമും ഇതുപോലെ മറ്റുള്ളവരുടെ ജീവിതത്തിൽ സ്വാദായി മാറണം.

പരിശുദ്ധ അമ്മയുടെ ഈ സവിശേഷതകൾ നമുക്ക് ഹൃദയത്തിൽ സ്വീകരിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കാം. പരിശുദ്ധ അമ്മവഴി നമുക്ക് ഈശോയോട് പ്രാർത്ഥിക്കാം. അതിനുള്ള എളുപ്പവഴിയാണ് ജപമാല. ആര് ജപിക്കുന്നുവോ അവരെയും, ആർക്കുവേണ്ടി ജപിക്കുന്നുവോ അവരെയും ശുദ്ധീകരിക്കുന്ന അതിവിശിഷ്ടമായ പ്രാർത്ഥനയാണ് ജപമാല എന്ന് വി. ജോൺമരിയാ വിയാനി പറയുന്നു. ഒരു ക്രൈസ്തവകുടുംബത്തിന്റെ ഏറ്റവും ശക്തമായ ആയുധം ജപമാലയാണ്. ഉരുളുന്ന ജപമാല മണികൾക്കൊപ്പം നമ്മുടെ ജീവിതത്തെയും നമുക്ക് ദൈവത്തിങ്കലേക്ക് ഉയർത്താം. റോസാപ്പൂവ് പൂക്കളുടെ രാജ്ഞിയാണെങ്കിൽ റോസറി (ജപമാല) എല്ലാ ഭക്തികളുടെയും റോസാപുഷ്പമാണ്. ജപമാലക്ക്, ആന്തരികമുറിവുകൾ ഉണക്കി ദൈവകൃപയാൽ തിരുമുറിവുകളാക്കി രൂപാന്തരപ്പെടുത്തുവാനുള്ള കഴിവുണ്ട്. ജപമാല ഭക്തിപൂർവ്വം അർപ്പിക്കുന്നതുവഴി നിരവധി അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് പരിശുദ്ധ കന്യാമറിയം വി.ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ടപ്പോൾ വാഗ്ദാനമായി നൽകി.

- കൃപയുടെ അടയാളങ്ങൾ കാണിച്ചുകൊടുക്കും.
- ജപമാല നരകത്തിനെതിരായ ആയുധമായിരിക്കും. അത് അധർമ്മത്തെ തകർക്കും. പാപം കുറയ്ക്കും.
- നന്മയും സൽപ്രവർത്തികളും തഴച്ചുവളരും.
- സ്വർഗ്ഗത്തിൽ വലിയ മഹത്വം നൽകും.
- ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതെല്ലാം നൽകപ്പെടും.
- ജപമാല ചൊല്ലുന്നവർക്ക് ദൗർഭാഗ്യങ്ങൾ ഉണ്ടാവുകയില്ല.

പ്രിയമുള്ളവരെ നമുക്ക് ജപമാല ഭക്തിയിൽ വളരാം. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ശീലമാക്കാം. ജപമാലയിലൂടെ മറിയത്തോടും അതുവഴി ഈശോയോടും അടുക്കാം. ഏത് ആപത്തുകളിലും നമ്മെ രക്ഷിക്കുന്ന അമ്മയുടെ സഹായം ജപമാല ചൊല്ലുന്നതിലൂടെ ലഭിക്കും. ഉണ്ണീശോ കല്ലിൽ തട്ടി വീഴുമ്പോൾ ഓടിവന്ന് കോരിയെടുക്കുന്ന അമ്മച്ചിത്രം ഒരു ഓർമ്മപ്പെടുത്തലാണ്, നിന്നെ ലോകം തട്ടി വീഴ്ത്തുമ്പോൾ കോരിയെടുക്കാൻ നിനക്ക് ഒരു അമ്മയെ തന്നിട്ടുണ്ടെന്ന കാൽവരി മലയിലെ ഓർമ്മച്ചിത്രം - പരിശുമ്മ അമ്മയെന്ന മനോഹരചിത്രം മനസ്സിൽ സൂക്ഷിക്കാം

■ ■



''പാവപ്പെട്ടവരിൽ ഈശോയെ ദർശിക്കേണ്ടതിന് വി.കുർബാനയിൽ അവിടുത്തെ നാം കാണേണ്ടിയിരിക്കുന്നു.''
*വി. മദർതെരേസ*

# ഇടവകയും കുരിശുപള്ളികളും





## 1. സെന്റ് ജോർജ്ജ് ഫൊറോനാപള്ളി, എടത്വാ

**മകരം തിരുനാൾ**

പരിശുദ്ധ കന്യാമറിയത്തിന്റെയും മാർ യൗസേപ്പ് പിതാവിന്റെയും ദർശനത്തിരുനാൾ 2020 ജനുവരി 27 ന് ആരംഭിച്ചു. കൊടിയേറ്റിനും തുടർന്ന് വി.കുർബാനയ്ക്കും വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ കാർമ്മികത്വം വഹിച്ചു. മരിച്ചുപോയ പ്രിയപ്പെട്ടവരെ പ്രത്യേകമായി അനുസ്മരിച്ചുകൊണ്ട് ജനുവരി 28 ന് ബഹുമാനപ്പെട്ട ഫാ.വർഗ്ഗീസ് എടച്ചേത്ര വി.ബലിയർപ്പിച്ചു. തുടർന്ന് കബറിടങ്ങൾ അലങ്കരിക്കപ്പെട്ട സെമിത്തേരിയിൽ ഒപ്പീസ് പ്രാർത്ഥന നടന്നു. ജനുവരി 29 ന് കുടുംബങ്ങളുടെ മധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു. ബഹുമാനപ്പെട്ട ഫാ.ഫ്രാൻസിസ് അമ്പലത്തുംപറമ്പിൽ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന പ്രദക്ഷിണത്തിന് ബഹുമാനപ്പെട്ട ഫാ.ജോസഫ് പുതിയിടം കാർമ്മികത്വം വഹിച്ചു. ജനുവരി 30 ന് അതിരൂപതാ ഹൗസ് പ്രൊക്കുറേറ്റർ ബഹുമാനപ്പെട്ട ഫാ.ചെറിയാൻ കക്കുഴി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. അന്നേ ദിവസം ദർശനസമൂഹാംഗങ്ങൾക്ക് സ്നേഹവിരുന്നും പ്രസുദേന്തിയെ വാഴിക്കൽ ചടങ്ങും നടന്നു. ജനുവരി 31 ലെ തിരുക്കർമ്മങ്ങൾക്ക് ബഹുമാനപ്പെട്ട ഫാ.തോമസ് കാഞ്ഞിരവേലിൽ നേതൃത്വം നൽകി. ദിവ്യകാരുണ്യപ്രദക്ഷിണവും നടന്നു.

ഫെബ്രുവരി ഒന്നിന് ചങ്ങനാശ്ശേരി അതിരൂപതയിലെ നവവൈദികർ ചേർന്ന് ദിവ്യബലിയർപ്പിച്ചു. തുടർന്ന് ജപമാലപ്രദക്ഷിണവും നടന്നു. ജപമാല വീഥിയലങ്കാരത്തിൽ സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ജപമാലപ്രദക്ഷിണത്തിന് ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചൻ നേതൃത്വം നൽകി. വീഥിയലങ്കാര മത്സരത്തിലെ വിജയികൾക്ക് വികാരിയച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

പ്രധാനതിരുനാൾ ദിനമായ ഫെബ്രുവരി 2 ന് ബഹുമാനപ്പെട്ട തോമസ് പാറത്താനം അച്ചന്റെ നേതൃത്വത്തിൽ ആഘോഷമായ റാസ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ബിജോയി അറയ്ക്കൽ അച്ചൻ തിരുനാൾ സന്ദേശം നൽകി. തിരുനാൾ പ്രദക്ഷിണത്തിന് ബഹുമാനപ്പെട്ട അലോഷ്യസ് വല്ലാത്തറ അച്ചൻ കാർമ്മികത്വം വഹിച്ചു. തിരുനാളിന്റെ കൊടിയിറക്ക് കർമ്മം വികാരിയച്ചൻ നിർവ്വഹിച്ചു. ബഹുമാനപ്പെട്ട ജോസഫ് ബംഗ്ലാവുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ മരിയാപുരം വിശ്വാസസമൂഹമാണ് 2020 ലെ മകരപ്പെരുന്നാൾ ഏറ്റുനടത്തിയത്.

**കൂട്ടായ്മാ ലീഡേഴ്സ് മീറ്റ്**

2020 മാർച്ച് 01 ന് ഇടവകയിലെ കൂട്ടായ്മാ ലീഡേഴ്സിന്റെ സമ്മേളനം വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ബ്രദർ ഷോജൻ അറയ്ക്കൽ എടത്വാ ബൈബിൾ കൺവൻഷന് മുന്നോടിയായുള്ള ആത്മീയ ഒരുക്കം സംബന്ധിച്ച് ക്ലാസ്സെടുത്തു. തുടർന്ന് ബഹുമാനപ്പെട്ട ജെയിംസ് കൊക്കാവയലിൽ അച്ചൻ സമുദായചിന്തയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തി. ക്രൈസ്തവസമൂഹത്തിന് ന്യൂനപക്ഷകമ്മീഷൻ മുഖാന്തരം ലഭിക്കാൻ അർഹതയുള്ള ആനുകൂല്യങ്ങളേക്കുറിച്ച് സംസാരിച്ചു. ഇടവകതലത്തിൽ ഹെൽപ് ഡെസ്ക്ക് രൂപീകരിച്ച് പ്രവർത്തിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് മാത്യു ജോസഫ് എട്ടിൽ, ബിൽബി മാത്യു കണ്ടത്തിൽ, റെജിമോൾ കെ.ബിജു കണ്ണംകുളങ്ങര എന്നിവരെ തെരഞ്ഞെടുത്തു.

**സകല മരിച്ചവരുടെയും തിരുനാൾ**

ദനഹാക്കാലത്തിന്റെ അവസാനവെള്ളിയാഴ്ചയായ ഫെബ്രുവരി 21 ന് സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. വൈകുന്നേരം 4 മണിയ്ക്ക് നടന്ന വി.കുർബാനയ്ക്ക് ശേഷം സിമിത്തേരിയിൽ ഒപ്പീസ് പ്രാർത്ഥന നടത്തി. ബന്ധുക്കൾ പരേതരുടെ കല്ലറകൾ പൂക്കൾകൊണ്ട് അലങ്കരിച്ചിരുന്നു.

**വലിയനോമ്പാചരണം**

2020 ലെ വലിയനോമ്പ് ഫെബ്രുവരി 24 ന് ആരംഭിച്ചു. സാധാരണ തിരുക്കർമ്മങ്ങൾക്ക് പുറമേ നോമ്പുകാലത്തെ വ്യാഴാഴ്ചകളിൽ വൈകുന്നേരം പരിശുദ്ധ കുർബാനയുടെ ആരാധനയും വെള്ളിയാഴ്ചകളിൽ വി.കുരിശിന്റെ വഴിയും ക്രമീകരിച്ചു. കോവിഡ് നിയന്ത്രണങ്ങൾ കർക്കശമായപ്പോൾ മാർച്ച് അവസാനത്തോടെ പൊതുജന പങ്കാളിത്തത്തോടെയുള്ള അനുഷ്ഠാനങ്ങൾ നിർത്തിവച്ചു. ഓശാന ഞായർ, പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി, ഈസ്റ്റർ ദിനതിരുക്കർമ്മങ്ങൾ ദൈവാലയം അടച്ചിരുന്നതിനാൽ ഒഴിവാക്കി. ഓരോ ദിവസത്തിലും ബഹുമാനപ്പെട്ട വൈദികർ ഓൺലൈനിലൂടെ വലിയ ആഴ്ചാ സന്ദേശങ്ങൾ ഇടവക സമൂഹത്തിന് നൽകിക്കൊണ്ടിരുന്നു.



**യൂട്യൂബ് ചാനൽ Edathua Palli Official**

നമ്മുടെ ദൈവാലയത്തിന് സ്വന്തമായ യൂട്യൂബ് ചാനൽ എന്ന സ്വപ്നം 2020 മാർച്ചോടെ സാക്ഷാത്കരിക്കപ്പെട്ടു. പാരീഷ് കൗൺസിലിനോട് ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മീഡിയാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ശ്രമങ്ങളുടെ വിജയമാണ് ഇത്.

ചുരുങ്ങിയ കാലം കൊണ്ട് നാലായിരം പേർ സബ്സ്ക്രൈബ് ചെയ്യുകയും മൂന്നുലക്ഷത്തിലധികം പേർ വീഡിയോകൾ കാണുകയും ചെയ്തു എന്നത് ചാനലിന് ലഭിച്ച പിന്തുണ വെളിപ്പെടുത്തുന്നു. ഔദ്യോഗികമായ വെബ്സൈറ്റും ഫേസ്ബുക്ക്, വാട്ട്സ്ആപ്പ് അക്കൗണ്ടുകളും പ്രവർത്തനക്ഷമമാണ്. ഈ സംവിധാനങ്ങൾ മുഖാന്തരം ദൈവാലയശുശ്രൂഷകൾ തത്സമയം ഇടവകജനങ്ങളിലെത്തിക്കാൻ സാധിക്കുന്നു എന്നത് ശ്രദ്ധേയമായ നേട്ടമാണ്. മേടം തിരുനാൾ തിരുക്കർമ്മങ്ങൾ, വിശുദ്ധവാരസന്ദേശങ്ങൾ, വിവിധ അനുസ്മരണദിനങ്ങളിലെ ശുശ്രൂഷകൾ തുടങ്ങിയവ വീടുകളിൽ കഴിയുന്ന വിശ്വാസികൾക്ക് ലഭ്യമാക്കിയത് ഇതിനുദാഹരണമാണ്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ സമയോജിതമായ ആശയവിനിമയം സാധ്യമാക്കിയ യൂട്യൂബ് ചാനൽ, ഇടയനും ദൈവജനവുമായുള്ള ബന്ധത്തെ നിലനിർത്തുന്നതിൽ ഏറെ നിർണ്ണായകമായ പങ്ക് വഹിച്ചു.

ഓരോ വെള്ളിയാഴ്ചയിലും വിശുദ്ധ ഗീവർഗ്ഗീസ് സഹദായോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഏറ്റുകഴിക്കുന്നവരുടെ പേരുവിവരങ്ങൾ പള്ളിയുടെ വെബ്സൈറ്റിലൂടെ മുൻകൂട്ടി അറിയിക്കുന്ന രീതി നടപ്പിലാക്കി. (www.edathuachurch.in എന്ന പള്ളിയുടെ വെബ്സൈറ്റിൽ News & Events പരിശോധിക്കുക) സാങ്കേതികത്തികവോടെ ചാനൽ യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**അതിരൂപതാ മഹായോഗം**

2020 ഡിസംബർ 16 മുതൽ 19 വരെ നടക്കുന്ന അതിരൂപതാ മഹായോഗം ഒരു നൂതന കാൽവെയ്പാണ്. ക്രിസ്തീയ വിളി സഭയിലും സമൂഹത്തിലും എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഈ പഠനയജ്ഞം സഭാമക്കളിൽ പുത്തനുണർവ്വ് പകരാൻ ലക്ഷ്യം വയ്ക്കുന്നു. പ്രസ്തുത

പരിപാടിയിൽ അതിരൂപതാതല നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എടത്വാ ഇടവകയും ക്രിയാത്മകമായി പങ്കുചേരുന്നു.

ശരിയായ ആത്മബോധം, മാതൃകാപരമായ ജീവിതനവീകരണം, ഫലപ്രദമായ സുവിശേഷ സാക്ഷ്യം എന്നീ ത്രിവിധ മാർഗ്ഗങ്ങളിലൂടെ വിശ്വാസിയുടെ വിളിയും ദൗത്യവും തിരിച്ചറിഞ്ഞ് മുന്നേറാൻ ആഹ്വാനം ചെയ്യുന്ന ഈ പഠനപ്രക്രിയയുടെ ഭാഗമായി സൺഡേസ്കൂൾ, യുവദീപ്തി തുടങ്ങിയ ഇടവകയുടെ പ്രസ്ഥാനങ്ങൾ, നിർദ്ദേശിച്ചിരുന്ന പാഠ്യമേഖലകൾ വിചിന്തനത്തിന് വിധേയമാക്കുകയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.

**യാത്രയയപ്പും സ്വാഗതവും**

നമ്മുടെ ഇടവകയിൽ ഒരു വർഷത്തിലധികം ശുശ്രൂഷ ചെയ്ത ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന് ജൂലൈ 22 ന് വി.കുർബാനയ്ക്ക് ശേഷം ദൈവാലയത്തിൽ വച്ച് യാത്രയയപ്പ് നൽകി. വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ അദ്ധ്യക്ഷം വഹിച്ചു. ബഹുമാനപ്പെട്ട ഫാ.ജോസഫ് പുതിയിടം, കൈക്കാരൻ, പാരീഷ് സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, യുവദീപ്തി പ്രസിഡന്റ് എന്നിവർ ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന് നന്ദിയും ആശംസകളും നേർന്നു. യാത്രയയപ്പ് പള്ളിയുടെ യൂടൂബ് ചാനലിലൂടെ തൽസമയം സംപ്രേക്ഷണം ചെയ്തത് വിശ്വാസികൾക്ക് കോവിഡ് നിബന്ധന പാലിച്ച് വീട്ടിലിരുന്ന് ചടങ്ങിൽ പങ്കെടുക്കാൻ സഹായകമായി. ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചൻ ആലപ്പുഴ പഴവങ്ങാടി മാർസ്ലീവാ ഫൊറോനാ പള്ളിയിലേയ്ക്ക് ആണ് സ്ഥലം മാറിപ്പോയത്.

വെരൂർ ഇടവകയിലെ ശുശ്രൂഷകൾക്കുശേഷം എടത്വാ ഇടവകയിൽ നിയമിതനായ ബഹുമാനപ്പെട്ട വർഗ്ഗീസ് കൊച്ചുപറമ്പിലച്ചനെ സ്വാഗതം ചെയ്തു.

**കോവിഡ് പ്രോട്ടോക്കോൾ ഇടവകദൈവാലയത്തിൽ**

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയവും ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. വിശുദ്ധ ബലിയ്ക്കും തിരുക്കർമ്മങ്ങൾക്കും എത്തുന്നവരെ തെർമ്മൽ സ്കാനർ ഉപയോഗിച്ച് ടെമ്പറേച്ചർ അളന്നശേഷം പേരും വീട്ടുപേരും ഫോൺനമ്പരും രേഖപ്പെടുത്തി സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുചീകരിച്ച് പ്രവേശിപ്പിക്കുന്നു. പള്ളിക്കുള്ളിൽ സാമൂഹിക അകലം പാലിച്ച് വിശ്വാസികളെ നിർത്തുന്നു. അതിനനുസരിച്ച് പള്ളിയിലെ ഇരിപ്പിടങ്ങൾ അകലം പാലിച്ച് ക്രമീകരിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള നിശ്ചിതഎണ്ണം ആളുകളെ പ്രവേശിപ്പിച്ചതിന് ശേഷം വാതിൽ അടയ്ക്കുകയും തിരുക്കർമ്മങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു.

നിശ്ചിതദിവസങ്ങൾ ഇടവിട്ട് പള്ളിയുടെ ഉൾവശവും പരിസരവും അണുവിമുക്തമാക്കി സൂക്ഷിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി പള്ളിക്കുള്ളിലെ കാർപ്പെറ്റ് നീക്കം ചെയ്തു. പള്ളിയുടെ ഒരു ഗേറ്റിലൂടെ മാത്രം മുറ്റത്തേയ്ക്ക് ആളുകളെ പ്രവേശിപ്പിക്കുന്നു. ഗേറ്റിന് സമീപത്ത് തന്നെ കൈകൾ ശുചിയാക്കാൻ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. കോവിഡ് 19 ന്റെ സുരക്ഷാനിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ് നിശ്ചിതസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വിവാഹം, മൃതസംസ്കാരം, മാമ്മോദീസാ തുടങ്ങിയ കർമ്മങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട നിശ്ചിതഎണ്ണം ആളുകളെ മാത്രമേ പള്ളിക്കുള്ളിൽ പ്രവേശിപ്പിക്കുകയുള്ളൂ.

2020 ഒക്ടോബർ 20 ന് ദൈവാലയ സിമിത്തേരിയിൽ പൂർണ്ണമായ കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള ആദ്യത്തെ മൃതസംസ്കാരശുശ്രൂഷ നടത്തപ്പെട്ടു.

കോവിഡ് ബാധിച്ച് ഒക്ടോബർ 19 ന് നിര്യാതയായ കാട്ടുംഭാഗം വാർഡിൽ വി.മരിയാ ഗൊരേത്തി കൂട്ടായ്മയിൽ ഉൾപ്പെട്ട തൈപ്പറമ്പിൽ സാറാമ്മ കോശി (ജോളി ജോസഫ്-73 വയസ്സ്) യുടെ മൃതദേഹമാണ് ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ ദഹിപ്പിച്ചത്.



**സെന്റ് ജോർജ്ജ് സൺഡേസ്കൂൾ, എടത്വാ**

പുണ്യഭൂമിയായ എടത്വായുടെ മണ്ണിൽ അനുഗ്രഹത്തിന്റെ പൊൻപ്രഭ വീശി നിലകൊള്ളുന്ന എടത്വാ സെന്റ് ജോർജ്ജ് ഇടവക ദേവാലയത്തിന്റെ മടിത്തട്ടിൽ വിശ്വാസ പരിശീലനം സാധ്യ

മാക്കുന്ന വേദിയാണ് സെന്റ് ജോർജ്ജ് സൺഡേസ്കൂൾ. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15) എന്ന് ഈശോ ശിഷ്യഗണത്തിന് നൽകിയ ആഹ്വാനം മാർഗ്ഗദീപമായി സ്വീകരിച്ചുകൊണ്ട് ഈ സൺഡേസ്കൂൾ പുതുതലമുറയ്ക്ക് വിശ്വാസപരിശീലനം നൽകുന്നു.

മാറുന്ന ലോകത്തിൽ വിശ്വാസജീവിതം നൂതനവെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. കൊറോണരോഗം, അതിതീവ്രമഴ, വെള്ളപ്പൊക്കം തുടങ്ങിയ മഹാദുരന്തങ്ങളും നമുക്ക് നേരിടേണ്ടിവന്നിരിക്കുന്നു. ഇതെല്ലാം വിശ്വാസത്തിന്റെ പിൻബലത്തിൽ അതിജീവിക്കാനും സഭയോട് ചേർന്നുനിൽക്കാനും സഭാമാതാവിന്റെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരാനുമുള്ള പരിശീലനമാണ് ഈ സൺഡേസ്കൂളിലൂടെ നൽകുന്നത്. 2020 ഏപ്രിൽമാസത്തിൽ വിശ്വാസോത്സവം ഓൺലൈൻ ആയി നടത്തുകയുണ്ടായി. ബൈബിൾ ക്വിസ്, ആരാധനാക്രമക്വിസ്, പ്രസംഗം, കഥപറച്ചിൽ, ടാബ്ലോ, നാടൻപാട്ട്, വിശുദ്ധരെ പരിചയപ്പെടുത്തൽ, കുരിശിന്റെ വഴി, വചനമരം, ആക്ഷൻസോംഗ്, പാവകളി, ജപമാല ഒരുക്കൽ, കൊറോണക്കാലവിശേഷങ്ങൾ ചിത്രങ്ങളിലൂടെ, കലാവിരുന്ന് എന്നിങ്ങനെ വിവിധങ്ങളായ മത്സരങ്ങളും പരിപാടികളും സംഘടിപ്പിച്ചു. ബ്രേക്ക് ദി ബോർഡം പ്രോഗ്രാം വിജയകരമായി നടത്തി. കുട്ടികൾക്കൊപ്പം മാതാപിതാക്കളും ഈ പരിപാടികളെ കൂടുതൽ ശ്രദ്ധേയമാക്കി. മതാദ്ധ്യാപകർക്കും പ്രത്യേകം ബ്രേക്ക് ദി ബോർഡം പ്രോഗ്രാം സംഘടിപ്പിച്ചു. 133-ാമത് അതിരൂപതാദിനാഘോഷത്തിന്റെ ഭാഗമായി സന്ദേശനിലയം നടത്തിയ അതിരൂപതാ ചരിത്രപഠനക്വിസിൽ സൺഡേസ്കൂളിലെ അധ്യാപകരായ അന്നമ്മ ഫിലിപ്പ്, ജെറോം പി.വി., ടെസ്സി സാബു എന്നിവർ സമ്മാനം നേടി.

പന്തക്കുസ്താ തിരുനാളിനൊരുക്കമായി മതാധ്യാപകർ പ്രാർത്ഥന നടത്തുകയും സന്ദേശനിലയം നടത്തിയ ഓൺലൈൻ മതാധ്യാപക പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്തു. ജൂൺ മാസത്തിൽ സൺഡേസ്കൂൾ ഡയറക്ടറായ ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഈ വർഷത്തെ ഓൺലൈൻ ക്ലാസ്സിനുള്ള ഒരുക്കങ്ങൾ ചെയ്തു.

ജൂൺ മാസത്തിൽ മാതാപിതാക്കൾക്കുള്ള പരിശീലനക്ലാസ്സുകളും കുട്ടികൾക്കായുള്ള ക്ലാസ്സുകളും യഥാസമയം വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ മാതാപിതാക്കളിലും കുട്ടികളിലും എത്തിക്കാൻ സൺഡേസ്കൂൾ നേതൃത്വം ഏറെ ശ്രദ്ധിച്ചു. ജൂൺ 7 മുതൽ അതിരൂപതാ യൂട്യൂബ് ചാനലായ MAAC TV യിലൂടെ എല്ലാ കുട്ടികളും ഞായറാഴ്ചകളിലെ ഓൺലൈൻ വിശ്വാസപരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്. മതാദ്ധ്യാപകർ ഫോൺ മുഖേന ഇക്കാര്യങ്ങൾ ഉറപ്പാക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു. സൺഡേസ്കൂൾ, മിഷൻലീഗ്, ഇടവകജീവകാരുണ്യനിധി, ചങ്ങനാശ്ശേരി ചാസ്സ് എന്നിവരുടെ സഹകരണത്തോടെ ആറ്റുമാലിൽ ജെയിംസിനായി ഒരു ഭവനം നിർമ്മിച്ചുനൽകി. വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ വെഞ്ചരിപ്പുകർമ്മം നടത്തി.

മതാദ്ധ്യാപകരായ സിൽജോ സി.കണ്ടത്തിൽ, ലൈസാമ്മ ജോൺ പറത്തറ, മിനു സോബി വാളംപറമ്പിൽ എന്നിവർ യഥാക്രമം ലൂർദ്ദുമാതാ ഹൈസ്കൂൾ പച്ച, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ എടത്വാ, സെന്റ് മേരീസ് എൽ.പി.സ്കൂൾ എടത്വാ എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രഥമാധ്യാപകരായി ചുമതലയേറ്റു. ഡയറക്ടർ ബഹു.വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന സ്റ്റാഫ് മീറ്റിംഗിൽ മൂവർക്കും ആശംസകൾ നേർന്നു.

സൺഡേസ്കൂളിലെ അധ്യാപികയായ ഏയ്ഞ്ചൽ സെബാസ്റ്റ്യന് അതിരൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ അതിരൂപത ആന്തം ആലാപനത്തിനും സന്ദേശനിലയത്തിലെ ഓൺലൈൻ ക്ലാസ്സിലെ പങ്കാളിത്തത്തിനും മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് സന്ദേശനിലയം തയ്യാറാക്കിയ ഈശോയുടെ അമ്മ എന്റെയും അമ്മ എന്ന പഠനപരമ്പരയിലെ മികച്ച അവതരണത്തിനും സെന്റ് ജോർജ്ജ് അധ്യാപകകുടുംബത്തിന്റെ പ്രത്യേക അഭിനന്ദനങ്ങൾ.

സൺഡേസ്കൂൾ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട വർഗ്ഗീസ് കൊച്ചുപറമ്പിൽ അച്ചന് ഹെഡ്മാസ്റ്റർ സ്വാഗതം ആശംസിച്ചു. മിഷൻലീഗിന്റെ ജോയിന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന റവ.സി. ടെസ്സിൻ SABS സ്ഥലംമാറിപ്പോവുകയും റവ.സി. സിസി പറപ്പള്ളി SABS തൽസ്ഥാനത്തേക്ക് നിയമിക്കപ്പെടുകയും ചെയ്തു.

അൽഫോൻസാ തീർത്ഥാടനം പ്രാർത്ഥനാനുഭവതീർത്ഥാടനമായിട്ടാണ് അതിരൂപത സംഘടിപ്പിച്ചത്. പ്രസ്തുതപരിപാടിയിലും ഈശോയുടെ അമ്മ എന്റെയും അമ്മ എന്ന സന്ദേശനിലയം പഠനപരമ്പരയിലും സൺഡേസ്കൂൾ കുട്ടികൾ സകുടുംബം പങ്കുകൊണ്ടു.

ക്രിസ്തീയഭവനം വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലാണ്. ഈ കാലഘട്ടത്തിലെ ഓൺലൈൻ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾ പ്രധാനപരിശീലകരും മതാധ്യാപകർ സഹായികളുമായി മാറിയിരിക്കുന്നു. വിവിധങ്ങളായ പരിപാടികൾ വിജയിപ്പിക്കുന്നതിന് മാതാപിതാക്കളും അധ്യാപകരും നൽകുന്ന സഹകരണം നന്ദിയോടെ ഓർക്കുന്നു.

## 2. സെന്റ് ജോസഫ് കുരിശുപള്ളി, കോയിൽമുക്ക്



കൊറോണ എന്ന മഹാവ്യാധിയ്ക്കിടയിലും വിശുദ്ധ ബലിയിൽ സംബന്ധിക്കാനും ദൈവത്തെ സ്തുതിക്കാനും സാധിക്കുന്നു എന്നത് ദൈവകൃപയ്ക്ക് തെളിവാണ്.

രോഗവ്യാപനകാലഘട്ടത്തിൽ ആരോഗ്യവകുപ്പിന്റെ നിയന്ത്രണങ്ങൾ പാലിച്ച് ദൈവാലയശുശ്രൂഷകൾ നടക്കുന്നു. സാമൂഹിക അകലം പാലിച്ച് ദിവ്യബലി എല്ലാ ദിവസവും അർപ്പിക്കപ്പെടുന്നു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കണ്ണാടിപ്പാറയച്ചന്റെ ആത്മീയനേതൃത്വം കോയിൽമുക്ക് വിശ്വാസസമൂഹത്തെ അനുദിനം ശക്തിപ്പെടുത്തുന്നു. ദൈവാലയനിർമ്മാണ പ്രവർത്തനങ്ങൾ അണിയറയിൽ പുരോഗമിക്കുന്നു. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സൺഡേസ്കൂൾ പ്രവർത്തനം ഭംഗിയായി നടക്കുന്നു. അതിരൂപതാ യൂട്യൂബ് ചാനൽ വഴി ലഭിക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ കുട്ടികളുടെ പങ്കാളിത്തം പ്രശംസനീയമാണ്. ഓരോ ഞായറാഴ്ചയിലും അദ്ധ്യാപകർ കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സിനെ അടിസ്ഥാനമാക്കി തുടർപ്രവർത്തനങ്ങൾ നൽകുന്നു. ആരാധനാവത്സരത്തിലെ ആത്മീയപ്രാധാന്യമുള്ള ദിനങ്ങൾ പ്രത്യേകമായി ആചരിക്കുന്നു. സെപ്റ്റംബർ 1 മുതൽ 8 വരെ മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണം നടന്നു. എല്ലാ ദിവസവും വി.കുർബാനയും മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തപ്പെട്ടു.

കഴിഞ്ഞ എസ്.എസ്.എൽ.സി.പരീക്ഷയിൽ എല്ലാ വിഷയത്തിനും ഫുൾ എ+ നേടിയവരിൽ സെന്റ് ജോസഫ് സൺഡേസ്കൂളിലെ മരിയാമോൾ സേവ്യർ തട്ടങ്ങാട്ട് ഉൾപ്പെടുന്നു. മരിയാമോൾക്ക് സൺഡേസ്കൂളിന്റെ അഭിനന്ദനങ്ങൾ! കഴിഞ്ഞ വർഷം +2, 10 ക്ലാസ്സുകളിൽ ഈ വിശ്വാസസമൂഹത്തിൽ നിന്നും ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് ട്രോഫിയും ക്യാഷ് അവാർഡും ബഹുമാനപ്പെട്ട അച്ചൻ വിതരണം ചെയ്തു.

## 3. മേരിമാതാ കുരിശുപള്ളി, മരിയാപുരം

ദൈവാനുഗ്രഹത്താലും പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥസഹായത്താലും മേരിമാതാ കുരിശുപള്ളിയുടെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ജോസഫ് ബംഗ്ലാവുപറമ്പിലച്ചന്റെ നേതൃത്വത്തിൽ കോവിഡ് മഹാമാരിയുടെ നടുവിലും നിയന്ത്രണങ്ങൾക്കു വിധേയമായി നടന്നുവരുന്നു. വിശ്വാസികളുടെ എണ്ണം നിയന്ത്രിക്കാൻ ചില ക്രമീകരണങ്ങൾ ചെയ്തു. 14 കൂട്ടായ്മകൾ ഉള്ളതിൽ 2 കൂട്ടായ്മകൾക്ക് പ്രതിദിനം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. ഇതിൻപ്രകാരം ഓരോ ആഴ്ചയിലേയും ടൈംടേബിൾ മുൻകൂർ തയ്യാറാക്കി വാട്സ് ആപ്പ് മുഖേന കൂട്ടാ



യ്മകളെ അറിയിക്കുന്നു.

സെപ്റ്റംബർ 01 മുതൽ 08 വരെ മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണം നടന്നു. ആഘോഷമായ വി.ബലിയിലും മദ്ധ്യസ്ഥപ്രാർത്ഥനയിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിശ്വാസികൾ പങ്കെടുത്തു.

**ആർ.ഓ.പ്ലാന്റ്**

ജനുവരിയിൽ ആരംഭിച്ച ആർ.ഓ.പ്ലാന്റിന്റെ പണി ആഗസ്റ്റ് മാസം പൂർത്തിയായി. സെപ്റ്റംബർ മാസം 8-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ പിറവിത്തിരുനാളോടുകൂടി ശുദ്ധജലവിതരണം തുടങ്ങാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

**സൺഡേസ്കൂൾ**

മതബോധനപ്രവർത്തനവർഷത്തിന്റെ ആരംഭത്തിൽ ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് ബംഗ്ലാവുപറമ്പിലച്ചന്റെ നേതൃത്വത്തിൽ അധ്യാപകയോഗം കൂടി. അതിരൂപതാ യൂട്യൂബ് ചാനലായ MAAC TV വഴിയുള്ള ഓൺലൈൻ ക്ലാസ്സുകൾ കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ അദ്ധ്യാപകരെ ചുമതലപ്പെടുത്തി. എല്ലാ കുട്ടികളും ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപപ്പെടുത്തി. കുട്ടികളുടെ ഓൺലൈൻ ക്ലാസ്സിനെ അധികരിച്ച് അതാത് ക്ലാസ്സ് അദ്ധ്യാപകർ കുട്ടികൾക്ക് പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയും കുട്ടികളുടെ പ്രതികരണം വിലയിരുത്തുകയും ചെയ്യുന്നു. കുട്ടികളുടെ കൃത്യമായ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ ഹാജർ നൽകുന്നു.

**യുവദീപ്തി**

പ്രത്യാശ 2019 ഡിസംബർ 22-ാം തീയതി യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അതിന്റെ ഭാഗമായി ഉറുമ്പിടം, കേക്ക് ഫോർ കെയർ എന്നീ രണ്ടു പദ്ധതികൾക്ക് തുടക്കം കുറിച്ചു. പാവപ്പെട്ട ഭവനരഹിതർക്ക് വീട് എന്നതാണ് ഉറുമ്പിടം എന്ന പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇതിലേക്കായുള്ള ആദ്യചുവടുവയ്പുകൾ ഡിസംബർ 14-ാം തീയതി എറണാകുളം സെന്റ് തെരേസാസ് കോളേജിലും മറൈൻ ഡ്രൈവിലുമായി നടത്തപ്പെട്ടു. പാവപ്പെട്ട കിഡ്നി രോഗികളെ സഹായിക്കുകയാണ് കേക്ക് ഫോർ കെയർ എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷിയും കൃഷിരീതികളും പരിചയപ്പെടുത്തുന്നതിനായി പച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ചു. ലോക്ഡൗൺകാല സമയവിഭവത്തെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ചൂലു നിർമ്മാണം പ്രോത്സാഹിപ്പിച്ചു. ആഗസ്റ്റ് മാസം ഉണ്ടായ പ്രളയം മൂലം ദുരിതമനുഭവിച്ച പ്രദേശവാസികളെ സഹായിച്ചു.

**മാതൃപിതൃവേദി**

2020 ജൂൺ 21-ാം തീയതി പിതൃദിനത്തോടനുബന്ധിച്ച് മാതൃപിതൃവേദി ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ ബഹു.അച്ചൻ പതാകയുയർത്തി. തുടർന്ന് പള്ളിപ്പുരയിടത്തിൽ വൃക്ഷത്തൈകൾ നട്ടു.

**വിൻസെന്റ് ഡി പോൾ സൊസൈറ്റി**

പ്രസിഡന്റ് ജോസ് ചെറിയാൻ ചേന്നങ്കരയുടെ നേതൃത്വത്തിൽ 10 അംഗങ്ങൾ അടങ്ങുന്ന കോൺഫറൻസ് ആത്മീയ ഉപദേഷ്ടാവ് ബഹുമാനപ്പെട്ട ജോസഫ് ബംഗ്ലാവുപറമ്പിലച്ചന്റെ ഉപദേശം സ്വീകരിച്ച് സജീവമായി പ്രവർത്തിക്കുന്നു. ഭവനസന്ദർശനം എല്ലാ മാസങ്ങളിലും രണ്ടുദിവസമായി നടത്തിവരുന്നു. അതിൽ നിന്ന് ലഭിക്കുന്ന സംഭാവനയും ടിന്നേജ് സഹായവും

ചേർത്തുള്ള തുക 5 ദത്തുകുടുംബങ്ങൾക്കും ചികിത്സാസഹായം എന്ന നിലയിൽ രണ്ടു കുടുംബങ്ങൾക്കും കൂടി കൊടുത്തുവരുന്നു.

മേരിമാതാ കോൺഫറൻസ് അംഗങ്ങൾ ബഹുമാനപ്പെട്ട ജോസഫ് ബംഗ്ലാവുപറമ്പിലച്ചന്റെ നേതൃത്വത്തിൽ കിടങ്ങറയിൽ പ്രവർത്തിക്കുന്ന സ്നേഹതീരം റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ചു. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 35 സ്ത്രീകൾക്ക് അഭയം നൽകുന്ന കേന്ദ്രത്തിന് അരലക്ഷം രൂപാ സഹായം നൽകി. ഭക്ഷ്യകിറ്റ്, സാനിട്ടറി കിറ്റ്, സ്റ്റേഷനറി കിറ്റ്, പച്ചക്കറി കിറ്റ്, പ്രാർത്ഥനാസഹായ സാമഗ്രികൾ, ഹോം അപ്ലയൻസസ്, വസ്ത്രങ്ങൾ, ചികിത്സാ ആവശ്യങ്ങൾക്കുള്ള പണം അടക്കമുള്ള സഹായങ്ങളാണ് കൈമാറിയത്. അഗതിമന്ദിരത്തിന്റെ ആവശ്യങ്ങൾ അന്വേഷിച്ച് മനസ്സിലാക്കിയത് അനുസരിച്ചുള്ള സാധനങ്ങളാണ് കേന്ദ്രത്തിലെത്തിച്ചത്. സ്ഥാപനത്തിലെ അന്തേവാസികളോട് സംസാരിച്ചും അവർ അവതരിപ്പിച്ച പരിപാടികൾ ആസ്വദിച്ചും അവർക്കുവേണ്ടി പ്രാർത്ഥിച്ചും കോൺഫറൻസ് അംഗങ്ങൾ ഒരു സായാഹ്നം ചെലവിട്ടു. താൽപര്യപ്പെട്ടവർക്ക് കൈവയ്പ് പ്രാർത്ഥനാസഹായം നൽകാനും അച്ചൻ ശ്രദ്ധിച്ചു. കോൺഫറൻസിന്റെ ഈ വേറിട്ട സംരംഭത്തിൽ അംഗങ്ങളുടെ നിർലോഭമായ ധനസഹായം ആണ് പദ്ധതി വിജയത്തിന് കാരണമായത്. അതിരൂപതാതലത്തിൽ ശ്രദ്ധ നേടിയ പ്രസ്തുത പരിപാടിയിൽ ഏരിയാ കൗൺസിൽ പ്രസിഡന്റും അതിരൂപതാതല പ്രതിനിധിയും സംബന്ധിച്ചു.

## 4. സെന്റ് ജോസഫ് കുരിശുപള്ളി, ചങ്ങങ്കരി



എടത്വാ സെന്റ് ജോർജ്ജ് ഇടവക ദേവാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ചങ്ങങ്കരി കുരിശുപള്ളിയുടെ പ്രവർത്തനം ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചന്റെ നേതൃത്വത്തിൽ ദൈവകൃപയാൽ ഭംഗിയായി തുടരുന്നു.

2020 ഫെബ്രുവരി മാസത്തിൽ ബൈബിൾ പേടക പ്രയാണം നടത്തുകയുണ്ടായി. കൂട്ടായ്മാ അടിസ്ഥാനത്തിൽ ബൈബിൾ അലങ്കരിച്ച് ആഘോഷമായി ഓരോ ഭവനത്തിലും എത്തിക്കുകയും, ആ ദിവസം മുഴുവനും വചനം വായിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു മാസംകൊണ്ട് ബൈബിൾ പേടകപ്രയാണം പൂർത്തിയാക്കി. സമാപനദിവസം വചനപ്രഘോഷണവും ബൈബിൾക്വിസും കലാപരിപാടിയും സ്നേഹവിരുന്നും നടത്തപ്പെട്ടു. വിശ്വാസികൾക്ക് ബൈബിളിനോട് സ്നേഹവും ആഭിമുഖ്യവും വളർത്തിയെടുക്കാൻ ഈ സംരംഭം ഏറെ സഹായകമായി. അമ്പതുനോമ്പുകാലത്ത് കൂട്ടായ്മാപ്രാർത്ഥനയോടുകൂടി കുരിശിന്റെ വഴിയും വെള്ളിയാഴ്ച ദിവസങ്ങളിൽ ദേവാലയത്തിൽ വി.കുർബാനയും കുരിശിന്റെ വഴിയും തുടർന്ന് നേർച്ചക്കഞ്ഞിവിതരണവും നടത്തിയിരുന്നു. രോഗികളായി വീടുകളിൽ കഴിയുന്നവർക്ക് ബഹുമാനപ്പെട്ട വൈദികന്റെ നേതൃത്വത്തിൽ വി.കുർബാന നൽകി.

മാർച്ച് മാസം മുതൽ കൊറോണ വൈറസിന്റെ വ്യാപനംമൂലം ദൈവാലയശുശ്രൂഷകളിൽ പ്രത്യേക ചില ക്രമീകരണങ്ങൾ നടപ്പിലാക്കി. പൊതുവായിട്ടുള്ള അറിയിപ്പുകളും വി.കുർബാനയുടെ സമയക്രമീകരണങ്ങളും വാട്സാപ്പു വഴിയും കൂട്ടായ്മാലീഡേഴ്സ് മുഖേനയും വിശ്വാസസമൂഹ

ത്തെ അറിയിച്ചുകൊണ്ടിരിക്കുന്നു. എല്ലാദിവസവും ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും നിബന്ധനകൾ അനുസരിച്ച് ആളുകളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. ഞായറാഴ്ച ദിവസങ്ങളിൽ എല്ലാ കൂട്ടായ്മകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വി.കുർബാനയ്ക്ക് വിവിധ സമയങ്ങൾ ക്രമീകരിച്ചു. സൺഡേസ്കൂൾ കുട്ടികൾക്കായുള്ള അതിരൂപതാതല ഓൺലൈൻ ക്ലാസ്സുകൾ തുടരുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം വാട്സാപ്പിലൂടെ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നൽകിക്കൊണ്ട് മതാധ്യാപകരും കുട്ടികളെ സഹായിക്കുന്നു. യുവദീപ്തി, മാതൃജ്യോതിസ്, മിഷൻലീഗ്, വിൻസെന്റ് ഡി പോൾ എന്നീ സംഘടനകളിൽ ഭാരവാഹികൾ മാത്രം കൂടുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നു. വിശ്വാസസമൂഹത്തിന്റെ ആത്മീയ ഉണർവ്വിനായി മഠംചാപ്പലിൽ എല്ലാദിവസവും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ആരാധന നടത്തപ്പെടുന്നു. ഈ വിശ്വാസസമൂഹത്തിന്റെ ആത്മീയവളർച്ചയിൽ ബഹുമാനപ്പെട്ട അച്ചൻ ഏറെ ശ്രദ്ധ ചെലുത്തുന്നു. അങ്ങനെ ഈ കൊറോണക്കാലത്തും കൗദാശികജീവിതത്തിൽ വിശ്വാസികളെ വളർത്തുവാനും ദൈവാലയത്തോട് ചേർത്തുനിർത്തുവാനും കഴിയുന്നു എന്നത് ഏറെ സന്തോഷകരമാണ്.

## 5. സെന്റ് പയസ് ടെൻത് കുരിശുപള്ളി, പാണ്ടങ്കരി



കഴിഞ്ഞ ആരാധനാവത്സരത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിച്ചും പോരായ്മകൾക്ക് മാപ്പപേക്ഷിച്ചും 2019 നവംബർ 30-ാം തീയതി വി.കുർബാനയും ദിവ്യകാരുണ്യ ആരാധനയും നടത്തി. തുടർന്ന് റംശാപ്രാർത്ഥനയോടെ പുതിയ ആരാധനാവത്സരത്തെ വരവേറ്റു.

സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡിസംബർ 1-ാം തീയതി സി.ആർ.റ്റി.അംഗങ്ങൾ സന്ദർശനം നടത്തി. മതാദ്ധ്യാപകരുടെ ഭവനങ്ങളിൽ മാസത്തിലൊരിക്കലുള്ള കൂട്ടായ്മാ പ്രാർത്ഥന നാല് അധ്യാപകരുടെ ഭവനങ്ങളിൽ നടത്തി. സെന്റ് പയസ് ടെൻത് സൺഡേസ്കൂളിലെ പൂർവ്വവിദ്യാർത്ഥിനിയായ റവ.സി.ഗിഫ്റ്റി മരിയ ടോം പോളയ്ക്കൽ സൺഡേസ്കൂൾ സന്ദർശിക്കുകയും ദൈവവിളിയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

ഡിസംബർ 15-ാം തീയതി ഞായറാഴ്ച മരിയാപുരം മേരിമാതാ കുരിശുപള്ളിയിൽ വച്ച് വി.കുർബാനയും സൺഡേക്ലാസ്സുകളും സംഘടിപ്പിച്ചു. കുട്ടികൾക്കും മതാദ്ധ്യാപകർക്കും ഇത് വലിയ ആത്മീയ ഉണർവ്വ് നൽകി.

മാർ സ്ലീവായുടെ തിരുനാളിനോടനുബന്ധിച്ച് ഡിസംബർ 17-ാം തീയതി ആഘോഷമായ വി.കുർബാനയും പ്രദക്ഷിണവും നടത്തി. ക്രിസ്തുമസ് തിരുക്കർമ്മങ്ങൾ ഡിസംബർ 24-ാം തീയതി രാത്രി 10.00 ന് ക്രമീകരിച്ചു. കുടുംബക്കൂട്ടായ്മകളിൽ നിന്നും കൊണ്ടുവന്ന കേക്കുകൾ രാത്രിക്കുർബാനയ്ക്ക് ശേഷവും ക്രിസ്തുമസ്ദിന വിശുദ്ധ ബലിയ്ക്ക് ശേഷവും വിതരണം ചെയ്തു.

വി.സെബസ്ത്യാനോസിന്റെ തിരുനാൾ 2020 ജനുവരി 18-ാം തീയതി സമുചിതമായി ആചരി

ച്ചു. തിരുനാളിനോടനുബന്ധിച്ച് 9 ദിവസത്തെ മദ്ധ്യസ്ഥപ്രാർത്ഥനയും കഴുന്ന് പ്രദക്ഷിണവും ഉണ്ടായിരുന്നു. പരിശുദ്ധ ലൂർദ്ദുമാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11 രോഗീദിനമായി ആചരിച്ചു. അതിനോടനുബന്ധിച്ച് മാതൃവേദിയംഗങ്ങൾ രോഗികളെ സന്ദർശിച്ചു. അന്നേ ദിവസം രാവിലെ 10.00 മണിക്ക് രോഗികൾക്കായി ലേപനശുശ്രൂഷയും കുമ്പസാരവും വി.കുർബാനയും ക്രമീകരിച്ചു.

വിഭൂതിതിരുനാൾ ആചരണം വളരെ നന്നായി നടത്തി. ഭവനങ്ങളിൽ കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി പ്രാർത്ഥന നടത്തുവാൻ ആരംഭിച്ചെങ്കിലും കൊറോണമൂലം നിർത്തിവച്ചു. വി.യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ആഘോഷങ്ങൾ ഒഴിവാക്കി.

പ്ലാസ്റ്റിക് നിർമ്മാർജ്ജനം ലക്ഷ്യമാക്കി യുവജനങ്ങളുടെ നേതൃത്വത്തിൽ പേപ്പർ ബാഗുകൾ നിർമ്മിച്ച് വിതരണം ചെയ്തു.

വിശുദ്ധവാര തിരുക്കർമ്മങ്ങൾ ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തത് വളരെയധികം സഹായകമായിരുന്നു. വിശ്വാസികളുടെ സാന്നിദ്ധ്യം പരിമിതപ്പെടുത്തിക്കൊണ്ട് വി.കുർബാന, കുമ്പസാരം, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി. എടത്വാ തിരുനാളിനോടനുബന്ധിച്ച് മെയ് 1–ാം തീയതി പാണ്ടങ്കരി വാർഡിന്റെ നേതൃത്വത്തിൽ ഓൺലൈനായി വി.കുർബാനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി.

## 6. തിരുഹൃദയചാപ്പൽ, കുന്തിരിക്കൽ



എടത്വാ സെന്റ് ജോർജ്ജ് ഇടവക ദേവാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന കുന്തിരിക്കൽ തിരുഹൃദയചാപ്പലും ഇരുനൂറോളം കുടുംബാംഗങ്ങൾ അടങ്ങിയ ഒൻപതു കുടുംബക്കൂട്ടായ്മകളും തമ്പുരാന്റെ അനുഗ്രഹത്താൽ സന്തോഷത്തോടെയും സമാധാനത്തോടെയും മുന്നോട്ട് നീങ്ങുന്നു.

കുന്തിരിക്കൽ തിരുഹൃദയക്കൂട്ടായ്മയ്ക്ക് ആഗസ്റ്റ് മാസം ദൈവാനുഗ്രഹത്തിന്റെ മാസമായിരുന്നു. സെന്റ് തെരേസാ കൂട്ടായ്മയിലെ മാലിയിൽ കോശി കുര്യൻ–ഷൈനമ്മ ദമ്പതികളുടെ മകൻ നിഖിൽ കുര്യൻ, സെന്റ് അഗസ്റ്റിൻ കൂട്ടായ്മയിലെ ചക്കാലയ്ക്കൽ ഫിലിപ്പ്–അന്നമ്മ ദമ്പതികളുടെ മകൻ റോൺസി ജോൺ ഫിലിപ്പ് എന്നിവർ എം.സി.ബി.എസ്. കോൺഗ്രിഗേഷനുവേണ്ടി താമരശ്ശേരി സെമിനാരിയിൽ നടന്ന വെസ്റ്റീഷൻ സെറിമണിയിൽ സഭാവസ്ത്രം സ്വീകരിച്ചു. കൂടാതെ തെക്കേടത്തുപറമ്പിൽ ബേബിച്ചൻ–സോജിയമ്മ ദമ്പതികളുടെ മകൻ ജിബിൻ വർഗ്ഗീസ് ഇറ്റാവാ മിഷനുവേണ്ടി വൈദികപഠനത്തിനായി കുറിച്ചി സെമിനാരിയിൽ ചേർന്നു.

എല്ലാ ബുധൻ, ഞായർ ദിവസങ്ങളിലും കുന്തിരിക്കൽ തിരുഹൃദയചാപ്പലിൽ ബഹുമാനപ്പെട്ട ജോസഫ് പുതിയിടം അച്ചന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാന നടന്നുവരുന്നു. ലോക്ഡൗണിനുശേഷം സർക്കാർ നിയമങ്ങൾ പാലിച്ച് ബുധൻ, ഞായർ ദിവസങ്ങളിലെ വി.കുർബാനയിൽ രണ്ടു കൂട്ടായ്മകൾ വീതം പങ്കെടുക്കുന്നു.

പിതൃവേദി, യുവദീപ്തി എന്നീ സംഘടനകൾ പള്ളിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായ പിന്തുണ നൽകിവരുന്നു. യുവദീപ്തിയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുട്ടികൾക്ക് സ്മാർട്ട്ഫോൺ നൽകി. നോമ്പുകാലത്ത് എല്ലാ ഞായറാഴ്ചയും കുരിശിന്റെ വഴി നടത്താൻ

തീരുമാനിച്ചു. വിശ്വാസികളുടെ ഉപയോഗത്തിനായി 112 ചെറിയ കുരിശുകൾ ചക്കാലയ്ക്കൽ സി.വി.ജോർജ്ജ് പണിയിച്ചുനൽകി. രണ്ടാഴ്ച എല്ലാവരും കുരിശും പിടിച്ചുകൊണ്ടുള്ള കുരിശിന്റെ വഴി നടത്തി. തുടർന്ന് ലോക്ഡൗൺമൂലം കുരിശിന്റെ വഴി നിർത്തിവച്ചു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ, പീഡാനുഭവതിരുക്കർമ്മങ്ങൾ, ജൂൺ മാസത്തിലെ തിരുഹൃദയത്തിരുനാൾ എന്നിവ ഒഴിവാക്കി.

ആഗസ്റ്റ് മാസം 15-ാം തീയതി പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും നാടിന്റെ സ്വാതന്ത്ര്യദിനാഘോഷവും പിതൃവേദിയുടെ നേതൃത്വത്തിൽ ആഘോഷിച്ചു. തലപ്പള്ളിയിലെ വി.കുർബാനയ്ക്ക് ശേഷം ദേശീയപതാക ഉയർത്തുകയും ദേശീയഗാനം ആലപിക്കുകയും ചെയ്തു. സെപ്റ്റംബർ മാസത്തിൽ പ്രായമായവർക്കെല്ലാം അച്ചൻ ഭവനങ്ങളിൽ എത്തി കുമ്പസാരിപ്പിച്ച് വി.കുർബാന നൽകാനുള്ള ശ്രമത്തിലാണ്. ഈ ചാപ്പലിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ജോസഫ് പുതിയിടം അച്ചന് കൈക്കാരൻ സാബു കരിക്കംപള്ളി, കണക്കൻ ജോമിച്ചൻ പുത്തൻവീട്, കപ്യാർ ബിജു തെക്കേടം എന്നിവർ നിർലോഭമായ സഹായവും പിന്തുണയും നൽകിവരുന്നു.

## 7. സെന്റ് ജോസഫ് ചാപ്പൽ, ചങ്ങങ്കരി

ചങ്ങങ്കരി നടുഭാഗം ബി വാർഡിന്റെ കേന്ദ്രഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ ചാപ്പൽ മേഖലയിലെ വിശ്വാസികളുടെ സഹകരണത്തോടുകൂടി അനുദിനം പുരോഗമിച്ചുവരികയാണ്. ഈ നാട്ടിലെ ക്രൈസ്തവ കുടുംബങ്ങളുടെ പ്രാർത്ഥനാജീവിതത്തിന്റെ സിരാകേന്ദ്രമാണ് ഈ ചാപ്പൽ. ഈ ആത്മീയഗോപുരത്തിന്റെ ക്രമാനുഗതമായ പുരോഗതിയിൽ ഇവിടെയുള്ള നല്ലവരായ



ജനങ്ങൾ ദൈവം നൽകിയ ആത്മീയഇടയനോടൊപ്പം സഹകരിച്ചുവരുന്നു.

2020 മാർച്ചുമാസത്തിലെ മഹാമാരിമൂലം തിരുനാളിന്റെ ആഘോഷങ്ങൾ പരിമിതപ്പെടുത്തി മാർച്ച് 19 നും 20 നും വിശ്വാസികളുടെ പ്രവേശനം നിയന്ത്രിച്ചുകൊണ്ട് വി.കുർബാന നടത്തി. ചാപ്പലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചൻ വി.കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. കോവിഡ് കാലത്തും ജൂലൈ മാസത്തിൽ തുടർച്ചയായി വി.കുർബാന അർപ്പിക്കാൻ ബഹുമാനപ്പെട്ട അച്ചൻ ശ്രദ്ധിച്ചു.

ആലപ്പുഴ പഴവങ്ങാടി മാർ സ്ലീവാ ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന് ചങ്ങങ്കരി നടുഭാഗം ബി മേഖലയിലെ വിശ്വാസികൾക്ക് നൽകിയ സേവനങ്ങൾക്കും ശുശ്രൂഷകൾക്കും നന്ദി അർപ്പിക്കുന്നതോടൊപ്പം പുതിയ ഇടവകയിലെ ദൗത്യങ്ങൾ വിജയപ്രദമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു. ചാപ്പലിന്റെ ചുമതല ഏറ്റെടുത്ത ബഹുമാനപ്പെട്ട വർഗ്ഗീസ് കൊച്ചുപറമ്പിൽ അച്ചന് ഈ പ്രദേശത്തെ വിശ്വാസസമൂഹം ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

■ ■

# വിദ്യാഭ്യാസ പ്രേഷിതപ്രവർത്തനങ്ങൾ

## 1. സെന്റ് അലോഷ്യസ് കോളേജ്, എടത്വാ

കോളേജ് മാനേജർ പെരിയ ബഹുമാനപ്പെട്ട ഫാ.മാത്യു ചൂരവടി, പ്രിൻസിപ്പൽ ഡോ.ജോച്ചൻ ജോസഫ്, ബർസാർ റവ.ഫാ.ബിജു കണ്ണാടിപ്പാറ എന്നിവരുടെ ചുമതലയിലും നേതൃത്വത്തിലും കോളേജിന്റെ പ്രവർത്തനങ്ങൾ ഏറെ കാര്യക്ഷമമായി നടന്നുവരുന്നു. കോവിഡ് കാല നിർവ്യാപന പ്രവർത്തനങ്ങൾ, യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈൻ ക്ലാസ്സുകൾ ഇവ വളരെ ആസൂത്രിതമായി നിർവ്വഹിക്കപ്പെടുന്നു.

ജനുവരി 27 ന് ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജിയുടെ ഭാഗമായ പുതിയ ലാബിന്റെ (എഫ്.ഐ.എസ്.റ്റി. ലാബ്) വെഞ്ചരിപ്പും ഉദ്ഘാടനവും കോളേജ് മാനേജർ വെരി. റവ.ഫാ.മാത്യു ചൂരവടിയുടെ നേതൃത്വത്തിൽ നടന്നു. അധ്യാപക- അനധ്യാപകർക്കായുള്ള വിശാലമായ വാഹനപാർക്കിംഗ് സൗകര്യം ഒരുക്കുവാനും ഈ കാലയളവിൽ സാധിച്ചു.

**അലോഷ്യൻ ഗ്രോട്ടോ**

ജൂലൈ 08 ന് കോളേജിന്റെ പ്രവേശനഭാഗത്ത് മനോഹരമായ രീതിയിൽ നിർമ്മിച്ച അലോഷ്യൻ ഗ്രോട്ടോയുടെ വെഞ്ചരിപ്പും സമർപ്പണകർമ്മവും മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ നിർവ്വഹിച്ചു. ബർസാർ റവ.ഫാ.ബിജു കണ്ണാടിപ്പാറ, ലൈബ്രേറിയൻ റവ.ഫാ.റ്റിജോ മതിലകത്തുകുഴി എന്നീ വൈദികർ ശുശ്രൂഷകളിൽ സഹകാർമ്മികത്വം വഹിച്ചു. പ്രിൻസിപ്പൽ ഡോ.ജോച്ചൻ ജോസഫ്, അധ്യാപക-അനധ്യാപകർ, പാരീഷ് കൗൺസിൽ മെമ്പേഴ്സ്, കോളേജ് ഗവേണിംഗ് ബോഡി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. ചടങ്ങുകളിൽ പങ്കെടുത്ത എല്ലാവർക്കും പ്രിൻസിപ്പൽ നന്ദി പ്രകാശിപ്പിച്ചു.

**റിസൾട്ട്**

എം.ജി.യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ വർഷം നടന്ന ബി.എസ്.സി./ബി.എ. പരീക്ഷകളിൽ വിവിധ വിഷയങ്ങളിലെ ആദ്യ 10 റാങ്കുകാരിൽ നമ്മുടെ 11 വിദ്യാർത്ഥികളും ഉൾപ്പെടുന്നു. ബി.എസ്.സി.ഫിസിക്സ് ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസിൽ ബെനഡിക്ട് മരിയ വർഗ്ഗീസ് (1st റാങ്ക്), ലക്ഷ്മിറാം സി.എസ്. (2nd റാങ്ക്), ബി.എസ്.സി.സുവോളജി അക്വാകൾച്ചർ കാവ്യാ സ്വാമിനാഥൻ (2nd റാങ്ക്), അശ്വതി എം. (3rd റാങ്ക്), നന്ദിത നരേന്ദ്രൻ (4th റാങ്ക്), വിനയ് പി. വർഗ്ഗീസ്, ദേവിക ഉണ്ണി (5th റാങ്ക്), മെബി മൈക്കിൾ (6th റാങ്ക്), അതുല്യ എ. (9th റാങ്ക്), ബി.എ.ഇംഗ്ലീഷ് മോഡൽ 2 ൽ കാവ്യാ ബാലൻ (5th റാങ്ക്), ബി.എസ്.സി. മാത്തമാറ്റിക്സിൽ ഭവിതാലക്ഷ്മി ആർ (10th റാങ്ക്) എന്നിവ കരസ്ഥമാക്കിയത് ഏറെ അഭിമാനിക്കത്തക്കതാണ്.

കൂടാതെ ഈ വർഷത്തെ എം.ജി.സർവ്വകലാശാലാ യൂത്ത് ഫെസ്റ്റിവൽ ആർട്ടിക്കിൾ 14 ൽ 5 ഇനങ്ങളിൽ നമ്മുടെ കുട്ടികൾ A ഗ്രേഡ് സർട്ടിഫിക്കറ്റിന് അർഹരായി. രണ്ടിനങ്ങളിൽ പവിത്ര പി. യും ഓരോ ഇനങ്ങളിൽ നിഖിത സാറാ അലക്സ്, റോസ്മേരി കെ.ജെ., വിനയ പി. എന്നിവരും വിജയികളായി.

**വെബിനാറുകൾ**

കോവിഡ് കാല സമയവിഭവത്തെ ഏറെ ഉപയുക്തമാക്കിയത് വെബിനാറുകൾ ആണ്. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിരീതികളും സംയോജിത ജലവിഭവ വ്യവസ്ഥാപനവും കുട്ടനാടിന് ഡച്ചിൽ നിന്നും എന്ത് പഠിക്കാൻ കഴിയും എന്ന വിഷയത്തിൽ ഇന്റേണൽ ക്വാളിറ്റി അസ്സസ്മെന്റ് സെല്ലിന്റെ (ഐ.ക്യു.എ.സി.) നേതൃത്വത്തിൽ അന്താരാഷ്ട്ര വെബിനാർ, നെതെർലണ്ടിലെ ഇന്ത്യൻ സ്ഥാനപതി ശ്രീ വേണു രാജാമണി, നെതർലണ്ടിൽ ആർക്കിടെക്റ്റായ ശ്രീ രാജേഷ് എൻ.എം. എന്നിവർ നയിച്ചു.

Homosapiens Vs Covid 19 The moral neutrality of nature എന്ന വിഷയത്തെ അധികരിച്ച് ലൈബ്രറിയും, Post Ur Queries Breaking the myths of UPSC Civil Services Exams എന്ന വിഷയത്തിൽ Career Guidance Cell ഉം Kesterite Solar Cell Basics & Design എന്ന വിഷയത്തിൽ ഗവേഷണ ബിരുദാനന്തരബിരുദ ഭൗതിക ശാസ്ത്രവിഭാഗവും കുട്ടനാട്ടിലെ മത്സ്യകർഷകർ നേരിടുന്ന വെ

ല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ സുവോളജി വിഭാഗവും Changes in Marketing Approach Pre and post covid 19 എന്ന വിഷയത്തിൽ ഗവേഷണ ബിരുദബിരുദാനന്തര കൊമേഴ്സ് വിഭാഗവും Modelling the Invisible Mathematics എന്ന വിഷയത്തിൽ ബിരുദബിരുദാനന്തര ഗണിതശാസ്ത്രവിഭാഗവും Recent updates on the development of vaccines & therapeutics for covid 19 എന്ന വിഷയത്തിൽ കെമിസ്ട്രി വിഭാഗവും Financial Education & Career Opportunities on capital markets എന്ന വിഷയത്തിൽ ഇക്കണോമിക്സ് വിഭാഗവും How to be a successful online learner Do's and Dont's എന്ന വിഷയത്തിൽ കൊമേഴ്സ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗവും Literary currents of Today and Tomorrow, Cultural and Ethical Trajectories of contemporary Travel writing, Pushing the boundaries of Gender studies, Sports in Society: Reading of Gender and Nationalism, Auteur Who?- cinemas Claim to an Impossible Purity, Naturalising Research: Emerging Treads in Ecostudies, Venturing into Children's Literature Through Picture Books എന്നീ വിഷയങ്ങളിൽ ഇംഗ്ലീഷ് വിഭാഗവും NAAC സെല്ലും, നേവൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ Hiroshima & Nagasaki Days Memorial Quiz ഉം, ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ National Level Online Essay writing Competition നും, Physical Properties of the (Cr84Re16)100yYy alloy system എന്ന വിഷയത്തിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റും The curious case cyber security എന്ന വിഷയത്തിൽ NAAC സെല്ലും അന്താരാഷ്ട്ര വെബിനാറുകൾ നടത്തി.

**ഇന്റർനാഷണൽ ഇന്റർ കോളേജിയേറ്റ് മത്സരങ്ങൾ**

നാഷണൽ കേഡറ്റ് കോർപസ് ആർമി വിംഗിന്റെ നേതൃത്വത്തിൽ Art for Peace എന്ന വിഷയത്തിൽ Drawing & Painting Competition ഉം നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ Covid 19- A tool for world peace എന്ന വിഷയത്തെ അധികരിച്ച് International Versification Competition ഉം ഏക് ഭാരത് ശ്രേഷ്ഠ ഭാരത് (ഇ.ബി.എസ്.ബി.) ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിന ഉപന്യാസമത്സരവും മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ശാകുന്തളം നാടകത്തെ അധികരിച്ച് പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നിവയും ഇക്കണോമിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്വരാജ് 2020 ക്വിസ് കോമ്പറ്റീഷനും നടത്തപ്പെട്ടു. നാക് അസ്സസ്മെന്റ് ഫോർത്ത് സൈക്കിളിന് വേണ്ട മുന്നൊരുക്കങ്ങൾ ഏറെ ദീർഘവീക്ഷണത്തോടെയും കാര്യക്ഷമതയോടെയും കോളേജിൽ നടന്നുവരുന്നു.



## 2. സെന്റ് അലോഷ്യസ് ഹയർസെക്കണ്ടറി സ്കൂൾ, എടത്വാ

നാമകാരണനായ വി.അലോഷ്യസ് പുണ്യവാന്റെ മദ്ധ്യസ്ഥസഹായം കൊണ്ട് കുട്ടനാട് വിദ്യാഭ്യാസജില്ലയിലെ ഏറ്റവും മികച്ച ഹയർസെക്കണ്ടറി സ്കൂളുകളിലൊന്നായി, സെന്റ് അലോഷ്യസ് ഹയർസെക്കണ്ടറി സ്കൂൾ മുന്നേറ്റം തുടരുന്നു. പ്രിൻസിപ്പൽ ഡോ.ആന്റണി മാത്യു, വട്ടക്കളത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂളിന്, അദ്ധ്യാപകർ, അനദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർ കലവറയില്ലാത്ത പിന്തുണ നൽകിവരുന്നു. മികച്ച അച്ചടക്കവും കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങളും സ്കൂളിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിക്കുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളും പരിസരവും ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശാനുസരണം കുട്ടനാട് റെസ്ക്യൂ ടീമിന്റെ സഹായത്തോടെ അണുനശീകരണം നടത്തി. കോവിഡ് വ്യാപനം മൂലം മാറ്റിവയ്ക്കപ്പെട്ട പൊതുപരീക്ഷകൾ ഒരു ഇടവേളയ്ക്ക് ശേഷം പുനരാരംഭിച്ചപ്പോൾ പങ്കെടുക്കാനെത്തിയ കുട്ടികൾക്കും സ്റ്റാഫിനും എൻ.എസ്.എസ്. വോളണ്ടിയേഴ്സ് മാസ്ക് നിർമ്മിച്ച് നൽകി. മാസ്ക് വിതരണത്തിൽ എൻ.എസ്.എസ്. കോർഡിനേറ്റർ ഷൈനി മൈക്കിൾ നേതൃത്വം നൽകി. മാർച്ചിലെ പൊതുപരീക്ഷയിൽ റെഗുലറും ഓപ്പൺസ്കൂളും ഉൾപ്പെടെ 426 കുട്ടികൾ പരീക്ഷയെഴുതി. പരീക്ഷയിൽ 87% വിജയം നേടുകയും 8 കുട്ടികൾ ഫുൾ A+ കരസ്ഥമാക്കുകയും ചെയ്തു.

20 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം രസതന്ത്രം അദ്ധ്യാപികയായിരുന്ന അന്നമ്മ ജോസഫ് സർവ്വീസിൽ നിന്ന് വിരമിച്ചു. 5 വർഷത്തെ നിസ്വാർത്ഥസേവനത്തിനുശേഷം പ്രിൻസിപ്പലായിരുന്ന ഡോ.ആന്റണി മാത്യു മെയ് 31 ന് ചങ്ങനാശ്ശേരി സെന്റ് ബെർക്കുമെൻസ്

ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായി സ്ഥലം മാറിപ്പോയി. തുടർന്ന് ജൂൺ 1-ാം തീയതി പുതിയ പ്രിൻസിപ്പലായി മാത്യു വർഗ്ഗീസ് ചുമതലയേറ്റെടുത്തു.

കോവിഡ് പകർച്ചവ്യാധി മൂലം റെഗുലർ ക്ലാസ്സുകൾ മുടങ്ങിയ 2020-21 അദ്ധ്യയനവർഷത്തിലെ രണ്ടാംവർഷ വിദ്യാർത്ഥികൾക്കായി ജൂണിൽ ആരംഭിച്ച ഓൺലൈൻ ക്ലാസ്സുകൾ ഭംഗിയായി നടക്കുന്നു. 2020-21 ഒന്നാംവർഷ വിദ്യാർത്ഥികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഹെൽപ് ഡെസ്ക് ആരംഭിച്ചു. അഡ്മിഷൻ തേടുന്ന കുട്ടികൾക്ക് വേണ്ട എല്ലാ സഹായങ്ങളും രാജിമോൾ ജോസഫ് എച്ച്.ഐ.റ്റി.സി. യുടെ നേതൃത്വത്തിൽ നൽകിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന 3 വിദ്യാർത്ഥികൾക്ക് ടെലിവിഷനും 2 പേർക്ക് മൊബൈൽ ഫോണും സ്കൂളിൽ നിന്നും സൗജന്യമായി നൽകി. ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിലേക്ക് സാമ്പത്തികസഹായം നൽകി.

ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ വഴിയായി പരിഹാരബോധന ക്ലാസ്സുകൾ നൽകിക്കൊണ്ടിരിക്കുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സഹായിച്ചുകൊണ്ടിരിക്കുന്ന മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചനോടും പള്ളിക്കമ്മിറ്റി അംഗങ്ങളോടും ഞങ്ങൾക്കുള്ള നന്ദി അറിയിക്കുന്നു. പിന്തുണ നൽകുന്ന അദ്ധ്യാപകരേയും അനദ്ധ്യാപകരേയും രക്ഷിതാക്കളേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

## 3. സെന്റ് അലോഷ്യസ് ഹൈസ്കൂൾ, എടത്വാ

കോവിഡ് 19 വ്യാപനത്തിന്റെ പരിമിതികളിൽ, ദൈവം കനിഞ്ഞുനൽകിയ വലുതും ചെറുതുമായ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിച്ചുകൊണ്ട് സെന്റ് അലോഷ്യസ് ഹൈസ്കൂളിന്റെ നാൾ വഴികളിലേക്ക് ഒരെത്തിനോട്ടം.

**മാസ്റ്റർ അലോഷ്യസ് പുരസ്കാരങ്ങൾ**

പാഠ്യപാഠ്യേതര പ്രവർത്തങ്ങളുടെ അടിസ്ഥാനത്തിൽ 2019-20 അധ്യയന വർഷത്തിലെ മാസ്റ്റർ അലോഷ്യസ് ആയി റോണി തോമസ് (ക്ലാസ്സ് 10), ജൂണിയർ അലോഷ്യസ് ആയി മിഥുൻ നോബിൾ (ക്ലാസ്സ് 7) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സ്കൂൾ മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷികയോഗത്തിൽ വച്ച് കോർപറേറ്റ് മാനേജർ ബഹുമാനപ്പെട്ട മനോജ് കറുകയിൽ അച്ചൻ പുരസ്കാരങ്ങൾ ജേതാക്കൾക്ക് കൈമാറി.

**യാത്രാമംഗളങ്ങൾ**

നീണ്ട വർഷങ്ങളിലെ അധ്യാപനതപസ്യക്കുശേഷം സ്കൂളിന്റെ പടിയിറങ്ങിയ ഏലിയാമ്മ ജോസഫ്, ജെസമ്മ ചെറിയാൻ, വത്സമ്മ സെബാസ്റ്റ്യൻ, റവ.സി.വിനീത SABS എന്നിവർക്ക് യാത്രാമംഗളങ്ങൾ നേർന്നുകൊണ്ട് മെയ് 31 ന് ഔദ്യോഗികമായി യാത്രയാക്കി.

കഴിഞ്ഞ 3 വർഷമായി സെന്റ് അലോഷ്യസ് ഹൈസ്കൂൾ വിഭാഗം സാരഥ്യം നിർവ്വഹിച്ചിരുന്ന തോമസ്കുട്ടി മാത്യു ചീരംവേലിൽ നെടുംകുന്നം ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായി ജൂൺ 1-ാം തീയതി സ്ഥലം മാറിപ്പോവുകയും പകരം നമ്മുടെ ഇടവകാംഗമായ ടോം ജെ. കൂട്ടക്കര ഹെഡ്മാസ്റ്ററായി ചുമതല ഏൽക്കുകയും ചെയ്തു. അതോടൊപ്പം പച്ച ലൂർദ്ദ് മാതാ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നമ്മുടെ അധ്യാപകൻ സിൽജോ സി. കണ്ടത്തിലും ചുമതലയേറ്റു. മൂവർക്കും പ്രാർത്ഥനാനിർഭരമായ ആശംസകൾ.

**നേട്ടങ്ങൾ, വിജയങ്ങൾ**

SSLC പരീക്ഷയിൽ 8-ാം പ്രാവശ്യവും സ്കൂൾ 100% വിജയം നേടി. 12 കുട്ടികൾ ഫുൾ A+ ഉം 5 പേർ 9A+ ഉം നേടി. മാസ്റ്റർ റോണി തോമസ്, അക്ഷയ് സെബാസ്റ്റ്യൻ, ജെറിൻ വർഗ്ഗീസ്, എഡ്വിൻ ജോസഫ്, സെഫിൻ ഷോജി, എബിൻ തോമസ്, നിമിൽ കെ. ജോയി, ബർക്കുമാൻസ് വട്ടക്കളം, അനന്തുകൃഷ്ണ, അക്ഷയ് സുരേഷ്, ആദിത്യൻ എസ്.കുമാർ, അമൽ ദാനിയേൽ എന്നിവരാണ് ഫുൾ A+ ജേതാക്കൾ. ഷാരോൺ വി.ഫ്രാൻസിസ്, അദ്വൈത് സന്തോഷ്, അലക്സ് ആന്റണി, എർവിൻ ജോസഫ്, സെൽബിൻ ജോൺ എന്നിവർ 9A+ നേടി.

**SSRC യ്ക്ക് അതിരൂപതയിൽ ഒന്നാം റാങ്ക്**

ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ്തലത്തിൽ നടന്ന SSRC (Religion) പരീ

ക്ഷയിൽ 10-ാം ക്ലാസ്സിലെ റോണി തോമസ് 1-ാം റാങ്കും, എഡ്‌വിൻ ജോസഫ് 3-ാം റാങ്കും, അക്ഷയ് സെബാസ്റ്റ്യൻ 4-ാം റാങ്കും, എബിൻ തോമസ് 6-ാം റാങ്കും കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ. ശ്രദ്ധേയമായ ഈ നേട്ടം കൈവരിക്കാൻ കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകിയ Sr. ജാൻസി ഓണംകുളം SABS ന് നന്ദി. പൊതുവിദ്യാഭ്യാസവകുപ്പ് സംഘടിപ്പിച്ച സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ യു.പി.വിഭാഗത്തിൽ നിന്നും 7 കുട്ടികൾ സ്കോളർഷിപ്പ് നേടി.

കോർപ്പറേറ്റ് മാനേജ്മെന്റ്തലത്തിൽ നടന്ന ടാലന്റ് ഹണ്ട് പരീക്ഷയിൽ മാസ്റ്റർ ആൽവിൻ പി.ബ്ലസ്സി, മാസ്റ്റർ അസ്സിൻ ജോമോൻ എന്നിവർ 4-ാം റാങ്ക് കരസ്ഥമാക്കി. SB ഹയർസെക്കണ്ടറി സ്കൂൾ സംഘടിപ്പിച്ച ഇന്റർസ്കൂൾ ക്വിസ് മത്സരത്തിൽ യു.പി.വിഭാഗത്തിൽ ആൻജോ മാത്യു അനിൽ രണ്ടാം സ്ഥാനം നേടി. NMMS പരീക്ഷയിൽ ആരോമൽ റ്റി.എസും USS പരീക്ഷയിൽ മിഥുൻ നോബിളും വിജയം നേടി.

അടൽ ടിങ്കറിംഗ് ലാബ് കോർഡിനേറ്റർ അഖിൽ മാത്യു, അധ്യാപകരായ മിനി ജോസഫ്, ജസ്റ്റിൻ കെ.ജോൺ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ രണ്ട് ശ്രദ്ധേയമായ പ്രോജക്ടുകൾ പൂർത്തിയാക്കി. സൈക്കിൾ ഓടുമ്പോൾത്തന്നെ മൊബൈൽ ചാർജ് ചെയ്യാനുള്ള സംവിധാനം, കാഴ്ച ഇല്ലാത്തവരെ സഹായിക്കാനുള്ള ബ്ലൈന്റ് സ്റ്റിക് എന്നിവയാണ് സമൂഹനന്മ ലക്ഷ്യമാക്കി വികസിപ്പിച്ച പ്രോജക്ടുകൾ.

**അലോഷ്യൻ ഭേരി**

'അലോഷ്യൻ ഭേരി' എന്ന പേരിൽ തയ്യാറാക്കിയ വിദ്യാലയ ബ്രോഷർ മികവുറ്റ വിദ്യാലയ പ്രവർത്തനങ്ങളുടെ നേർച്ചിത്രങ്ങളോടെ പുറത്തിറക്കി.

**ദിനാചരണങ്ങൾ**

വായനാദിനാചരണം : 2020 ജൂൺ 19 ന് നടന്ന വായനാദിനത്തിലും തുടർന്നുള്ള വായനാവാരാചരണത്തിലും കുട്ടികളുടെ പങ്കാളിത്തം ശ്രദ്ധേയമായി. വായനാമത്സരം, ക്വിസ് പ്രോഗ്രാം, പുസ്തകനിരൂപണം, ശ്രീ പി.എൻ.പണിക്കർ അനുസ്മരണം എന്നിവയിലൂടെ ഓൺലൈൻ പ്രോഗ്രാം സജീവമാക്കാൻ അലോഷ്യസ് വിദ്യാരംഗം കലാസാഹിത്യവേദിക്കു കഴിഞ്ഞു. സമാപനത്തിൽ കുട്ടനാടിന്റെ പ്രിയസാഹിത്യകാരനും 2019-ലെ വയലാർ അവാർഡ് ജേതാവുമായ വി.ജെ.ജെയിംസ് കുട്ടികൾക്ക് സന്ദേശം നൽകി. കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വളർത്തിയെടുക്കാൻ ഓൺലൈൻ മത്സരപരിപാടികൾ വായനക്കുടുക്ക എന്ന പേരിൽ ഓരോ മാസവും നടത്തിവരുന്നു. കൂടാതെ ഓരോ മാസവും ക്രമീകരിച്ചിരിക്കുന്ന മെഗാക്വിസും ആകർഷകം തന്നെ. വിജയികൾക്ക് മെറിറ്റ് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകിവരുന്നു.

**സ്വാതന്ത്ര്യദിനം**

സ്വാതന്ത്ര്യദിനാചരണം കോവിഡ് പശ്ചാത്തലത്തിൽ ലളിതമായി നടത്തി. സെന്റ് അലോഷ്യസ് LP സ്കൂൾ ഹെഡ്മിസ്ട്രസ് റവ.സി.ലിൻസ്മേരി SABS പതാകയുയർത്തി. ചമ്പക്കുളം ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകൻ ജോജോ തോമസ് ചിറയിൽ, ഹെഡ്മാസ്റ്റർ ടോം ജെ. കൂട്ടക്കര, സ്റ്റാഫ് സെക്രട്ടറി ജോസ് ജെ. വെട്ടിയിൽ, PTA പ്രസിഡന്റ് സേവ്യർ മാത്യു നെല്ലിക്കൽ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് മധുരം വിതരണം ചെയ്തു.

**ഓണാഘോഷം**

'ഓണത്തുമ്പി' എന്ന പേരിൽ ഈ വർഷം നടന്ന ഓൺലൈൻ ഓണാഘോഷം കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവേശം പകരുന്നതായിരുന്നു. കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. അധ്യാപിക ജെസ്സി ജോൺ ഓണാശംസകൾ നേർന്നു. സെന്റ് അലോഷ്യസ് ഫെയ്സ്ബുക്ക് പേജിൽ അപ്‌ലോഡ് ചെയ്ത എൻട്രികൾ അധ്യാപകർ വിലയിരുത്തി അംഗീകാരം നൽകുകയും ചെയ്തു.

**Path Finder 2020**

10-ാം ക്ലാസ്സ് വിജയിച്ച കുട്ടികൾക്ക് ഭാവിപഠനരംഗത്ത് മാർഗനിർദ്ദേശം നൽകുന്നതിന് സ്കൂൾ അടൽ ടിങ്കറിംഗ് ലാബിന്റെ നേതൃത്വത്തിൽ Path Finder 2020' എന്ന സെമിനാർ സംഘടിപ്പിച്ചു. കരിയർ സാധ്യതകളെ ആധാരമാക്കി എടത്വാ കോളേജ് പ്രിൻസിപ്പാൾ ഡോ.ജോച്ചൻ ജോസഫ്

ഹൗസിംഗ് ബോർഡ് റിട്ടയേർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജഗൻ തോമസ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. മാനവശേഷി വികസനപരിശീലകനും മികച്ച വാഗ്മിയും ചമ്പക്കുളം സെന്റ് മേരീസ് ഗണിതാധ്യാപകനുമായ ജോസുകുട്ടി സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. ATL കോർഡിനേറ്റർ അഖിൽ മാത്യു പ്രോഗ്രാമിന് നേതൃത്വം നൽകി. ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിന്നുള്ള കുട്ടികളും അധ്യാപകരും ഇതിൽ പങ്കെടുത്തു.

**ഇ–ആദരം**

SSLC, USS, NMMS എന്നീ പരീക്ഷകളിലെ വിജയികളെ ആദരിക്കാൻ സജ്ജീകരിച്ച 'ഇ-ആദരം' പരിപാടി ഏറെ സമൂഹശ്രദ്ധ ആകർഷിക്കുകയുണ്ടായി. ഓഗസ്റ്റ് 16–ാം തീയതി ഗൂഗിൾ മീറ്റ് വഴി ക്രമീകരിച്ച പൊതുസമ്മേളനം എം.പി. കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ വെരി.റവ.ഫാ.മാത്യു ചൂരവടി അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പൂർവ്വ വിദ്യാർത്ഥിയും ചങ്ങനാശ്ശേരി എസ്.ബി.കോളേജ് പ്രിൻസിപ്പലുമായ ഡോ.ജേക്കബ് മാത്യു മുണ്ടകത്തിൽ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ മാത്തുക്കുട്ടി വർഗ്ഗീസ്, ഹെഡ്മാസ്റ്റർ ടോം ജെ.കൂട്ടക്കര, പി.ടി.എ. പ്രസിഡന്റ് സേവ്യർ മാത്യു നെല്ലിക്കൽ, അധ്യാപക പ്രതിനിധികളായ ജസ്റ്റിൻ വി.ജോസഫ്, ജോസ് ജെ.വെട്ടിയിൽ എന്നിവർ ജേതാക്കൾക്ക് ആശംസകൾ നേർന്നു. മാസ്റ്റർ റോണി തോമസ് ജേതാക്കൾക്കുവേണ്ടി നന്ദി പ്രകാശിപ്പിച്ചു.

**പഠനപ്രവർത്തനങ്ങൾ**

കോവിഡ് കാലത്ത് കുട്ടികളുടെ ബൗദ്ധിക മാനസിക വികസനത്തിന് ആവശ്യമായ ക്ലാസ്സുകളും തുടർപ്രവർത്തനങ്ങളും വിനോദങ്ങളും ഗൂഗിൾമീറ്റ്, ഗൂഗിൾ ക്ലാസ്സ്റൂം, വാട്സ് ആപ്പ്, അലോഷ്യൻ കൈറ്റ് ഫെയ്സ്ബുക്ക് ചാനൽ, ഗൂഗിൾ പ്ലാറ്റ്ഫോം എന്നീ മാധ്യമങ്ങളിലൂടെ ക്രമീകരിക്കുവാൻ ഹെഡ്മാസ്റ്ററിന്റെ നേതൃത്വത്തിൽ അധ്യാപകർ ശ്രദ്ധിച്ചുവരുന്നു. സാമ്പത്തിക പരിമിതികളുള്ള കുട്ടികൾക്ക് സ്പോൺസർഷിപ്പിലൂടെ ലഭ്യമായ ടെലിവിഷൻ, മൊബൈൽഫോൺ, ടാബ് തുടങ്ങിയ പഠനോപാധികൾ നൽകി കോവിഡ്കാല പഠനം സുഗമമാക്കുവാൻ പരിശ്രമിക്കുന്നു.



## 4. സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, എടത്വാ

കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സമഗ്രമായ വളർച്ച മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂൾ ഏറ്റെടുത്ത് നടത്തുന്നത്. 2019–20 അദ്ധ്യയന വർഷത്തിൽ 111 വിദ്യാർത്ഥിനികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി നൂറുമേനി വിജയം കരസ്ഥമാക്കാൻ കഴിഞ്ഞു. 12 കുട്ടികൾ ഫുൾ എ+ ഉം 3 പേർ 9 എ+ ഉം 2 പേർ 8 എ+ ഉം നേടി.

പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ക്യൂൻ ഓഫ് സെന്റ് മേരീസ് ആയി തെരേസാ സ്കറിയാ ലാലിച്ചൻ (ക്ലാസ്സ് 10), അന്നമ്മ സ്കറിയാ ലാലിച്ചൻ (ക്ലാസ്സ് 7) എന്നിവർ യഥാക്രമം എച്ച്.എസ്., യു.പി. തലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. സ്കൂൾ മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷികയോഗത്തിൽ വച്ച് കോർപറേറ്റ് മാനേജർ ബഹുമാനപ്പെട്ട മനോജ് കറുകയിൽ അച്ചൻ പുരസ്കാരങ്ങൾ ജേതാക്കൾക്ക് കൈമാറി.

ഫെബ്രുവരി 25 ന് നടന്ന പഠനോത്സവം 2020 എന്ന പരിപാടിയിൽ 5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾ പഠനനൈപുണ്യങ്ങൾ പങ്കുവച്ചു. ഏപ്രിൽ മാസത്തിൽ പൊതുവിദ്യാഭ്യാസവകുപ്പും സമഗ്ര ശിക്ഷാകേരളവും നടത്തിയ അക്ഷരവൃക്ഷം കാൻവാസ് 2020 എന്ന പരിപാടിയിൽ പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി കുട്ടികൾ കഥ, കവിത, ലേഖനം, പോസ്റ്റർ, ചിത്രങ്ങൾ എന്നിവ തയ്യാറാക്കി. മെയ് മാസത്തിൽ യു.പി.അദ്ധ്യാപകർക്കായി നടന്ന ഓൺലൈൻ ക്ലാസ്സിൽ എല്ലാ അദ്ധ്യാപകരും പങ്കെടുത്തു. അതിരൂപതാ കോർപറേറ്റ് മാനേജ്മെന്റ് നടത്തിയ റിലിജിയൻ സ്കോളർഷിപ്പ് പരീക്ഷയിൽ 9–ാം ക്ലാസ്സിലെ കീർത്തന മേരി സിൽജോ 4–ാം റാങ്കും ജൂബിൾ മരിയാ ജോസഫ് 7–ാം റാങ്കും നേടി.

കഴിഞ്ഞ 7 വർഷക്കാലം ഈ വിദ്യാലയത്തെ മുന്നോട്ടു നയിച്ച ഊർജ്ജസ്വലയായ പ്രഥമാദ്ധ്യാപിക ട്രീസാ സെബാസ്റ്റ്യൻ മെയ് 31 ന് തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. ജൂൺ

1-ാം തീയതി ഈ ഇടവകാംഗമായ ലൈസാമ്മ ജോൺ പ്രഥമാദ്ധ്യാപികയായി നിയമിതയായി.

2020-21 അദ്ധ്യയനവർഷത്തിൽ 5 മുതൽ 9 വരെ ക്ലാസ്സുകളിലായി 89 വിദ്യാർത്ഥിനികൾ പുതിയതായി പ്രവേശനം നേടി. ഇപ്പോൾ ആകെ 412 കുട്ടികൾ പഠിക്കുന്നുണ്ട്. ഹെഡ്മിസ്ട്രസ് ലൈസാമ്മ ടീച്ചറിന്റെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. പൊതുവിദ്യാഭ്യാസവകുപ്പ് നടത്തുന്ന ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ഓരോ ക്ലാസ്സിനും വാട്സ് ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും സ്കൂളിന്റെ പേരിൽ യൂട്യൂബ് ചാനൽ ആരംഭിക്കുകയും ചെയ്തു.

ഓൺലൈൻ പഠനത്തിനായി യു.പി., ഹൈസ്കൂൾ വിഭാഗത്തിലെ രണ്ടു വിദ്യാർത്ഥിനികൾക്ക് സ്കൂളിലെ രണ്ട് അദ്ധ്യാപകർ ടി.വി. വാങ്ങി നൽകി. കൂടാതെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ രണ്ട് ടി.വി.സെറ്റുകൾ കുട്ടികൾക്ക് ലഭിച്ചു. സ്മാർട്ട് ഫോൺ സർവ്വീസ്, ചാർജ്ജിംഗ് തുടങ്ങിയവക്കുള്ള സാമ്പത്തികസഹായങ്ങളും സ്കൂളിന്റെ നേതൃത്വത്തിൽ ചെയ്തുവരുന്നു. വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾക്കൊപ്പം ഗൂഗിൾ മീറ്റിലൂടെയും വാട്സ് ആപ്പ് വഴിയും ക്ലാസ്സുകളും നോട്ട്സും നൽകുന്നു.

ജൂൺ 19 വായനാദിനം സമുചിതമായി നടത്തി. ഹെഡ്മിസ്ട്രസ് ലൈസാമ്മ ടീച്ചർ കുട്ടികൾക്ക് വായനാദിനസന്ദേശം നൽകി. പുസ്തകപരിചയപ്പെടുത്തൽ, കഥ, വായന, കവിതാലാപനം, പ്രസംഗം, പോസ്റ്റർ രചന, മതഗ്രന്ഥവായന എന്നിവ ഉൾപ്പെടുത്തിയ വീഡിയോ യൂട്യൂബിൽ അപ്‌ലോഡ് ചെയ്തു. ജൂൺ 26 ലഹരി വിരുദ്ധദിനത്തിൽ സ്കൂൾ മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ കുട്ടികൾക്ക് സന്ദേശം നൽകി. കുട്ടികൾക്കായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങൾ ഉൾപ്പെടുത്തി വീഡിയോ തയ്യാറാക്കി ചാനലിൽ അപ്‌ലോഡ് ചെയ്തു. കുട്ടികളുടെ പാഠ്യേതരപ്രവർത്തനങ്ങളുടെ ഭാഗമായി പാചകം, പൂന്തോട്ടനിർമ്മാണം, പേപ്പർ ക്രാഫ്റ്റ് വർക്കുകൾ തുടങ്ങിയവയും ക്ലാസ്സ് ഗ്രൂപ്പുകളിൽ പോസ്റ്റുചെയ്യുന്നു. പഠന പുരോഗതി വിലയിരുത്തുന്നതിലും അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുന്നു.



## 5. സെന്റ് മേരീസ് എൽ.പി.എസ്., എടത്വാ

ഭാവിയുടെ വാഗ്ദാനങ്ങളായി, ഇളംതലമുറയെ വാർത്തെടുക്കുന്നതിൽ അശ്രാന്തപരിശ്രമം ചെയ്യുന്ന സ്കൂൾ തലവടി സബ്ജില്ലയിലെ മികവുറ്റ സ്കൂളുകളിൽ ഒന്നാണ്. അറിവുനേടുന്നതിനൊപ്പം ധാർമികമൂല്യങ്ങളിൽ വളരുന്നതിന് ഉതകുന്ന പരിശീലനവും നൽകിവരുന്നു

ചങ്ങനാശ്ശേരി അതിരൂപതയിലെ ബെസ്റ്റ് എൽ.പി.സ്കൂൾ എന്നതടക്കം നിരവധി മികവുകൾ നേടി തുടർച്ചയായി വിജയപഥം അലങ്കരിക്കുന്ന വിദ്യാലയമാണിത്. കുട്ടനാട്ടിലെ എൽ.പി.വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ കുട്ടികൾ അധ്യയനം നടത്തുന്നത് ഈ സ്കൂളിലാണ്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ ഈ വിദ്യാലയം ശ്രദ്ധ പതിപ്പിക്കുന്നു.

നൂറ്റാണ്ടുകളായി കുരുന്നുകൾക്ക് അക്ഷരദീപം തെളിച്ച് സംസ്ഥാന അവാർഡിന്റെ തിളക്കവുമായി ശിരസ്സുയർത്തി നിൽക്കുന്ന സ്കൂളിന്റെ 132-ാമത് വാർഷികം, രക്ഷാകർത്തൃസമ്മേളനം, യാത്രയയപ്പ് എന്നിവ ഏകോപിപ്പിച്ച് 2020 മാർച്ച് മാസം 5-ാം തീയതി നടത്തപ്പെട്ടു. മൂന്നരപ്പതിറ്റാണ്ടിലേറെയായി സഹസ്രങ്ങൾക്ക് ജ്ഞാനവും ധാർമ്മികമൂല്യങ്ങളും പകർന്ന പ്രധാന അദ്ധ്യാപിക ബീനാ തോമസ് കളങ്ങര ടീച്ചറിനും തന്റെ കർമ്മവേദിയിൽ ഒളിമങ്ങാത്ത പ്രവർത്തനങ്ങൾ കാഴ്ചവച്ച ജെസി മാത്യു ഊരാംവേലിൽ ടീച്ചറിനും സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

2020 ജൂൺ ഒന്ന് മുതൽ സ്കൂളിന്റെ പുതിയ ഹെഡ്മിസ്ട്രസ് ആയി നമ്മുടെ ഇടവകാംഗമായ മിനു സോബി വാളംപറമ്പിൽ ചുമതല ഏറ്റെടുത്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഓൺലൈൻ പഠനം അധ്യാപകർ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. ദിനാചരണങ്ങൾ ഓൺലൈൻ വഴി നടത്തപ്പെടുന്നു. കൂടാതെ ക്ലാസ്സ് പി.റ്റി.എ., എസ്.ആർ.ജി.യോഗങ്ങൾ, സ്റ്റാഫ് മീറ്റിംഗുകൾ തുടങ്ങിയവയും ഓൺലൈൻ വഴി നടത്തി. ഓൺലൈൻ ക്ലാസ്സുകൾക്ക് അസൗകര്യം ഉണ്ടായിരുന്ന കുഞ്ഞുങ്ങൾക്ക് എടത്വാ പയസ് ടെൻത് ഐ.റ്റി.ഐ. അലുമിനി അസോസിയേഷൻ, ബി.ആർ.സി., സന്നദ്ധസംഘടന

കൾ, സുമനസ്സുകൾ എന്നിവരുടെ സഹായത്തോടെ ടെലിവിഷൻ വിതരണം ചെയ്തു. കൂടാതെ പയസ് ടെൻത് ഐ.റ്റി.ഐ. യുടെ ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ പ്രളയാനന്തരശുചീകരണം നടത്തി.

സർവ്വേശ്വരന്റെ കൃപാകടാക്ഷത്തോടൊപ്പം മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് കമ്മിറ്റിയുടെയും രക്ഷിതാക്കളുടെയും പ്രോത്സാഹനവും പിന്തുണയും സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി വളർത്താൻ സഹായിക്കുന്നു.

**തനതായ മികവുകൾ**

- കൃപാ റോസ് ബിൽബി, അമ്മു എസ്., അന്നാ മേരി വർഗ്ഗീസ്, ഷിനോ സെബാസ്റ്റ്യൻ വർഗ്ഗീസ് എന്നീ കുട്ടികൾക്ക് എൽ.എസ്.എസ്. സ്കോളർഷിപ്പ്
- ജൈവവൈവിധ്യ ഉദ്യാനം ജില്ലാതലം ഒന്നാം സ്ഥാനവും, സംസ്ഥാനതലം രണ്ടാം സ്ഥാനവും
- കുട്ടികളുടെ മാനസിക ഉല്ലാസത്തിന് കിഡ്സ് പാർക്ക്
- മത്സ്യക്കുളം, ഔഷധസസ്യ-ഫലവൃക്ഷത്തോട്ടം, പക്ഷിത്താവളം, തേനീച്ചപ്പെട്ടി, ടയർഗാർഡൻ, ഏറുമാടം തുടങ്ങിയവ കൊണ്ട് ആകർഷകമായ സ്കൂൾ ക്യാംപസ്
- ശാസ്ത്ര അഭിരുചി വളർത്താനുള്ള ശാസ്ത്രപാർക്ക്
- ബാന്റ്സെറ്റ്, ഗ്രീൻക്യാപ്സ്, കുട്ടിക്കർഷകസേന, ടാലന്റ്ലാബ്
- വിശാലമായ കംപ്യൂട്ടർ റൂം, ലൈബ്രറി

# 6. സെന്റ് അലോഷ്യസ് എൽ.പി.എസ്., എടത്വാ

എടത്വാ സെന്റ് അലോഷ്യസ് എൽ.പി. സ്കൂൾ കഴിഞ്ഞ 111 വർഷമായി സമൂഹമദ്ധ്യത്തിൽ മികവുറ്റ പ്രവർത്തനം കാഴ്ചവച്ചുവരുന്നു. പഠനത്തിൽ മാത്രമല്ല പാഠ്യേതര പ്രവർത്തനങ്ങളിലും ഇവിടുത്തെ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നവരാണ്. ഹെഡ്മിസ്ട്രസ് റവ.സി.ലിൻസ്മേരി SABS ന്റെ നേതൃത്വത്തിൽ 10 അധ്യാപകരും സുസജ്ജമായ പി.ടി.എ. യും സ്കൂളിന് കരുത്തുപകരുന്നു.

പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സ്കൂൾ മുറ്റത്ത് നെല്ല് കൃഷി ചെയ്ത് വിളവെടുക്കാൻ സാധിച്ചതിൽ ഏറെ അഭിമാനവും സന്തോഷവും ഉണ്ട്. ഔഷധഗുണമുള്ള 12 ഇനങ്ങളിൽപ്പെട്ട നെൽവിത്തുകളാണ് ഇവിടെ കൃഷി ചെയ്ത് വിളവെടുത്തത്. കുട്ടികളുടെ ഈ മഹാസംരഭത്തിന് അഭിനന്ദനമർപ്പിക്കാനും കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്യാനുമായി ആലപ്പുഴ ജില്ലാ കലക്ടർ ശ്രീമതി എം.അഞ്ജനയെ ലഭിച്ചത് സ്കൂളിന് അഭിമാനകരമായ നേട്ടമായി. മാനേജ്മെന്റിന്റെയും പി.ടി.എ. യുടെയും ശക്തമായ പിന്തുണയോടെയാണ് സ്കൂളിന് ഇത്തരത്തിലൊരു സംരംഭം വിജയിപ്പിക്കാൻ സാധിച്ചത്. വിദ്യാലയമികവുകൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ കോർണർ പി.ടി.എ. കളും പഠനോത്സവും നടത്തി. പുതിയ അധ്യയനവർഷത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സ്കൂൾ മാനേജർ വെരി.റവ.ഫാ. മാത്യു ചൂരവടി സ്കൂൾ പരിസരത്ത് വൃക്ഷത്തൈ നട്ടു. കുട്ടികൾക്കായി പരിസ്ഥിതിക്വിസ് മത്സരം ഓൺലൈനായി നടത്തി. വായനാദിനം, ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം എന്നിവ സമുചിതമായി ആചരിച്ചു.

സർക്കാർതലത്തിൽ നൽകുന്ന ഓൺലൈൻ ക്ലാസ്സുകൾക്ക് പുറമേ ക്ലാസ്സടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ വർക്ക്ഷീറ്റുകളും മറ്റ് തുടർപ്രവർത്തനങ്ങളും മൂല്യനിർണ്ണയവും നടത്തിവരുന്നു. ഗൂഗിൾമീറ്റിലൂടെ കുട്ടിയുമായും രക്ഷിതാവുമായും നിരന്തരസമ്പർക്കത്തിലേർപ്പെടാൻ അധ്യാപകർ ശ്രദ്ധിക്കുന്നു. ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാതിരുന്ന 10 കുട്ടികൾക്ക് ടെലിവിഷനും 5 കുട്ടികൾക്ക് സ്മാർട്ട് ഫോണുകളും അധ്യാപകരും പി.ടി.എ. യും മറ്റ് സന്നദ്ധസംഘടനകളും ചേർന്ന് ലഭ്യമാക്കി. സ്കൂളിന് സ്വന്തമായി ഒരു യൂട്യൂബ് ചാനൽ ആരംഭിക്കുവാൻ സാധിച്ചു. പഠനവൈകല്യമുള്ള കുട്ടികൾക്ക് വൈറ്റ് ബോർഡ് സംവിധാനത്തിലൂടെ വേണ്ട പിന്തുണ നൽകിവരുന്നു. കഴിഞ്ഞവർഷത്തെ എൽ.എസ്.എസ്. പരീക്ഷയിൽ ലക്ഷ്മി ബിജു സ്കോളർഷിപ്പ് നേടി.

സ്കൂൾ പരിസരം എടത്വാ പയസ് ടെൻത് ഐ.റ്റി.ഐ. അലുമിനി അസോസിയേഷന്റെ ഭാഗമായ ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ ശുചിയാക്കി. സംസ്ഥാനസർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഈ സ്കൂളിലെ മുഴുവൻ അധ്യാപകരും പങ്കെടുത്തുവരുന്നു. സ്കൂൾ മാനേജ്മെന്റിന്റെയും പി.ടി.എ. യുടെയും പിന്തുണയും പ്രോത്സാഹനവും സ്വീകരിച്ച് സ്കൂൾ, വികസനപാതയിൽ മുന്നേറുന്നു.

## 7. ജോർജ്ജിയൻ പബ്ലിക് സ്കൂൾ & ജൂണിയർ കോളേജ്, എടത്വാ

എടത്വായുടെ കാവൽ പിതാവായ വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമധേയത്തിൽ സ്ഥാപിതമായ സ്കൂൾ അതിന്റെ സേവനപാതയിൽ വിജയകരമായ 25 വർഷം പൂർത്തിയാക്കുകയാണ്. സ്കൂളിന്റെ അമരക്കാരനായ ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചന്റെ ക്രാന്തദർശിത്വവും നിശ്ചയദാർഢ്യവും ഈ കലാലയത്തിന്റെ ക്രമാനുഗതമായ പുരോഗതിയെ ത്വരിതപ്പെടുത്തുന്നു.

9, 10 ക്ലാസ്സുകളിലെ പരീക്ഷകൾ യഥാസമയം പൂർത്തിയാക്കി. കോവിഡ് മഹാമാരി നിമിത്തം 8-ാം ക്ലാസ്സ് വരെയുള്ള പരീക്ഷകൾ പാതിവഴിയിൽ ഉപേക്ഷിച്ചെങ്കിലും ഗവൺമെന്റ് നിർദ്ദേശം പാലിച്ച് ഫലപ്രഖ്യാപനം നടത്തി. കോവിഡ് കാലത്തെ അദ്ധ്യയനം സംബന്ധിച്ച വകുപ്പുതല നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് തന്നെ ജോർജ്ജിയനിൽ ഓൺലൈൻ പഠനം ആരംഭിച്ചു. ഏപ്രിൽ മാസത്തിൽത്തന്നെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് പത്താം ക്ലാസ്സിലെ കുട്ടികൾക്ക് ക്ലാസ്സ് തുടങ്ങി. പിന്നീട് സൂം ആപ്പുവഴി ഓൺലൈൻ റെഗുലർ ക്ലാസ്സിന് തുടക്കമിട്ടു. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇത് ഏറെ ആശ്വാസം നൽകി. മെയ് മാസം മുതൽ 9, 10 ക്ലാസ്സിലെ കുട്ടികൾക്ക് ദിവസം മൂന്നുവിഷയം എന്ന രീതിയിൽ 10 മണി മുതൽ 1 മണി വരെ ടൈംടേബിൾ ക്രമീകരിച്ച് റെഗുലർ ക്ലാസ്സ് തുടങ്ങി. മെയ് മാസം പകുതിയോടെ നഴ്സറിതലം മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഓൺലൈൻ പഠനം സാധ്യമാക്കി. പ്ലസ്വൺതല ഓൺലൈൻ ക്ലാസ്സുകൾ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. അദ്ധ്യാപകർ ഓൺലൈൻ ടെസ്റ്റുകൾ വഴി കുട്ടികളുടെ പഠനമികവ് സമയാസമയങ്ങളിൽ വിലയിരുത്തുന്നുണ്ട്. ഇപ്പോൾ ഒന്നാം പീരിയോഡിക് ടെസ്റ്റ് നടന്നുകൊണ്ടിരിക്കുന്നു.



**ഡിജിറ്റൽ ലൈബ്രറി**

ജോർജ്ജിയൻ പബ്ലിക് സ്കൂളിന്റെ ചരിത്രത്തിലെ തന്നെ ഒരു നാഴികക്കല്ലാണ് ഈ വർഷം സ്കൂളിൽ ആരംഭിച്ച ഡിജിറ്റൽ ലൈബ്രറി. സ്കൂൾ മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ ഓൺലൈനായി ലൈബ്രറിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. എണ്ണായിരത്തോളം പുസ്തകങ്ങളാണ് കുട്ടികൾക്കായി ഇവിടെ സജ്ജീകരിക്കുന്നത്. വീട്ടിലിരുന്നുകൊണ്ട് തന്നെ കുട്ടികൾക്ക് ഇഷ്ടപ്പെട്ട പുസ്തകം വായിക്കാനും വിജ്ഞാനം വർദ്ധിപ്പിക്കാനും ഇതുവഴി സാധിക്കും.

കുട്ടികളുടെ കലാപരമായ വളർച്ചയെ പ്രോത്സാഹിപ്പിക്കാനായി വിവിധ കലാമത്സരങ്ങൾ (മ്യൂസിക്, ചിത്രരചന, ഇൻസ്ട്രമെന്റൽ മ്യൂസിക്) ഓൺലൈൻ വഴി നടത്തുന്നുണ്ട്. പത്രവായനാശേഷി വർദ്ധിപ്പിക്കുന്നതിനായി വാരാന്ത്യത്തിൽ ന്യൂസ്പേപ്പർക്വിസ് നടത്തി വിജയികളെ കണ്ടെത്തുന്നു. രജതജൂബിലി നിറവിൽ നിൽക്കുന്ന സ്കൂളിന് ഇരട്ടിമധുരം നൽകുന്ന ഉജ്ജ്വലവിജയമാണ് പത്താംക്ലാസ്സിലെ കുട്ടികൾ കാഴ്ചവച്ചത്. മാസ്റ്റർ ഏബൽ ജോസഫ് മുഴുവൻ വിഷയങ്ങൾക്കും എവൺ നേടി. പതിനൊന്ന് കുട്ടികൾ തൊണ്ണൂറു ശതമാനത്തിന് മുകളിൽ മാർക്ക് കരസ്ഥമാക്കി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ലളിതമായ ചടങ്ങുകളോടെ മെറിറ്റ് ഡേ നടത്തി. പ്രിൻസിപ്പൽ ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകത്ത് അച്ചൻ കുട്ടികൾക്ക് അവാർഡ് കൈമാറി. നാഷണൽ ലെവൽ എക്സാമിനേഷൻ 2019-20 ൽ ഈ സ്കൂളിലെ നിക് ജോർജ്ജ്, അനിക വിപിൻ, ജയദീപ് ജയൻ എന്നിവർ ജേതാക്കളായി.

**സ്റ്റേഫിറ്റ്**

സ്കൂളിൽ പോകാനാകാതെ കുട്ടികൾ മാനസികമായി ഏറെ പിരിമുറുക്കം അനുഭവിക്കുന്ന സാഹചര്യത്തിൽ സി.ബി.എസ്.ഇ. സ്കൂളുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്റ്റേഫിറ്റ്. കേരളാ ഒളിമ്പിക്സ് അസോസിയേഷനും സായ് എൻ.സി.പി.യും ചേർന്നു നടത്തുന്ന ഫിറ്റ്നസ് പ്രോ

ഗ്രാം കായികാധ്യാപകരുടെ നേതൃത്വത്തിൽ ഫലപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സിലെ കുട്ടികളെ മൂന്ന് കാറ്റഗറിയായി തിരിച്ച് ഓരോ ക്ലാസ്സിനും ആഴ്ചയിൽ രണ്ട് ഓൺലൈൻ ക്ലാസ്സ് എന്ന രീതിയിൽ പഠനം ക്രമീകരിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ അധ്യാപകർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ ഓൺലൈനായി സ്റ്റാഫ് മീറ്റിംഗ് നടത്തി യഥാസമയം നൽകിക്കൊണ്ടിരിക്കുന്നു. കൂടാതെ എല്ലാം വിശേഷദിവസങ്ങൾക്കും പ്രത്യേക പ്രാധാന്യം കൊടുത്തുള്ള പരിപാടികൾ കുട്ടികളുടെ പങ്കാളിത്തത്തോടെ അവതരിപ്പിച്ച് സ്കൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. പരിസ്ഥിതിദിനം, ഹിരോഷിമാദിനം, ആന്റിഡ്രഗ്സ് ഡേ, സ്വാതന്ത്ര്യദിനം തുടങ്ങിയവ ഈ രീതിയിൽ ആചരിച്ചു.

ദൈവാനുഗ്രഹത്താൽ, കോവിഡ് മഹാമാരി ഉണ്ടാക്കുന്ന എല്ലാ പ്രതിസന്ധികളേയും തരണം ചെയ്തുകൊണ്ട് സ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു.

## 8. എസ്.എം.എസ്.എസ്.എൽ.പി.എസ്., പാണ്ടങ്കരി

2020 മാർച്ച് 06 ന് വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശാനുസരണം പഠനോത്സവം നടത്തി. പഠനോത്സവസമ്മേളനത്തിൽ എടത്വാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കുരുവിള ജോസഫ് അദ്ധ്യക്ഷനായിരുന്നു. വാർഡ് മെമ്പർ ശ്രീമതി ശ്യാമളാ രാജൻ ഉദ്ഘാടനം ചെയ്തു. സി.ആർ.സി.കോർഡിനേറ്റർമാരായ രമ്യ, മായാലക്ഷ്മി, ബി.പി.ഒ. ജയകൃഷ്ണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഓരോ ക്ലാസ്സിലെയും വ്യത്യസ്ത വിഷയങ്ങളുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് സ്കിറ്റ്- ദി ലിറ്റിൽ ക്ലേ ഹട്ട്, വഞ്ചിപ്പാട്ട്, കടങ്കഥ, പ്രസംഗം, ദൃശ്യാവിഷ്ക്കാരം, കവിത (മലയാളം), ഡ്രാമ (ആരോഗ്യശുചിത്വബോധവൽക്കരണം) എന്നീ പരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു.

അന്നേ ദിവസം സ്കൂൾ വാർഷികം നടത്തി. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. പാഠ്യപാഠ്യേതരവിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തിയിരുന്ന കുട്ടികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി സാലിമ്മ ജോസഫ് സമ്മാനദാനം നിർവ്വഹിച്ചു.

ജൂൺ 1-ാം തീയതി പ്രഥമാധ്യാപികയായിരുന്ന ശ്രീമതി ത്രേസ്യാമ്മ ആന്റണി സ്ഥലം മാറിപോവുകയും തൽസ്ഥാനത്ത് സീനിയർ അസിസ്റ്റന്റ് ശ്രീമതി മേരിക്കുട്ടി ജോസഫ് നിയമിക്കപ്പെടുകയും ചെയ്തു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു. ക്ലാസ്സുകളെ തുടർന്ന് അധ്യാപകർ കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ, റീഡിംഗ് കാർഡ് തുടങ്ങിയ പ്രവർത്തനങ്ങൾ നൽകിവരുന്നു. പഠനപ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ സ്കൂളിൽ വരുത്തി നോട്ടുബുക്കുകൾ പരിശോധിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്കൂളിനോടനുബന്ധിച്ച് ജീർണ്ണാവസ്ഥയിലായ ഹാൾ പൊളിച്ചുമാറ്റി. തലപ്പള്ളിയുടെ നേതൃത്വത്തിൽ വെള്ളപ്പൊക്കത്തെ അതിജീവിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ പുതിയ ഹാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

## 9. പയസ് ടെൻത് ഐ.റ്റി.ഐ., എടത്വാ

**ആധുനികവൽക്കരണം സാദ്ധ്യമാക്കിയ സാങ്കേതികസ്ഥാപനം**

എടത്വാ പയസ് ടെൻത് ഐ.റ്റി.ഐ. യെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ എട്ടുമാസങ്ങൾ നവീകരണപ്രക്രിയകളുടെ കാലഘട്ടമായിരുന്നു. സാങ്കേതികരംഗത്ത് വന്നുകൊണ്ടിരിക്കുന്ന നൂതനവിദ്യകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നവീകരണപ്രക്രിയകളായിരുന്നു അവ. പയസ് ടെൻതിന്റെ വളർച്ചയുടെ രണ്ടാം ഘട്ടം എന്ന് ഈ കാലഘട്ടത്തെ നിർവ്വചിക്കാം. ഐ.റ്റി.ഐ.കളുടെ തൊഴിൽ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള നവീകരണപ്രക്രിയകളാണ് നടക്കുന്നത്. അതിന്റെ ആദ്യപടി എന്ന നിലയിൽ ഐ.റ്റി.ഐ.യുടെ കമാനം ആകർഷണീയമായി സജ്ജീകരിച്ചിട്ടുണ്ട്. ഈ വർഷം മുതൽ അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് പയസ് ടെൻതിൽ ഏറ്റവും നവീനമായ അന്തരീക്ഷത്തിൽ അവരുടെ പഠനം നടത്തുന്നതിനുള്ള ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്. കാലഘട്ടത്തിനനുസരിച്ച് അധ്യാപകരുടെ തുടർപരിശീലനവും യഥാസമയങ്ങളിൽ

ഇവിടെ നടക്കുന്നുണ്ട്.

താഴെ പറയുന്ന മേഖലകളിലാണ് നവീകരണവും ആധുനികവൽക്കരണവും നടന്നത്.

1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ ലാബ്, 2. സർവ്വേ ലാബ്, 3. ഓട്ടോകാഡ് ലാബ്, 4. ഇലക്ട്രീഷ്യൻ ലാബ്, 5. ഇലക്ട്രോ മെക്കാനിക് ലാബ്, 6. ഫിറ്റർ ലാബ്, 7. സ്മാർട്ട് റൂം, 8. ലൈബ്രറി, 9. കോൺഫറൻസ് ഹാൾ, 10. ഓൺലൈൻ ക്ലാസ്സ് സൗകര്യങ്ങൾ, 11. ജനറൽ കമ്പ്യൂട്ടർ ലാബ് വിത്ത് ബ്രോഡ്ബാൻഡ് കണക്ടിവിറ്റി, 12. ഡിജിറ്റൽ അറ്റൻഡൻസ് യൂസിംഗ് ഫേസ് റെക്കഗ്നീഷൻ ടെക്നോളജി, 13. സി.സി.റ്റി.വി.കവറേജ്.

**പൂർവ്വവിദ്യാർത്ഥി സംഘടന**

ഇവിടുത്തെ പൂർവ്വവിദ്യാർത്ഥികൾ ഈ സ്ഥാപനത്തെ ഏറെ സ്നേഹിക്കുന്നു എന്നതിന് ഉദാഹരണമാണ് അവർ ഇവിടെ നടത്തുന്ന പ്രവർത്തനങ്ങൾ. ഈ സംഘടനയിൽ ഇപ്പോൾ 250 ഓളം അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സമീപ പ്രദേശത്തുള്ള നിരവധി സ്കൂളുകളുടെ ആവശ്യം പരിഗണിച്ച് പൂർവ്വവിദ്യാർത്ഥികൾ പ്രളയാനന്തര ശുചീകരണപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

**പയസ് ടെൻത് ആർമി**

ഈ പ്രദേശത്തുണ്ടാകുന്ന അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ ഇടപെടുന്നതിനായി പയസ് ടെൻത് ആർമി എന്നു പേരുള്ള ഒരു സംഘടന രൂപീകരിക്കുകയും എടത്വാ സർക്കിൾ ഇൻസ്പെക്ടർ ദ്വിജേഷ് എസ്. സെപ്റ്റംബർ 27-ാം തീയതി ഉദ്ഘാടനം നടത്തുകയും ചെയ്തു. സ്ഥലത്തെ പോലീസ് സംവിധാനത്തോട് ചേർന്നുനിന്നുകൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനത്തെ ഏകോപിപ്പിക്കുകയാണ് അവരുടെ ദൗത്യം. ഈ സംഘത്തിൽ 25 ഓളം പേർ അംഗങ്ങളാണ്.

2020-21 അദ്ധ്യയനവർഷത്തിലെ എൻ.സി.വി.റ്റി. അംഗീകാരമുള്ള അഞ്ച് ട്രേഡുകളിലേക്ക് പ്രവേശനം ആരംഭിച്ചിട്ടുണ്ട്. പഠനം പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് ലഭിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

■■





"എനിക്ക് നിന്നോട് വ്യക്തിപരമായി ഒരു കാര്യം പറയാനുണ്ട്.
വി. യൗസേപ്പിതാവിനെ വളരെയധികം സ്നേഹിക്കുന്നവ്യക്തിയാണ് ഞാൻ.
വി. യൗസേപ്പിതാവ് നിശബ്ദതയുടെ വ്യക്തിയാണ്. എന്റെ സ്വകാര്യമുറിയിൽ
വി. യൗസേപ്പിതാവിന്റെ ഉറങ്ങുന്ന ഒരു തിരുസ്വരൂപമുണ്ട്. വി. യൗസേപ്പിതാവ് ഉറങ്ങുകയാണെങ്കിലും
അദ്ദേഹം തിരുസഭയെ നിരന്തരം കാത്തുപരിപാലിക്കുന്നു എന്ന് നമുക്ക് എല്ലാവർക്കുമറിയാം.
എന്റെ ജീവിതത്തിൽ എപ്പോഴെല്ലാം ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം
ഞാനൊരു വെള്ളപേപ്പറിൽ എന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും എഴുതി
വി. യൗസേപ്പിതാവിന്റെ ഉറങ്ങുന്ന തിരുസ്വരൂപത്തിനു താഴെ വച്ചു പ്രാർത്ഥിച്ചു.
എനിക്കറിയാം, വി. യൗസേപ്പിതാവ് ഉറക്കത്തിൽ എന്റെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ദൈവത്തോട്
പ്രാർത്ഥിച്ച് സ്വപ്നം കണ്ട് പിറ്റേദിവസം പരിഹാരം നൽകും".

**ഫ്രാൻസിസ് മാർപാപ്പ**

# സാമ്പത്തിക സംവരണം: മാനദണ്ഡങ്ങളും സാധ്യതകളും

**ഫാ.ജെയിംസ് കൊക്കാവയലിൽ**
(അസി.സെക്രട്ടറി, സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ; ഡയറക്ടർ, CARP)







**ലക്ഷ്യം**

സാമ്പത്തിക സംവരണം അഥവാ 10% ഇ.ഡബ്ല്യു.എസ്. റിസർവേഷൻ നേടുന്നതിന് ആവശ്യമായ പ്രായോഗികമായ കാര്യങ്ങൾ ഏറ്റവും ലളിതമായ ഭാഷയിൽ സാധാരണക്കാർക്ക് പെട്ടെന്ന് മനസ്സിലാകുന്ന വിധത്തിൽ വിവരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**എക്കണോമിക്കലി വീക്കർ സെക്ഷൻസ് എന്നാൽ എന്ത്?**

എക്കണോമിക്കലി വീക്കർ സെക്ഷൻസ് അഥവാ സംവരണേതര വിഭാഗങ്ങളിലെ (ജനറൽ കാറ്റഗറി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നതാണ് EWS ന്റെ പൂർണ്ണരൂപം. കേരളത്തിന്റെ പശ്ചാത്തലത്തിൽ, നാളിതുവരെ യാതൊരുവിധ സംവരണവും ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികളിലെയും ബ്രാഹ്മണ, നായർ അമ്പലവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരിലേയും ജാതിമതരഹിതരിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉന്നതവിദ്യാഭ്യാസരംഗത്തും പ്രവേശന പരീക്ഷകളിലും യോഗ്യതാ പരീക്ഷകളിലും കേന്ദ്ര, സംസ്ഥാന സർക്കാർ ജോലികളിലും

ഇത് ലഭിക്കും. ന്യൂനപക്ഷ പദവി ഇല്ലാത്തതും ഒ.ബി.സി. സംവരണം നിലനിൽക്കുന്നതുമായ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാത്രമാണ് 10% EWS റിസർവേഷൻ ബാധകമാകുന്നത്.

**EWS സംവരണം ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ, മാനദണ്ഡങ്ങൾ**

സംവരണം ലഭിക്കുന്നതിനായി EWS സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. നിലവിൽ രണ്ടു തരത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് പ്രാബല്യത്തിലുള്ളത്.

1. കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കുള്ള EWS സർട്ടിഫിക്കറ്റ്.
2. കേരള സർക്കാർ ആവശ്യങ്ങൾക്കുള്ള EWS സർട്ടിഫിക്കറ്റ്.

   ഇവയ്ക്ക് ബാധകമായ മാനദണ്ഡങ്ങളും സർട്ടിഫിക്കറ്റ് ഫോർമാറ്റും സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥരും വ്യത്യസ്തമാണ്.

**1. കേന്ദ്ര സർക്കാരിന്റെ EWS സർട്ടിഫിക്കറ്റ്.**

പത്ത് ശതമാനം EWS സംവരണത്തിലൂടെ കേന്ദ്ര സർക്കാരിന്റെ UPSC, SSC, Railway, Banking സർവ്വീസിലും UGC - NET, NEET തുടങ്ങിയ യോഗ്യതാ പരീക്ഷകളിലും വളരെ മികച്ച സാധ്യതകളാണ് ഉള്ളത്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡപ്രകാരം ആകെ കുടുംബ വാർഷികവരുമാനം 8 ലക്ഷം രൂപാ, 5 ഏക്കർ കൃഷിഭൂമി, പഞ്ചായത്ത് പ്രദേശത്ത് 4.2 സെന്റ് ഹൗസ് പ്ലോട്ട്, മുൻസിപ്പൽ കോർപറേഷനിൽ 2.1 സെന്റ് ഹൗസ് പ്ലോട്ട്, എല്ലായിടത്തും വീടിന്റെ വിസ്തീർണ്ണം 1000 സ്ക്വയർ ഫീറ്റ് എന്നിവയാണ് ഇതിന്റെ ഉയർന്ന പരിധികൾ. എല്ലാ മാനദണ്ഡങ്ങളുടെയും ഉള്ളിൽ നിൽക്കുന്നവർക്ക് മാത്രമേ EWS സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.

കേരളത്തിൽ തികച്ചും അനീതിപരമായി പുരയിടങ്ങൾ എന്നു രേഖപ്പെടുത്തിയിരിക്കുന്ന കരഭൂമിയെയും ഹൗസ് പ്ലോട്ടായി കണക്കാക്കുന്നതിനാൽ 4.2 സെന്റിൽ കൂടുതൽ സ്ഥലം ഉള്ളവർക്ക് കേന്ദ്ര സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. എന്നാൽ 5 ഏക്കറിൽ താഴെ നെൽപ്പാടങ്ങളും വീടുവയ്ക്കാൻ സാധിക്കാത്ത മറ്റ് സ്ഥലങ്ങളും മാത്രം ഉള്ളവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നുണ്ട്. ഇതു ലഭിക്കാൻ വില്ലേജ് ഓഫീസർ വഴി തഹസീൽദാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വില്ലേജ് ഓഫീസറിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തഹസീൽദാർ സർട്ടിഫിക്കറ്റ് നൽകും. ഇതിന്റെ സർട്ടിഫിക്കറ്റ് ഫോറം അക്ഷയ കേന്ദ്രത്തിൽ ലഭ്യമാണ്.

കേരളത്തിൽ വളരെ കുറച്ചു പേർക്ക് മാത്രമാണ് സർക്കാർ മാനദണ്ഡപ്രകാരമുള്ള സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. കൃഷിഭൂമിയെല്ലാം ഹൗസ് പ്ലോട്ട് എന്ന തരത്തിലുള്ള വ്യാഖ്യാനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതിൽ വന്നുചേർന്നിരിക്കുന്ന നിയമപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉന്നതതലത്തിലുള്ള ഇടപെടൽ ആവശ്യമുണ്ട്.

**2. കേരള സർക്കാരിന്റെ EWS സർട്ടിഫിക്കറ്റ്.**

**EWS** സംവരണത്തിലൂടെ കേരള സർക്കാരിന്റെ പ്ലസ് വൺ, മെഡിക്കൽ-എഞ്ചിനീയറിംഗ്, പോളിടെക്നിക്, ബി.എസ്.സി. നഴ്സിംഗ്-പാരാമെഡിക്കൽ, ഡിഗ്രി, പി.ജി., എൽ.എൽ.ബി. തുടങ്ങിയ എല്ലാ ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലേക്കും **PSC** വഴിയുള്ള സർക്കാർ ജോലികളിലേക്കും 10% സംവരണം ലഭിക്കും. ഈ അക്കാദമികവർഷം ഒട്ടനവധി വിദ്യാർത്ഥികൾക്ക് 10% **EWS** റിസർവേഷനിലൂടെ സർക്കാർ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

സംസ്ഥാന മാനദണ്ഡങ്ങൾ അനുസരിച്ച് ഉയർന്ന പരിധികൾ ഇപ്രകാരമാണ്. ആകെ കുടുംബ വാർഷികവരുമാനം 4 ലക്ഷം രൂപ, ആകെ ഭൂസ്വത്ത് പഞ്ചായത്തുകളിൽ 2.5 ഏക്കർ, മുൻസിപ്പാലിറ്റികളിൽ 75 സെന്റ്, കോർപറേഷനുകളിൽ 50 സെന്റ് എന്നിവയാണ്. ഇതിൽ ഏതെങ്കിലും ഒരു മാനദണ്ഡം ഉയർന്നുപോയാൽ സംസ്ഥാന EWS സർട്ടിഫിക്കറ്റ് ലഭിക്കില്ല. ഇവിടെയും പഞ്ചായത്തിലൊഴികെ ഹൗസ് പ്ലോട്ട്, കൃഷിഭൂമി എന്ന വേർതിരിവ് ഉണ്ട്. ഇതുപ്രകാരം മുൻസിപ്പാലിറ്റികളിൽ 20 സെന്റും കോർപറേഷനുകളിൽ 15 സെന്റും ഉള്ളവർക്ക് മാത്രമേ പ്രായോഗികമായി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. നേരിട്ട് അപേക്ഷ നൽകി വില്ലേജ് ഓഫീസറിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങണം. ഇതിന്റെ ക്രമീകരണം ഓൺലൈൻ/അക്ഷയ കേന്ദ്രങ്ങൾ വഴി ആരംഭിച്ചിട്ടില്ല.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**(A) കുടുംബം എന്നതിന്റെ നിർവചനം**

ഒരു വിദ്യാർത്ഥി EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷിക്കുമ്പോൾ ആ കുട്ടിയുടെ കുടുംബത്തിലെ വാർഷികവരുമാനവും ഭൂസ്വത്തുമാണ് കണക്കിലെടുക്കുന്നത്. സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം (ജനുവരി 03 &

മാർച്ച് 03/2020) താഴെ കൊടുത്തിരിക്കുന്നവർ മാത്രമാണ് കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നത്.

1. സർട്ടിഫിക്കറ്റ് ആവശ്യമുള്ള ആൾ (അപേക്ഷകൻ/അപേക്ഷക)

2. അപേക്ഷകന്റെ/അപേക്ഷകയുടെ മാതാവ്, പിതാവ്, വിവാഹം കഴിഞ്ഞതെങ്കിൽ ജീവിതപങ്കാളി.

3. അപേക്ഷകന്റെ/അപേക്ഷകയുടെ 18 വയസ്സിൽ താഴെയുള്ള സഹോദരങ്ങൾ, മക്കളുണ്ടെങ്കിൽ അവർ.

റേഷൻകാർഡിലെ പേരുവിവരം പ്രസക്തമല്ല. അവരുടെ പേരിലുള്ള ഭുസ്വത്തോ വരുമാനമോ കണക്കാക്കേണ്ടതില്ല. വിവാഹം കഴിച്ച ഒരു സ്ത്രീക്ക് ആ സ്ത്രീയുടെയും സ്വന്തം മാതാപിതാക്കളുടെയും ഭർത്താവിന്റെയും സ്വത്തും വരുമാനവുമാണ് കണക്കാക്കേണ്ടത്.

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ചുള്ള കുടുംബത്തിന്റെ നിർവചനവും ഇപ്രകാരം തന്നെയാണ്.

**(B) സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ**

കേന്ദ്ര സർക്കാരിനും കേരള സർക്കാരിനും വ്യത്യസ്തമായ സർട്ടിഫിക്കറ്റ് ഫോർമാറ്റുകളാണ് ഉള്ളത്. ഇവ പ്രത്യേകം ശ്രദ്ധിക്കണം. സർട്ടിഫിക്കറ്റ് ഫോർമാറ്റ് മാറി പോയതിന്റെ പേരിൽ അഡ്മിഷൻ നഷ്ടപ്പെട്ട വിദ്യാർത്ഥികളുണ്ട്.

കൂടാതെ വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് പൂർണ്ണമായും വ്യക്തമായും പൂരിപ്പിച്ചിട്ടുണ്ടെന്നും വില്ലേജ് ഓഫീസറുടെ ഒപ്പ്, പേര്, ഡെസിഗ്നേഷൻ സീലുകൾ, ഓഫീസ് സീൽ, എന്നിവ യഥാസ്ഥാനത്ത് പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പാക്കണം. അപേക്ഷിക്കുന്ന വ്യക്തിയുടെ ഫോട്ടോയും നിർബന്ധമായും സർട്ടിഫിക്കറ്റിൽ പതിച്ച് അതിൽ വില്ലേജ് ഓഫീസറുടെ ഒപ്പും സീലും വാങ്ങിയിരിക്കണം.

**(C) ആവശ്യമായ രേഖകൾ**

അപേക്ഷകൻ/അപേക്ഷക (18 വയസ്സ് പൂർത്തിയായിട്ടില്ലെങ്കിൽ മാതാപിതാക്കൾ) നിശ്ചിത ഫോർമാറ്റിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും സത്യവാങ്മൂലവും സമർപ്പിക്കുക. റേഷൻ കാർഡ്, സമുദായം തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. ബുക്ക്, ജനന സർട്ടിഫിക്കറ്റ് തുടങ്ങിയവ), ആധാർ കാർഡ്, കരം അടച്ച രസീത്, ബാങ്ക് പാസ് ബുക്കുകളുടെ കോപ്പി എന്നിവ കരുതുക.

**(D) ഹെൽപ് ഡെസ്ക്**

അപേക്ഷയും സത്യവാങ്മൂലം എന്നിവയുടെ ഫോർമാറ്റും, വില്ലേജ് ഓഫീസർ പൂരിപ്പിച്ചു തരാനുള്ള സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റും ആവശ്യമുള്ളവർക്ക് ഹെൽപ് ഡെസ്കുമായി ബന്ധപ്പെടാവുന്നതാണ്. മൊബൈൽ: 6238214912.

**(E) സാമ്പത്തിക വർഷം**

സർക്കാർ ഉത്തരവ് പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിനു തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ സ്വത്ത് വരുമാനങ്ങൾ ഉള്ള കുടുംബത്തിലെ വ്യക്തിയാണ് എന്നാണ് സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തേണ്ടത്. അതായത് 2020 നവംബർ മാസത്തിൽ സർട്ടിഫിക്കറ്റ് വാങ്ങുന്ന ഒരു വ്യക്തി 2019-20 സാമ്പത്തിക വർഷത്തിലെ വിവരങ്ങളാണ് ബോധിപ്പിക്കേണ്ടത്.

ഈ സർട്ടിഫിക്കറ്റിന് ഒരു സാമ്പത്തിക വർഷം അഥവാ തൊട്ടടുത്ത മാർച്ച് 31 വരെയായിരിക്കും കാലാവധി.

**(F) സർട്ടിഫിക്കറ്റ് ലഭിച്ചില്ലെങ്കിൽ എന്തു ചെയ്യണം?**

സർക്കാർ സ്ഥാപനങ്ങളിൽ നൽകുന്ന അപേക്ഷകൾക്ക് 7 ദിവസത്തിനകം മറുപടി ലഭിക്കേണ്ടതുണ്ട്. ഇതിനായി അപേക്ഷ നൽകുമ്പോൾ കൈപ്പറ്റ് രസീത് എഴുതി വാങ്ങുക. നിയമപ്രകാരം സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഉദ്യോഗസ്ഥർ അവ കൈപ്പറ്റി എന്ന രസീത് നൽകേണ്ടതുണ്ട്. തുടർന്ന് 7 ദിവസമായിട്ടും സർട്ടിഫിക്കറ്റ് നൽകാതിരിക്കുകയോ തടസ്സങ്ങൾ ഉന്നയിക്കുകയോ ചെയ്താൽ വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും എന്തുകൊണ്ട് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കില്ല എന്നത് കാരണം സഹിതം എഴുതി വാങ്ങുക. നമ്മുടെ പക്ഷത്താണ് ന്യായം എന്നു തോന്നുന്നുവെങ്കിൽ തഹസീൽദാരുടെ പക്കൽ പരാതി കൊടുക്കുക. അവിടെയും നീതി ലഭിക്കുന്നില്ലെങ്കിൽ കളക്ടർക്ക് പരാതി നൽകുക.

**(G) പി.എസ്.സി. യിൽ EWS സംവരണം**

കേരളാ പി.എസ്.സി. നിയമനങ്ങളിൽ 10% സംവരണം പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. നൂറ് ഒഴിവുകൾ എടുത്താൽ അതിൽ 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ സ്ഥാനങ്ങൾ EWS സംവരണമായി നിശ്ചയിച്ചിരിക്കുന്നു. കൂ

ടാതെ മെറിറ്റിലും അവസരമുണ്ട്.

2020 ഒക്ടോബർ 23 മുതൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലും ഒക്ടോബർ 23 ന് നിലവിലുണ്ടായിരുന്ന വിജ്ഞാപനങ്ങളിലും 10% സംവരണം ലഭിക്കും. ഇപ്പോൾ നിലവിലുള്ള വിജ്ഞാപനങ്ങളുടെ അപേക്ഷാ കാലാവധി നവംബർ 14 വരെ നീട്ടിയിട്ടുണ്ട്.

**(H) വിജ്ഞാപനങ്ങൾ**

i. 130 ഓളം പൊതുവിജ്ഞാപനങ്ങളും 24 ഓളം യൂണിവേഴ്സിറ്റി നോൺ ടീച്ചിംഗ് തസ്തികയിലേക്കുള്ള വിജ്ഞാപനങ്ങളും പുറത്തു വന്നുകൊണ്ടിരിക്കുകയാണ്.

ii. നേരത്തേ ഉണ്ടായിരുന്ന 442 വിജ്ഞാപനങ്ങളിലായി അമ്പതിനായിരത്തിൽപരം വേക്കൻസികളിൽ EWS സംവരണത്തിൽ ലഭിക്കും. കൂടാതെ പലർക്കും മെറിറ്റിലൂടെയും പ്രവേശനം ലഭിക്കും. ഇതിന് മുൻകാല പ്രാബല്യം ലഭിക്കേണ്ടതുണ്ട്. അതു നേടിയെടുക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

**(I) പൊതുനിർദ്ദേശങ്ങൾ**

i. സംസ്ഥാന മാനദണ്ഡപ്രകാരം EWS പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾ സ്വന്തം പ്രൊഫൈലിൽ EWS എന്ന ഓപ്ഷൻ കൊടുക്കണം. വിശദവിവരങ്ങൾ പി.എസ്.സി. വെബ്സൈറ്റിൽ ത്തന്നെ ലഭ്യമാണ്. ഇങ്ങനെ അപേക്ഷിക്കുന്ന സമയത്ത് തന്നെ EWS ക്ലെയിം ചെയ്യുകയും പി.എസ്.സി. സർട്ടിഫിക്കറ്റ് വേരിഫിക്കേഷന് വിളിക്കുമ്പോൾ അതു ഹാജരാക്കുകയും ചെയ്യണം. നേരത്തേ അപേക്ഷിച്ചിട്ടുള്ളവർ അപേക്ഷ എഡിറ്റ് ചെയ്ത് EWS ഓപ്ഷൻ ക്ലിക്ക് ചെയ്യുക.

ii. ക്ലെയിം ചെയ്യുന്ന തീയതിക്കു മുമ്പു തന്നെ എല്ലാ സർട്ടിഫിക്കറ്റുകളും കൈവശം ഉണ്ടായിരിക്കണം എന്നാണ് പി.എസ്.സി. നിയമം. അതിനാൽ സർട്ടിഫിക്കറ്റ് നേരത്തേ തന്നെ വാങ്ങി വയ്ക്കുക. കൂടാതെ വേരിഫിക്കേഷന് വിളിക്കുമ്പോൾ ഈ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിയാൻ സാധ്യതയുള്ളതിനാൽ പുതിയ ഒരു സർട്ടിഫിക്കറ്റ് കൂടി വാങ്ങി രണ്ടും ഹാജരാക്കുന്നതാവും കൂടുതൽ സുരക്ഷിതം. പി.എസ്.സി. ഇതേക്കുറിച്ച് വ്യക്തത വരുത്തിയിട്ടില്ല.

iii. പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്തിരിക്കുന്നവർ നന്നായി പഠിക്കുക. അതോടൊപ്പം ഇനി വരുന്ന വിജ്ഞാപനങ്ങളിലും ഇപ്പോൾ നിലവിലുള്ള വിജ്ഞാപനങ്ങളിലും അപേക്ഷിക്കുവാൻ ശ്രദ്ധിക്കുക.

iv. 36 വയസ്സിൽ താഴെ പ്രായമുള്ള വീട്ടമ്മമാരും ഇച്ഛാശക്തിയോടെ പരീക്ഷകൾ നന്നായി തയ്യാറെടുത്ത് എഴുതുക.

v. വില്ലേജ് ഓഫീസുകളിൽ നിന്ന് EWS സർട്ടിഫിക്കറ്റുകൾ യഥാസമയം വാങ്ങാൻ ശ്രദ്ധിക്കുക.

vi. ഓൺലൈൻ അപേക്ഷ അശ്രദ്ധമായി തയ്യാറാക്കുന്നതുമൂലം പലരുടെയും പി.എസ്.സി. അപേക്ഷകൾ തള്ളിപോകുന്നുണ്ട്. ഈ കാര്യം ശ്രദ്ധിക്കുക. അക്ഷയ കേന്ദ്രങ്ങളിലും പിഴവ് പറ്റുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. പി.എസ്.സി. ക്ക് നൽകിയ മൊബൈൽ നമ്പർ ഒരിക്കലും മാറ്റാതിരിക്കുക.

vii. EWS സംവരണം ഉള്ളതിനാൽ പഠനം അല്പം കുറഞ്ഞാലും അവസരം ലഭിക്കുമെന്ന തെറ്റിദ്ധാരണ പാടില്ല. EWS സംവരണത്തിന് അർഹരായവരിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്നവർ മാത്രമേ 10% സീറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുള്ളൂ. ഏറ്റവും ആത്മാർത്ഥമായി തയ്യാറെടുക്കുക. സംവരണസീറ്റിലും ഓപ്പൺ മെറിറ്റിലും ഒരുപോലെ അവസരം ലഭിക്കും.

viii. ഈ അവകാശം പരമാവധി പ്രയോജനപ്പെടുത്തുകയും നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തുകയും ചെയ്യുക.

■ ■



എനിക്ക് ഒത്തിരി പ്രശ്നങ്ങളുണ്ട് എന്ന്
കർത്താവിനോടല്ല, എനിക്ക് ഒരു കർത്താവുണ്ട്
എന്നു പ്രശ്നങ്ങളോടു പറയുക

# അല്മായനേതൃത്വം സംഘടനകളിലൂടെ

## 1. ചെറുപുഷ്പ മിഷൻലീഗ്, എടത്വാ

സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങൾ നെഞ്ചിലേറ്റി കുഞ്ഞുമിഷനറിമാർ ഈ കൊറോണക്കാലത്തും തങ്ങളുടെ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് മിഷൻലീഗ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ബഹുമാനപ്പെട്ട ഡയറക്ടറച്ചനും മതാധ്യാപകരും ഇക്കാര്യത്തിൽ ആവശ്യമായ നേതൃത്വം നൽകുന്നു. മിഷൻലീഗിന്റെ പ്രവർത്തനങ്ങളുടെ അതിരൂപതാതല ഉദ്ഘാടനം അതിരൂപതയുടെ ഓൺലൈൻ ചാനലായ MAACTV യിലൂടെ നടത്തപ്പെട്ടു. സെന്റ് ജോർജ്ജ് സൺഡേസ്കൂളിലെ എല്ലാ മതാദ്ധ്യാപകരും മിഷൻലീഗ് കുട്ടികളും യൂട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്ത പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

ഈ കൊറോണക്കാലത്തും കുട്ടികളെ വിവിധ മത്സരങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മിഷൻലീഗിൽ പങ്കാളികളാക്കാൻ സംഘാടകർ ശ്രദ്ധിച്ചുവരുന്നു. കുട്ടികൾക്കുവേണ്ടി വാട്സാപ്പിലൂടെ ക്വിസ്, പ്രസംഗം, ടാബ്ലോ, ആക്ഷൻസോംഗ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തപ്പെട്ടു. കൂടാതെ മിഷൻലീഗ് കുട്ടികളുടെ നേതൃത്വത്തിൽ ഗ്രോട്ടോ വൃത്തിയാക്കുകയും ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തു.

അൽഫോൻസാ തീർത്ഥാടനം നടത്താൻ പറ്റാത്ത സാഹചര്യത്തിൽ ഓൺലൈനിലൂടെ മാലാഖക്കൂട്ടം എന്ന പേരിൽ വാട്സാപ്പ് തീർത്ഥാടനം നടത്തി. ചെറുപുഷ്പമിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ.ജോസഫ് മാലിപ്പറമ്പിലിന്റെ 22-ാം ചരമവാർഷികത്തോടനുബന്ധിച്ച് മഹാമിഷനറി എന്ന പേരിൽ വാട്സാപ്പ് പ്രസംഗ മത്സരം നടത്തി. മിഷൻലീഗിലെ കുട്ടികൾ സമാഹരിച്ച തുക ഉപയോഗിച്ചുള്ള ഭവനനിർമ്മാണം പൂർത്തിയായി. വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ വെഞ്ചരിപ്പ് കർമ്മം നടത്തി. കഴിഞ്ഞ ഒരു വർഷക്കാലം മിഷൻലീഗ് കുട്ടികൾക്കു ആത്മീയ നേതൃത്വം നൽകിയശേഷം ആലപ്പുഴ പഴവങ്ങാടി പള്ളിയിലേക്ക് സ്ഥലം മാറിപ്പോയ ഡയറക്ടർ ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന് യാത്രയയപ്പ് നൽകി. അച്ചന്റെ ത്യാഗപൂർണ്ണമായ നേതൃത്വത്തിന് പ്രത്യേകം നന്ദി. പുതിയ ഡയറക്ടർ ബഹുമാനപ്പെട്ട വർഗ്ഗീസ് കൊച്ചുപറമ്പിൽ അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## 2. യുവദീപ്തി, എടത്വാ

2020-21 പ്രവർത്തനവർഷം കൊറോണ എന്ന മഹാമാരി യുവദീപ്തി പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളെ നന്നായി ബാധിച്ചിട്ടുണ്ട്. ഓൺലൈൻ മാധ്യമങ്ങളുടെ സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഹെല്പ് ഡെസ്കുകളുടെ സഹായത്തോടെ സന്നദ്ധസേന രൂപീകരിച്ച് സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് അവശ്യസാധനങ്ങൾ എത്തിച്ച് നൽകി. ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന സാമൂഹിക വിപത്തുകൾക്കെതിരെ ഓൺലൈൻ മാധ്യമങ്ങളിലൂടെ ശക്തമായ പ്രതിഷേധ ക്യാംപൈനുകൾ സംഘടിപ്പിച്ചുവരുന്നു.

ഡയറക്ടർ ഫാ.വർഗ്ഗീസ് പ്ലാംപറമ്പിൽ സ്ഥലം മാറിപ്പോവുകയും പുതിയ ഡയറക്ടറായി ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

**ഇലക്ഷൻ :** 2020-21 പ്രവർത്തനവർഷത്തിലേക്കുള്ള ഭാരവാഹികളായി റ്റിജിൽ തമ്പി കളപ്പുരക്കൽ, എമിൽ റോസ് ഷാജൻ മണലേൽ എന്നിവർ പ്രസിഡന്റുമാരായും സ്കറിയാ തോമസ് മനയിൽ, ജെഫ്ന ജോളി കട്ടപ്പുറം എന്നിവർ സെക്രട്ടറിമാരായും അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ, ടിനു ടി.കെ. കളപ്പുരക്കൽ എന്നിവർ കൗൺസിലർമാരായും തെരഞ്ഞെടുത്തു.

**ഹെല്പ് ഡെസ്ക് :** ലോക്ഡൗൺ സമയത്ത് ജാതിമതഭേദമെന്യേ ആവശ്യക്കാർക്കു വേണ്ടുന്ന സഹായമെത്തിച്ച് നൽകുന്നതിനായി ഹെല്പ് ഡെസ്ക് ആരംഭിച്ചു.

**ജസ്റ്റിസ് ഫോർ മരിയ :** പാക്കിസ്ഥാനിൽ നീതി നിഷേധിക്കപ്പെട്ട മരിയയ്ക്ക് നീതി ലഭിക്കു

ന്നതിനായി ചങ്ങനാശ്ശേരി യുവദീപ്തിയോടു ചേർന്ന് സ്റ്റാറ്റസ് മാർച്ച് നടത്തുകയും കണ്ണുകെട്ടി പ്രതിഷേധിക്കുകയും ചെയ്തു.

**കുട്ടനാടിനൊപ്പം :** കുട്ടനാടിനോടുള്ള അവഗണനക്കെതിരെ സാമൂഹിക മാധ്യമങ്ങളിൽ സ്റ്റാറ്റസ് മാർച്ച് നടത്തി. ബഹുമാനപ്പെട്ട കേരളാഗവർണർക്ക് കുട്ടനാട് നേരിടുന്ന അവഗണനകൾ പ്രതിപാദിച്ച് ഇമെയിൽ ക്യാംപെൻ നടത്തി.

**കോവിഡ് കിറ്റ്:** കോവിഡ് പ്രതിരോധത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും സാനിറ്റൈസർ, മാസ്കുകൾ, സോപ്പ്, ഗ്ലൗസ്സുകൾ എന്നിവ അടങ്ങുന്ന കോവിഡ് കിറ്റുകൾ വിതരണം ചെയ്തു.

**സ്വാതന്ത്ര്യദിനാഘോഷം :** സ്വാതന്ത്ര്യദിനാഘോഷം പള്ളി അങ്കണത്തിൽ വച്ച് നടന്നു. വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ പതാകയുയർത്തി.

**ഭൗമിക-2020 :** പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി 1000 പേപ്പർ ബാഗുകൾ നിർമ്മിച്ച് എടത്വായിലെ വ്യാപാരസ്ഥാപനങ്ങളിൽ എത്തിച്ചു നൽകി.

**നാമഹേതുകത്തിരുനാൾ :** ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെ നാമഹേതുകത്തിരുനാൾ ആഘോഷിച്ചു. തദവസരത്തിൽ ബഹു. വൈദികരെ യുവദീപ്തി അംഗങ്ങൾ ഫോൺ മുഖാന്തിരം ആശംസകൾ അറിയിച്ചു.

**അമ്മയോടൊപ്പം :** പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനോട് അനുബന്ധിച്ച് ഓൺലൈൻ വഴിയായി ജപമാല അർപ്പണം നടത്തി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിബന്ധനകൾ പാലിച്ച് വീടുകളിൽ ആയിരുന്നുകൊണ്ട് യുവദീപ്തി അംഗങ്ങൾ ഈ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കുകൊണ്ടു.

**അഭിനന്ദനങ്ങൾ**

യുവദീപ്തി എടത്വാ ഫൊറോനാ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേലിന് ഇടവകയുടെ അഭിനന്ദനങ്ങളും ആശംസകളും.



## 3. മാതൃവേദി

കൊറോണ വൈറസ് ലോകത്തെ മുഴുവൻ മുൾമുനയിൽ നിർത്തിയിരിക്കുന്ന അവസ്ഥയാണ് മനുഷ്യൻ അഭിമുഖീകരിക്കുന്നത്. ചൈനയിൽ ഉടലെടുത്ത ഈ വൈറസ് മാനവകുലത്തെ തന്നെ ഉന്മൂലനം ചെയ്യാൻ കഴിവുള്ളതായി മാറിയിരിക്കുന്നു. അക്രമവും അഹിംസയും അരങ്ങുവാഴുന്ന ഈ ലോകത്തിൽ കോവിഡിനെയും നമ്മൾ അഭിമുഖീകരിച്ചേ പറ്റൂ. കത്തോലിക്കാ വിശ്വാസം അനുസരിച്ച് മരണം, ദൈവത്തോടുള്ള വിശ്വാസത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലുള്ള പ്രത്യാശയിലും ജീവിക്കുന്നവർക്ക്, ദൈവം നൽകുന്ന വിലപ്പെട്ട സമ്മാനമാണ്. ഇത് നമുക്ക് അറിയാമെങ്കിലും നാമെല്ലാം മരണത്തെ ഭയക്കുന്നു.

ഇടവകയുടെ ശക്തിസ്രോതസ്സാണ് കുടുംബം. നല്ല ദൈവവിശ്വാസവും ധാർമ്മികചിന്തയും നിലനിൽക്കുന്ന കുടുംബസാഹചര്യം സൃഷ്ടിക്കാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. കുടുംബങ്ങളിലൂടെ ലോകത്തെ നവീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മാതൃ-പിതൃവേദി പ്രവർത്തിക്കുന്നത്. നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണ്. ഞെരുക്കങ്ങളിൽ അവിടുന്ന് സുനിശ്ചിതമായ തുണയാണ് എന്ന പരമമായ സത്യം നാം മനസ്സിലാക്കണം. ഈ സത്യം കുടുംബങ്ങളിലൂടെ വരും തലമുറക്ക് കൈമാറണം.

മാതൃവേദി അംഗങ്ങൾ നടത്താറുള്ള മാസാദ്യബുധനാഴ്ചത്തെ പ്രാർത്ഥനയും ക്ലാസ്സും ആരാധനയും കൊറോണ നിയന്ത്രണങ്ങൾ മാനിച്ച് നിർത്തിവച്ചു. അതിനാൽ അംഗങ്ങൾ കരുതലോടും ജാഗ്രതയോടും കൂടി കുടുംബങ്ങളിൽ പ്രാർത്ഥനയോടെ കഴിയുന്നു. വിശ്വാസദാർഢ്യത്തോടും പ്രാർത്ഥനാരൂപിയോടും ശിക്ഷണത്തോടും കൂടി മക്കളെ വളർത്തുന്നതിൽ ശ്രദ്ധിക്കുന്നു. അങ്ങനെ മാതൃവേദി എടത്വാ സെൻട്രൽ യൂണിറ്റ് ദൈവാനുഗ്രഹത്താൽ ശക്തമായി മുന്നോട്ട് പോകുന്നു.

പ്രസിഡന്റായി രേഷ്മാ ജോൺസൺ കൈപ്പടാശ്ശേരിയും സെക്രട്ടറിയായി ജാൻസി പ്രിൻസ് കൊച്ചുപുരയ്ക്കലും പ്രവർത്തിക്കുന്നു.

## 4. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി (എടത്വാ സെൻട്രൽ യൂണിറ്റ്)

1833-ൽ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ് കേന്ദ്രമാക്കി സ്ഥാപിച്ച ജീവകാരുണ്യപ്രസ്ഥാനമാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. പ്രൊഫസറും വക്കീലും ആയിരുന്ന ഫ്രെഡറിക് ഓസാനാം എന്ന ഫ്രഞ്ചുകാരനാണ് ഈ സംഘടനയ്ക്ക് രൂപം കൊടുത്തത്. 1997 ഓഗസ്റ്റ് 22-ാം തീയതി അദ്ദേഹം വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. ലോകവ്യാപകമായി പ്രവർത്തിക്കുന്ന ഈ അത്മായ സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ വിശുദ്ധ വിൻസെന്റ് ഡി പോളാണ്. പ്രസ്ഥാനത്തിന്റെ എടത്വാ ഏരിയാ കൗൺസിലിന്റെ ആത്മീയ ഉപദേഷ്ടാവായി എടത്വാ ഫൊറോനാപള്ളി വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ പ്രവർത്തിക്കുന്നു.

കോൺഫറൻസിന്റെ പരിധിയിൽ വരുന്ന അർഹിക്കുന്നവർക്ക് ചികിത്സാസഹായവും, പഠനസഹായവും, നൽകുന്നു. ചില കുടുംബങ്ങൾക്ക് ഭക്ഷ്യസഹായം വിതരണം ചെയ്തുവരുന്നു. സംഘടനയിലെ അംഗങ്ങൾ സ്വന്തം ദശാംശം നൽകിയും സുമനസ്സുകളിൽ നിന്നും സാമ്പത്തിക സഹായം സ്വരൂപിച്ചുകൊണ്ടും സംഘടനയുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നു. കൂടാതെ അമേരിക്കയിലെ ഫിലാഡെൽഫിയായിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് കോൺഫറൻസിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം രോഗികളും അവശരും അശരണരുമായ സഹോദരങ്ങൾക്ക് നൽകിവരുന്നു. സെന്റ് ജോസഫ് സെൻട്രൽ കോൺഫറൻസിന്റെ പ്രസിഡന്റായി പി.കെ.കുട്ടിയപ്പൻ മഞ്ഞുമ്മേലും വൈസ് പ്രസിഡന്റായി വിൻസെന്റ് തോമസ് പഴയാറ്റിലും സെക്രട്ടറിയായി ജോസഫ് വർഗ്ഗീസ് അമ്പിയായവും ട്രഷററായി സജി ആശാരുപറമ്പിലും പ്രവർത്തിക്കുന്നു.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഭവനസന്ദർശനം നിർത്തിവച്ചിരിക്കുകയാണ്. സംഘടനാംഗങ്ങൾ സ്വന്തം നിലയിൽ സംഭാവന നൽകിക്കൊണ്ട് ദത്തുകുടുംബങ്ങളെ മുടക്കം കൂടാതെ സഹായിച്ചുകൊണ്ടിരിക്കുന്നു.

ഏരിയാ കൗൺസിൽ പ്രസിഡന്റ് ടി.വി.ആന്റണി തെക്കേടവും സെക്രട്ടറി ജോസഫ് വർഗ്ഗീസ് അമ്പിയായവും ട്രഷറർ ആന്റണി ജോസഫ് താനക്കണ്ടവും എടത്വാ യൂണിറ്റ് അംഗങ്ങളും ചേർന്നുള്ള ആലോചനയുടെ അടിസ്ഥാനത്തിലാണ് കോൺഫറൻസിന്റെ കോവിഡ്കാല പ്രവർത്തനങ്ങൾ നടക്കുന്നത്.

## 5. ചാസ്സ്, എടത്വാ

കോവിഡ് 19 മൂലമുള്ള ലോക്ഡൗൺ കാലഘട്ടത്തിലും വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങളോടെ ചാസ്സിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. സ്വയം സഹായസംഘങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി ഫേസ് മാസ്കുകൾ വിതരണം ചെയ്തു. ഗ്രൂപ്പിലൂടെ കോവിഡ് കാല ബോധവൽക്കരണം നടത്തുന്നു. ഈ ഇടവകയിലെ 3 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി. കാൻസർ, ഹൃദ്രോഗം തുടങ്ങിയവ മൂലം ബുദ്ധിമുട്ടുന്നവർക്ക് മരുന്ന്, സാമ്പത്തികസഹായം എന്നിവ നൽകുന്നു.

**കർഷകകൂട്ടായ്മ**

കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനും അതിരൂപതാതലത്തിൽ ഒരു കർഷകക്കൂട്ടായ്മ രൂപീകരിക്കുന്നതിന് അഭിവന്ദ്യ പെരുന്തോട്ടംപിതാവിന്റെ ആഗ്രഹപ്രകാരം ചാസ്സ് മുന്നിട്ടിറങ്ങി. ഈ മേഖലയിലെ കൃഷിക്കാരുടെ ഒരു സെമിനാർ പൊങ്ങയിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത സെമിനാറിലെ തീരുമാനപ്രകാരം ആലപ്പുഴയിൽ കർഷകരുടെ നേതൃത്വത്തിൽ കളക്ട്രേറ്റ്മാർച്ച് നടത്തി. തുടർന്ന് ഓരോ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചൻ രക്ഷാധികാരിയും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും കർഷകസമിതികൾ രൂപീകരിച്ചു. അതിരൂപതാ തലത്തിൽ 500 പേരടങ്ങുന്ന ക്ലസ്റ്റർ

രൂപീകരിച്ച് കാർഷികക്ഷേമപദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനും ശ്രമിക്കുന്നു.

കളർ എ ഡ്രീം പദ്ധതിയിലൂടെ 16 വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായത്തിനുള്ള അപേക്ഷകൾ പരിഗണിച്ചു വരുന്നു.

എടത്വാ യൂണിറ്റിൽ ശ്രീ പി.എസ്.റ്റോമിച്ചൻ പറപ്പള്ളി (പ്രസിഡന്റ്), ശ്രീമതി ജിൻസി ജോളി കട്ടപ്പുറം (വൈസ് പ്രസിഡന്റ്), ശ്രീ ആന്റണി ജോസഫ് (റീജിയണൽ പ്രസിഡന്റ് & യൂണിറ്റ് സെക്രട്ടറി), എക്സിക്യൂട്ടീവ് മെമ്പേഴ്സ്, കമ്മ്യൂണിറ്റി ഓർഗനൈസേഴ്സായ ശ്രീമതി ഗ്രേസി മാത്യു കൊച്ചുചിറ, ശ്രീമതി ആൻസമ്മ സെബാസ്റ്റ്യൻ പള്ളിച്ചിറ, ശ്രീമതി മോളിമ്മ ഔസേഫ് കടുമ്മത്തിൽ എന്നിവർ ഭാരവാഹികളായി പ്രവർത്തിച്ചുവരുന്നു.

## 6. SFO Secular Franciscan Order ( ഫ്രാൻസിസ്ക്കൻ അത്മായസഭ )

ലോകമെങ്ങും ദ്വിതീയക്രിസ്തു എന്നറിയപ്പെടുന്ന അസ്സീസിയിലെ വി.ഫ്രാൻസിസ് അത്മായ സഹോദരങ്ങൾക്കായി സ്ഥാപിച്ച കൂട്ടായ്മയാണ് ഫ്രാൻസിസ്ക്കൻ അത്മായസഭ. ആദ്യകാലങ്ങളിൽ ഈ പ്രസ്ഥാനം മൂന്നാം സഭയെന്ന് അറിയപ്പെട്ടിരുന്നു. സമാധാനം, സൗഭാഗ്യം എന്നത് മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ട് ഈശോയെ അടുത്തനുകരിച്ച് ഈശോയോടു സാദൃശ്യപ്പെട്ട് പുണ്യജീവിതം നയിച്ച മഹാവിശുദ്ധനാണ് വി.ഫ്രാൻസിസ് അസ്സീസി. ഈ പുണ്യാത്മാവിനെ അനുകരിക്കുകയും ഫ്രാൻസിസ്കൻ ചൈതന്യം ഭാരതമക്കൾക്ക് പകർന്നുകൊടുക്കുകയും ചെയ്ത പുണ്യപുരുഷനാണ് കേരള അസ്സീസി എന്നറിയപ്പെടുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ എടത്വാക്കാരനായതുകൊണ്ടും തൊമ്മച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കബറിടം എടത്വായിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടും എടത്വാ കേന്ദ്രീകരിച്ചാണ് എസ്.എഫ്.ഒ.യുടെ ഒട്ടുമിക്ക പ്രവർത്തനങ്ങളും നടക്കുന്നത്. ചങ്ങനാശ്ശേരി അതിരൂപതയിൽ എസ്.എഫ്.ഒ. നാലു റീജിയനുകളിലായി പ്രവർത്തിക്കുന്നു. എടത്വാ, കുട്ടനാട്, കുറുമ്പനാടം, വാഴപ്പള്ളി. ഇതിന്റെ മുഖ്യഓഫീസ് പ്രവർത്തിക്കുന്നത് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിലാണ്. ഇക്കഴിഞ്ഞ മൂന്നുവർഷക്കാലം ചങ്ങനാശ്ശേരി അതിരൂപതാ എസ്.എഫ്.ഒ. സ്പിരിച്വൽ അസിസ്റ്റന്റായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹുമാനപ്പെട്ട ഫാ.തോമസ് വെട്ടിക്കാലായിൽ ഒ.എഫ്.എം. ക്യാപ് സ്ഥലം മാറിപ്പോവുകയും പുതിയ സ്പിരിച്വൽ അസിസ്റ്റന്റായി ബഹുമാനപ്പെട്ട ഫാ.മിഖായേൽ പരുശ്ശേരി ഒ.എഫ്.എം. ക്യാപ് ചാർജ്ജെടുക്കുകയും ചെയ്തു. സ്ഥലം മാറിപ്പോയ തോമസ് അച്ചന് നന്ദിയും പുതിയതായി ചാർജ്ജെടുത്ത മിഖായേൽ അച്ചന് സ്വാഗതവും ആശംസിക്കുന്നു.

**എസ്.എഫ്.ഒ. എടത്വാ യൂണിറ്റ്**

എസ്.എഫ്.ഒ. എടത്വാ യൂണിറ്റിൽ 164 അംഗങ്ങൾ പ്രവർത്തിക്കുന്നു. ഈ വർഷം ഫെബ്രുവരി 15-ാം തീയതി ചങ്ങങ്കരി സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് 8 പേർ വ്രതവാഗ്ദാനം നടത്തുകയും 7 പേർ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ, ദിവസവും പലസമയങ്ങളിലായി എസ്.എഫ്.ഒ. അംഗങ്ങളും മറ്റ് വിശ്വാസികളും ദൈവദാസന്റെ കബറിടത്തിൽ എത്തിച്ചേർന്ന് നാമകരണപ്രാർത്ഥന ചൊല്ലുകയും വി.ഫ്രാൻസിസ് അസ്സീസിയുടെ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു. ലോക്ക് ഡൗൺ പിൻവലിച്ചതിനുശേഷം കബറിടത്തിങ്കൽ നടത്തിവരുന്ന ഒപ്പീസിൽ എസ്.എഫ്.ഒ. അംഗങ്ങളും മറ്റ് ഇടവകാംഗങ്ങളും പങ്കുചേരുന്നു. അസീസ്സി പുണ്യവാന്റെ തിരുനാൾ, നവനാൾ പ്രാർത്ഥനയോടുകൂടി ഒക്ടോബർ 4 ന് ആഘോഷിച്ചു. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരമദിനം നവംബർ 1 ഞായറാഴ്ച ആചരിക്കുന്നു.

## 7. കത്തോലിക്കാ കോൺഗ്രസ്, എടത്വാ

കോവിഡ് 19 എന്ന മഹാമാരിയുടെ ഈ കാലഘട്ടത്തിൽ ലോകമാകെ ഭീതിയിലും

സ്തംഭനാവസ്ഥയിലും കഴിയുമ്പോൾ ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നത് കത്തോലിക്കാ കോൺഗ്രസിന്റെയും കടമയാണ്. ഈ അവസരത്തിൽ യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥം തേടുവാൻ തീരുമാനിച്ചു. അതിൻപ്രകാരം പരിശുദ്ധ അമ്മയുടെ സംരക്ഷണം മക്കൾക്ക് ലഭിക്കുന്നതിനുവേണ്ടി എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥനക്കൊപ്പം 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വസ്തുതി. ചൊല്ലി കാഴ്ചവെക്കാൻ സംഘടനാംഗങ്ങൾ സന്നദ്ധരായി. ഓരോ ദിവസവും ഒരു നിശ്ചിതസമയത്ത് ഈ പ്രാർത്ഥന ചൊല്ലി കൊറോണ ബാധയിൽ നിന്നുള്ള സംരക്ഷണത്തിനുവേണ്ടി ഭവനങ്ങളിൽ ഇരുന്ന് പ്രാർത്ഥിക്കുന്നു. നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല. ഒരനർഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല (സങ്കീ. 91:10) എന്ന തിരുവചനം ഈ കോവിഡ് കാലത്ത് നമ്മുടെ ഭവനങ്ങൾക്ക് പരിചയാണ്.

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ആയുധങ്ങളെടുത്താണ് നമ്മുടെ പൂർവ്വികർ വ്യാധികൾക്കെതിരെ പോരാടിയത്. അതിലവർ വിജയം വരിക്കുകയും ചെയ്തു. കൊറോണ എന്ന മാരക വൈറസ് ഇന്ന് എല്ലാ ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ശാസ്ത്രലോകം വളരെയേറെ പുരോഗമിച്ചിട്ടുണ്ടെങ്കിലും ഈ വൈറസിനെ കീഴ്പ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇത് ദൈവികശക്തിയുടെ വെളിപ്പെടുത്തലാണ്. ദൈവത്തിൽ ആശ്രയിക്കുന്നതിനുള്ള ആഹ്വാനമാണ്. എവിടെ മനുഷ്യശക്തി പരാജയപ്പെടുന്നുവോ അവിടെയാണ് ദൈവശക്തിയുടെ പ്രവർത്തനം ആരംഭിക്കുന്നത്.

കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ രോഗവ്യാപനം തടയുക എന്നത് കടമയായി കണക്കാക്കിക്കൊണ്ട് ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നു. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങളനുസരിച്ച് വ്യക്തിശുചിത്വവും സാമൂഹിക അകലവും പാലിച്ച് മറ്റുള്ളവർക്ക് മാതൃകയായി വർത്തിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്താനും അംഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നു.

■ ■



# ആതുരാലയ പ്രേഷിതത്വം

## മഹാജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, എടത്വാ

**കോവിഡ് കാല മുൻകരുതലുകൾ**

കോവിഡ് 19 പകർച്ചവ്യാധി ലോകം മുഴുവനെയും ഭീതിയിലെത്തിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ആരോഗ്യപരിപാലനരംഗത്ത് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഈ ആതുരാലയം പ്രവർത്തിക്കുന്നു. രോഗികളുമായി ഇടപഴകേണ്ടിവരുന്ന ആശുപത്രിയിലെ സ്റ്റാഫംഗങ്ങൾക്ക് ബോധവൽക്കരണക്ലാസ്സുകളും സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും നൽകി. പനിയുമായി വരുന്ന രോഗികളെ സ്കാൻ ചെയ്ത് രോഗനിർണ്ണയം നടത്താൻ പ്രത്യേകസംവിധാനം കാഷ്വാലിറ്റിയിൽ ഒരുക്കിയിട്ടുണ്ട്. കോവിഡ് പരിശോധനയുടെ ഭാഗമായി റാപിഡ് ആന്റിജെൻ ലാബ് ടെസ്റ്റ് നടത്തുവാനുള്ള ക്രമീകരണം ചെയ്തിരിക്കുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ഈ ടെസ്റ്റ് നടത്തി ഫലം നെഗറ്റീവ് ആണെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ അഡ്മിറ്റ് ചെയ്യുകയുള്ളൂ. ഈ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളും വളരെ നല്ല രീതിയിൽ സജീവമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. നിരാലംബരായ ആളുകളുടെ ശുശ്രൂഷയും പരിപാലനവും മുൻനിർത്തി പാലിയേറ്റീവ് കെയർ പ്രവർത്തിച്ചുവരുന്നു.

**ഡയാലിസിസ് യൂണിറ്റ്**

കിഡ്നിസംബന്ധമായ രോഗികളുടെ ആശ്വാസകേന്ദ്രമാണ് ഡയാലിസിസ് യൂണിറ്റ്. ഈ യൂണിറ്റിൽ ഇപ്പോൾ മൂന്നു ഡയാലിസിസ് മെഷീനുകൾ പ്രവർത്തിക്കുന്നു. സാധുക്കളായ രോഗികൾക്ക് സുമനസ്സുകളുടെ സഹായത്തോടെ സൗജന്യമായി ഡയാലിസിസ് ചികിത്സ നൽകിവരുന്നു. നിർദ്ധനരോഗികളുടെ ഡയാലിസിസ് ചികിത്സാചെലവിലേക്ക് എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ

ദൈവാലയത്തിൽ നിന്നും ഈ വർഷവും 3,00,000/- രൂപ (മൂന്നുലക്ഷം രൂപ) നൽകി സഹായിച്ചത് നന്ദിയോടെ അനുസ്മരിക്കുന്നു. ഇക്കാര്യത്തിൽ വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചനോടും പാരിഷ് കൗൺസിലിനോടും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

**ആരോഗ്യരംഗത്തെ പുതിയ കാൽവയ്പുകൾ**

ത്വക്ക് സംബന്ധമായ ചികിത്സ ഉറപ്പാക്കുന്നതിനായി പുതിയ ഡെർമറ്റോളജിസ്റ്റ് (സ്കിൻ) ചാർജ്ജെടുത്തിരിക്കുന്നു എന്നത് ഏറെ അഭിമാനകരമാണ്. ജനറൽ സർജറി വിഭാഗത്തിൽ സർജൻ റവ.സി.ഡോ.മരിയ വെട്ടിത്താനം എം.ബി.ബി.എസ്., എം.എസ്. ചാർജ്ജെടുത്തിരിക്കുന്നു. ഈ വിഭാഗത്തിലെ രോഗികളുടെ ബാഹുല്യവും സൗകര്യവും കണക്കിലെടുത്ത് ഡോക്ടറിന്റെ സേവനം എല്ലാ ദിവസവും ആശുപത്രിയിൽ ലഭ്യമാണ്.

## സ്നേഹഭവൻ

2003 ആഗസ്റ്റ് 15 ന് 4 പേർക്ക് അഭയം നൽകിക്കൊണ്ട് സ്നേഹഭവന്റെ പ്രവർത്തനം തുടങ്ങി. സമൂഹത്തിൽ അവഗണിക്കപ്പെട്ടവരും നിരാലംബരുമായ മാനസികരോഗികളുടെ പുനരധിവാസകേന്ദ്രം ആണ് സ്നേഹഭവൻ.

ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് സർക്കാർ രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ രക്ഷാധികാരി എടത്വാ ഫൊറോനാപള്ളി വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചനാണ്. ജോണിക്കുട്ടി തുരുത്തേലിന്റെ നേതൃത്വത്തിൽ 7 പേർ അടങ്ങുന്ന ഒരു കമ്മിറ്റി ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 120 ഓളം പേർ ഈ ഭവനത്തിൽ കഴിയുന്നു. ഡോക്ടർമാർ ഓരോ ആഴ്ചയിലും ഇവിടെ വന്ന് രോഗികളെ പരിശോധിച്ച് ആരോഗ്യരംഗത്തെ ആവശ്യങ്ങൾ നിറവേറ്റുന്നു.

18-ാം വർഷത്തിലേക്ക് കടന്നിരിക്കുന്ന സ്നേഹഭവന്റെ പരിചരണത്തിൽ വന്ന നൂറുകണക്കിന് വ്യക്തികളെ അവരിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പോലീസ് അധികാരികളുടെ സഹായത്തോടെ അവരവരുടെ വീടുകളിൽ കൃത്യമായി എത്തിക്കാൻ സാധിച്ചു എന്നത് അഭിമാനപൂർവ്വം ഓർക്കുന്നു.

നല്ല ജീവകാരുണ്യപ്രവർത്തനത്തിന് ചങ്ങനാശ്ശേരി സർഗ്ഗക്ഷേത്ര ഏർപ്പെടുത്തിയ അവാർഡും മലങ്കര കത്തോലിക്കാ അതിരൂപത ഏർപ്പെടുത്തിയ അവാർഡും ഈ സ്ഥാപനത്തിന് ലഭിച്ചു.

മാർ തോമസ് തറയിൽ പിതാവ് കൂദാശ ചെയ്ത മനോഹരമായ ഒരു ചാപ്പൽ ഇവിടെ ഉണ്ട്. രണ്ടുനേരം പ്രാർത്ഥനയും എല്ലാ ശനിയാഴ്ചയും വി.കുർബാനയും ക്രമീകരിച്ചിരിക്കുന്നു.

കോവിഡ് 19 എന്ന മഹാമാരി കടന്നുവന്നിരിക്കുന്ന ഈ കാലയളവിൽ സ്നേഹഭവന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുവാൻ നന്നേ ക്ലേശിക്കുന്നുണ്ട്. 25000/- രൂപാ ദൈനംദിന ചിലവിന് തന്നെ ആവശ്യമായി വരുന്നുണ്ട്. സഭയുടെയും ഇടവക സമൂഹത്തിന്റെയും ആത്മാർത്ഥമായ സാമ്പത്തിക പിന്തുണ ഉണ്ടെങ്കിലേ സ്നേഹഭവൻ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം അഭിവന്ദ്യപിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ എല്ലാവരുടെയും സഹായസഹകരണം ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. ഇതുവരെ കാത്തുപരിപാലിച്ച ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

■ ■



''നമ്മൾ പ്രാർത്ഥിക്കുകയും പരിത്യാഗങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ പിശാചിന് നമ്മെ ഭയമാണ്. എന്നാൽ നാം കുരിശടയാളം വരയ്ക്കുമ്പോൾ അവൻ നമ്മളിൽ നിന്നും ഓടി അകലുന്നു.''

*പാദുവായിലെ വി. അന്തോനീസ്*

# ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് മാതൃകയായി എടത്വാ ഇടവക

''വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവും ആയിരുന്നു. അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. ... ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു'' (അപ്പ.4:32).

ആദിമക്രൈസ്തവസമൂഹത്തിൽ നിലനിന്നിരുന്ന പങ്കുവയ്ക്കലിന്റെ നേർസാക്ഷ്യമാണ് ഇടവകയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ. പരസ്നേഹപ്രവർത്തികൾ വിശ്വാസസമൂഹത്തിന്റെ ക്രിസ്തീയബോധ്യം പ്രകാശിപ്പിക്കുന്നു. ഒപ്പം ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് വേരോട്ടം സാധ്യമാക്കുന്ന നനവുള്ള ഇടമായി ഇടവകയെ മാറ്റുകയും ചെയ്യും. നല്ല സമറായനാകാൻ ഇടവകയ്ക്ക് ലഭിച്ച വിളിയുടെ പ്രത്യുത്തരം നമുക്കിതിൽ ദർശിക്കാൻ കഴിയും.

മഹത്തായ എടത്വാ ഇടവക ജീവകാരുണ്യപ്രവർത്തനങ്ങളെ അതീവപ്രാധാന്യത്തോടെയാണ് നോക്കിക്കാണുന്നത്. സാമ്പത്തിക പരാധീനത അഭിമുഖീകരിക്കുന്ന ഇടവകാംഗങ്ങളോടും പൊതുസമൂഹത്തിലെ നിർദ്ധനരായ നാനാജാതിമതസ്ഥരോടും പ്രതിബദ്ധത പുലർത്തിയ ചരിത്രമാണ് എടത്വാ ഇടവകയ്ക്കുള്ളത്. ആ നല്ല പാരമ്പര്യം ഇപ്പോഴും തുടർന്നുപോരുന്നു. വിദ്യാഭ്യാസസഹായം, ചികിത്സാസഹായം, വിവാഹസഹായപദ്ധതി, ഭവനനിർമ്മാണപദ്ധതി, വീടുകളുടെ അറ്റകുറ്റപ്പണിക്ക് സഹായം, ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി വാങ്ങി വീടിന്റെ അടിത്തറ പൂർത്തിയാക്കി നൽകുന്ന പദ്ധതി, രോഗികൾക്കും നിരാലംബർക്കുമുള്ള പെൻഷൻ പദ്ധതി, സൗജന്യ ഡയാലിസിസ് ചികിത്സാപദ്ധതി, സ്നേഹഭവന് നൽകുന്ന പ്രതിമാസസഹായം തുടങ്ങി എടത്വാപള്ളി ഏറ്റെടുത്തുനടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ നിരവധിയാണ്. വിവിധ മേഖലകളിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തികവർഷത്തിൽ 1,76,75,640/- (ഒരു കോടി എഴുപത്തിയാറുലക്ഷത്തിഎഴുപത്തയ്യായിരത്തിഅറുനൂറ്റിനാൽപത്) രൂപായാണ് ചെലവഴിച്ചത്.

## 1. വിദ്യാഭ്യാസസഹായം

എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ബി.എസ്സി നേഴ്സിംഗ്, ഇതര ഡിഗ്രി കോഴ്സുകൾ തുടങ്ങിയ മേഖലകളിൽ പഠനം നടത്തുന്ന ഇടവകയിലെ അർഹരായവർക്ക് സഹായം നൽകുന്ന പദ്ധതി 2005 ൽ ആരംഭിച്ചു. 15 വർഷമായി തുടർന്നുവരുന്ന ഈ പദ്ധതിയിലൂടെ ആയിരക്കണക്കിന് കുട്ടികൾക്ക് ലക്ഷക്കണക്കിന് രൂപയുടെ സഹായം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 40 കുട്ടികൾക്ക് 1,96,000/- (ഒരു ലക്ഷത്തി തൊണ്ണൂറ്റിആറായിരം) രൂപാ വിദ്യാഭ്യാസസഹായമായി നൽകി.

**വിദ്യാഭ്യാസസഹായം 2019-20**

| | | | |
|---|---|---|---|
| 1. ആലീസ് ഷാജി, കരുവടിയിൽ | 10000 | 14. എയ്ഞ്ചൽ സ്കറിയാ, കട്ടപ്പുറം | 5000 |
| 2. ലിസമ്മ ജോസഫ്, പുത്തൻപുരയ്ക്കൽ | 10000 | 15. ആൻസ് മരിയാ തോമസ്, കണ്ണന്തറ | 5000 |
| 3. ജോർജ്ജ് ജോസഫ്, ഇരുപതിൽച്ചിറ | 5000 | 16. ജെറിൻ ജോസ് ഫിലിപ്പ്, മാമ്മൂട്ടിൽ | 5000 |
| 4. ക്രിസ്റ്റീനാ വർഗ്ഗീസ്, കറുകപ്പറമ്പിൽ | 5000 | 17. സ്റ്റെഫി എൽസാ തോമസ്, മനയിൽ | 5000 |
| 5. ജെസ്സി ജോസഫ്, മുണ്ടകത്തിൽ | 5000 | 18. അലീനാ ജോളി, പത്തിപ്പറമ്പിൽ | 5000 |
| 6. ക്രിസ്റ്റിൻ മത്തായി, പള്ളിച്ചിറ | 5000 | 19. നിസി സോണി, തൈപ്പറമ്പിൽ | 5000 |
| 7. ഷാജി ജോസഫ്, പേരങ്ങാട്ട് | 5000 | 20. റ്റിറ്റോ ജോസഫ് വർഗ്ഗീസ്, മണക്കളം | 5000 |
| 8. ജോസഫ് ആന്റണി, തൈപ്പറമ്പിൽ | 5000 | 21. സ്റ്റെഫി റ്റോം, വേഴക്കാട് | 5000 |
| 9. റോഷൻ ദേവസ്യ, മണിപ്പുഴയിൽ | 5000 | 22. അഞ്ചു ആന്റണി, കല്ലുപുരയ്ക്കൽ | 5000 |
| 10. കൊച്ചുമോൻ, പ്ലാപ്പറമ്പിൽ | 5000 | 23. ജാസ്മിൻ ഫ്രാൻസിസ്, ഉണ്ണൂട്ടൻചിറപത്തിൽ | 5000 |
| 11. എബിൻ ജോസഫ്, തൈപ്പറമ്പിൽ | 5000 | 24. സ്റ്റെനി മെറിൻ ആന്റണി, കാഞ്ഞൂപ്പള്ളിൽ | 5000 |
| 12. ജെസ്റ്റിൻ ഫിലിപ്പ്, കാഞ്ഞൂപ്പള്ളിൽ | 5000 | 25. എലിസബത്ത് ജോസഫ്, കുടിലിൽ | 5000 |
| 13. ജോബ് ജോർജ്ജ്, ഇടയൂരാംവേലിൽ | 5000 | 26. ജോജിമോൾ പി.എ., പുത്തൻപുരയ്ക്കൽ | 5000 |

| | | | |
|---|---|---|---|
| 27. കുഞ്ഞൂഞ്ഞമ്മ ജോർജ്ജ്, അളമുഖം | 5000 | 34. സ്റ്റെഫി മെറിൻ ആന്റണി, കാഞ്ഞൂപ്പള്ളിൽ | 3000 |
| 28. ദിവ്യ ജോർജ്ജ്, കണ്ണമ്പള്ളി | 5000 | 35. ലാൽബിൻ ദേവസ്യ, പുത്തൻപുരയ്ക്കൽ | 3000 |
| 29. വർഗ്ഗീസ് ആന്റണി, പെരുവേലിൽ | 5000 | 36. റ്റിനുമോൻ സണ്ണി, മാലിയിൽ | 3000 |
| 30. നിമിഷ ആന്റണി, അഞ്ചിൽച്ചിറ | 5000 | 37. അലീനാമോൾ തോമസ്, മേപ്രത്തുശ്ശേരിൽ | 3000 |
| 31. ഡിംപിൾ വർഗ്ഗീസ്, ആലപ്പാട് പുത്തൻപറമ്പ് | 5000 | 38. വർഗ്ഗീസ് സിജോ, കണ്ണമ്പള്ളി | 3000 |
| 32. ബിജുമോൻ, ചേന്നംകരച്ചിറ | 5000 | 39. ലീനാമേരി ലാലച്ചൻ, ചക്കാലയ്ക്കൽ | 3000 |
| 33. മെർലിൻ വർഗ്ഗീസ്, അമ്പലത്തുംപറമ്പിൽ | 5000 | 40. കുര്യൻ ജോസഫ്, ആലപ്പാട് പുത്തൻപറമ്പ് | 3000 |
| | | **ആകെ** | 1,96,000 /- |

## 2. ചികിത്സാസഹായം

2019–20 സാമ്പത്തികവർഷത്തിൽ നിർദ്ധനരോഗികളായ 18 പേർക്ക് 1,65,000/- (ഒരു ലക്ഷത്തി അറുപത്തിഅയ്യായിരം) രൂപാ ചികിത്സാസഹായമായി നൽകി.

**ചികിത്സാസഹായം 2019–20**

| | | | |
|---|---|---|---|
| 1. റ്റിനുമോൻ മാത്യു, വെട്ടുതോട്ടുങ്കൽ | 25000 | 11. പുഷ്പമ്മ ഫ്രാൻസിസ്, ഉണ്ണൂട്ടൻചിറ പത്തിൽ | 10000 |
| 2. കെ.ജി.സിമോദ് | 15000 | 12. ജോയിപ്പൻ കെ.തോമസ്, കണ്ണംകുളങ്ങര | 5000 |
| 3. ആന്റണി എബ്രഹാം, പുത്തൻപുരയ്ക്കൽ | 15000 | 13. ഔസേഫ് സെബാസ്റ്റ്യൻ, മുപ്പതിൽച്ചിറ | 5000 |
| 4. ജിമോൻ ജെയിംസ്, കിഴക്കേറ്റം | 10000 | 14. ഷേർളി വി.ജോസഫ്, വള്ളപ്പുരയ്ക്കൽ | 5000 |
| 5. ബോബിച്ചൻ, തട്ടാറയിൽ | 10000 | 15. ശാന്തമ്മ നാണി, കൊല്ലന്റെ കിഴക്കേതിൽ | 5000 |
| 6. ജോസഫ് വർഗ്ഗീസ്, പുത്തൻപുരയ്ക്കൽ | 10000 | 16. സേവ്യർകുട്ടി ജോസഫ്, ഏഴരയിൽ | 5000 |
| 7. ആന്റണി തോമസ്, ഈരേത്ര | 10000 | 17. മണിയമ്മ ജോസഫ്, പൂവക്കാട് | 3000 |
| 8. അന്നമ്മ വർഗ്ഗീസ്, പതിനഞ്ചിൽ | 10000 | 18. ദിവ്യാ വിശാഖ്, മൂന്നുപുരയ്ക്കൽ | 2000 |
| 9. ബിജുമോൻ, ചേന്നംകരച്ചിറ | 10000 | | |
| 10. ചാക്കോ ഔസേഫ്, അട്ടിയിൽ | 10000 | **ആകെ** | 1,65,000 /- |



## 3. വിവാഹസഹായപദ്ധതി

2020 ജനുവരിയിൽ ആരംഭിച്ച വിവാഹസഹായ പദ്ധതിയിൽ 60 പേർ അംഗങ്ങളാണ്. 2 സ്കീമുകളിലായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. മാസം തോറും 500 രൂപാ അടയ്ക്കുന്ന സ്കീമിൽ 20 പേരും 1000 രൂപാ അടയ്ക്കുന്ന സ്കീമിൽ 40 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10 വർഷം കൊണ്ട് കാലാവധി പൂർത്തിയാകുമ്പോൾ അടച്ച തുകയുടെ ഇരട്ടി തിരികെ നൽകുന്ന പദ്ധതിയാണ് ഇത്.

500 രൂപാ സ്കീമിൽ ഉൾപ്പെട്ടവർക്ക് പദ്ധതി പൂർത്തിയാകുമ്പോൾ 60,000/- രൂപാ അടച്ച സ്ഥാനത്ത് 1,20,000/- രൂപാ തിരികെ കൊടുക്കുന്നു. 20 പേർക്കായി 12 ലക്ഷം രൂപയാണ് അടച്ച തുകയ്ക്ക് പുറമേ പള്ളിക്കാര്യത്തിൽ നിന്നും നൽകുന്നത്. 1000 രൂപാ സ്കീമിൽ ഉൾപ്പെട്ടവർക്ക് പദ്ധതി പൂർത്തിയാകുമ്പോൾ 1,20,000/- രൂപാ അടച്ച സ്ഥാനത്ത് 2,40,000/- രൂപാ തിരികെ കൊടുക്കുന്നു. 40 പേർക്കായി 48 ലക്ഷം രൂപയാണ് അടച്ച തുകക്ക് പുറമേ പള്ളിക്കാര്യത്തിൽ നിന്നും നൽകുന്നത്. വിവാഹസഹായപദ്ധതിയിലെ 2 സ്കീമുകളിലൂടെ 60 പേർക്കായി 60 ലക്ഷം രൂപയാണ് പള്ളിക്കാര്യത്തിൽ നിന്നും നൽകുന്നത്. തന്നാണ്ടിൽ 6 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി പള്ളി ചെലവിടുന്നു

**1000 രൂപാ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ**

| | | | |
|---|---|---|---|
| 1 | അനുഗ്രഹാ ദീപാ സെബാസ്റ്റ്യൻ, കറുകയിൽ, കോയിൽമുക്ക് | 7 | റിയാ മരിയാ ജോസഫ്, തെക്കേടം, ചങ്ങങ്കരി നടുഭാഗം എ |
| 2 | അർപ്പിതാ സെബാസ്റ്റ്യൻ, കറുകയിൽ, കോയിൽമുക്ക് | 8 | റ്റെസ് തോമസ്, തെക്കേടം, ചങ്ങങ്കരി നടുഭാഗം എ |
| 3 | സാനിയാ വർഗ്ഗീസ്, ചക്കനാട്ടുപറമ്പിൽ, കുന്തിരിക്കൽ | 9 | അനന്യാ മരിയാ ഔസേഫ്, പെരുവേലിൽ, കാട്ടുംഭാഗം |
| 4 | ആഗ്നസ് ആന്റണി, മാളിയേക്കൽ, എടത്വാ പടിഞ്ഞാറ് ബി | 10 | ആൻ മരിയാ ക്ലെമന്റ്, ചിരിയൻകണ്ടത്തിൽ, എടത്വാ പടിഞ്ഞാറ് ബി |
| 5 | ആൽഫിനാ ലിജി റ്റോം, പെരുമാതയിൽ, പാണ്ടങ്കരി | 11 | ജോബിനാ ജോമോൻ, കല്ലുപുരയ്ക്കൽ അഞ്ചിൽ, കുന്തിരിക്കൽ |
| 6 | ട്രീസാ റോസ്, മൂന്നുപറയിൽ, എടത്വാ പടിഞ്ഞാറ് എ | 12 | ജെഫ്സാ അന്നാ ജോളി, കട്ടപ്പുറം, എടത്വാ പടിഞ്ഞാറ് ബി |

13 അനിറ്റാ മരിയാ തോമസ്, പാറേച്ചിറയിൽ, കുന്തിരിക്കൽ
14 ജ്യോതി മരിയാ എം., പേരങ്ങാട്ടുചിറ, കോയിൽമുക്ക്
15 ഏയ്ഞ്ചൽ അന്നാ ജോസഫ്, മണക്കളം, പാണ്ടങ്കരി
16 അന്നാ മരിയാ വർഗ്ഗീസ്, മണക്കളം, കോയിൽമുക്ക്
17 എലിസബത്ത് ഷാജൻ, വൈപ്പിൽ, ചങ്ങങ്കരി പടിഞ്ഞാറ്
18 സറീനാ ജോഷി, തുണ്ടിയിൽ, കോയിൽമുക്ക്
19 സ്നേഹാ ത്രേസ്യാമ്മ ജോസ്, തുണ്ടിയിൽ, കോയിൽമുക്ക്
20 അനു റോസ് സെബാസ്റ്റ്യൻ, മഠത്തിക്കളം, ചങ്ങങ്കരി നടുഭാഗം ബി
21 ആൽഫി ട്രീസാ ജിജി, കരുവടിയിൽ, ചങ്ങങ്കരി കിഴക്ക്
22 ജിസ്മി ജോസഫ്, മണമേൽ, ചങ്ങങ്കരി നടുഭാഗം ബി
23 ഏയ്ഞ്ചൽ മരിയാ വർഗ്ഗീസ്, പള്ളിച്ചിറ, എടത്വാ പടിഞ്ഞാറ് എ
24 കൃപാ ശ്യാം, ഇരുപതിൽച്ചിറ, ചങ്ങങ്കരി നടുഭാഗം എ
25 അന്നാ മരിയാ വിൽസൺ, മാലിച്ചിറ, ചങ്ങങ്കരി നടുഭാഗം ബി
26 അലീനാ മരിയാ തോമസ്, പതിനഞ്ചിൽ, കോയിൽമുക്ക്
27 സിൽഫാ മരിയാ സുനിൽ, മഠത്തിക്കളം, എടത്വാ പടിഞ്ഞാറ് എ
28 ആൽവിയാ ജോസഫ്, നാൽപതിൽച്ചിറ, ചങ്ങങ്കരി പടിഞ്ഞാറ്
29 ജീനാ ജോസഫ്, തണ്ടപ്ര, ചങ്ങങ്കരി പടിഞ്ഞാറ്
30 ജ്യൂവൽ എൽസാ ജോമോൻ, കൊണ്ടകശ്ശേരി, ചങ്ങങ്കരി പടിഞ്ഞാറ്
31 അന്നാ മേരി വർഗ്ഗീസ്, മണക്കളം, പാണ്ടങ്കരി
32 നേഹാ ജിബി, വേലിക്കളം, ചങ്ങങ്കരി കിഴക്ക്
33 മരിയാ എം.ജോസഫ്, മാളിയേക്കൽ, ചങ്ങങ്കരി പടിഞ്ഞാറ്
34 ഐറിൻ ട്രീസാ റ്റോൺ, പോളക്കൽ, പാണ്ടങ്കരി
35 സെറിൻ ദേവസ്യാ, മാലിയിൽ, , ചങ്ങങ്കരി നടുഭാഗം ബി
36 നേഹാ റോസ് ഷിബു, ആമ്പക്കാട്, ചങ്ങങ്കരി നടുഭാഗം ബി
37 സ്നേഹാമോൾ ദേവസ്യാ, മാലിയിൽ, ചങ്ങങ്കരി നടുഭാഗം ബി
38 സംഗീതാ ബിനോ, പഴയമഠം, ചങ്ങങ്കരി നടുഭാഗം ബി
39 സാനിയാ ബിനോ, പഴയമഠം, ചങ്ങങ്കരി നടുഭാഗം ബി
40 സോനാ എൽസാ സാജു, കൊച്ചുപുരക്കൽ, പാണ്ടങ്കരി

## 500 രൂപാ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

1 ജോസ്‌ലി വർഗ്ഗീസ്, എടമനത്തറ, കോയിൽമുക്ക്
2 ജൂലിയാ ജോജി, മൂന്നുപറയിൽ, ചങ്ങങ്കരി നടുഭാഗം ബി
3 അന്നാ ബിജു, പരുത്തിപ്പള്ളിച്ചിറ, എടത്വാ പടിഞ്ഞാറ് എ
4 ജ്യൂവൽ മരിയാ ജോഷി, തെക്കേടം, ചങ്ങങ്കരി നടുഭാഗം എ
5 അനഘാ ബിജു, പരുത്തിപ്പള്ളിച്ചിറ, എടത്വാ പടിഞ്ഞാറ് എ
6 റോസ്‌ലിൻ റോയി, പറപ്പള്ളിൽ, ചങ്ങങ്കരി പടിഞ്ഞാറ്
7 ബ്രീസാ ബിജു, തലയാറ്റംപള്ളി, ചങ്ങങ്കരി പടിഞ്ഞാറ്
8 റിൻസി ഇയ്യോപ്പി, കൊച്ചുപറമ്പിൽ, ചങ്ങങ്കരി പടിഞ്ഞാറ്
9 സിനു റ്റി.വർഗ്ഗീസ്, പറപ്പള്ളിൽ, ചങ്ങങ്കരി നടുഭാഗം എ
10 അഥീനാ ട്രീസാ റ്റോമി, മഠത്തിക്കളത്തിൽ, പച്ച കിഴക്ക്
11 ജോർജ്ജിനാ ഗ്രിഗറി, മഠത്തിക്കളം, ചങ്ങങ്കരി നടുഭാഗം ബി
12 ജോർജ്ജിയാ ഗ്രിഗറി, മഠത്തിക്കളം, ചങ്ങങ്കരി നടുഭാഗം ബി
13 സ്നേഹാ മരിയാ സലി, കൊച്ചുപറമ്പുകൊട്ടാരത്തിൽ, ചങ്ങങ്കരി പടിഞ്ഞാറ്
14 അൽഫോൻസാ മരിയാ തോമസ്, കൊച്ചുപറമ്പ്, ചങ്ങങ്കരി പടിഞ്ഞാറ്
15 ബെൻസിമോൾ ബിജു, പെരുവേലിൽ, കോയിൽമുക്ക്
16 റ്റിയാനാ റേച്ചൽ ഷിബു, അമ്പിയായം, എടത്വാ പടിഞ്ഞാറ് എ
17 സിയോണാ റേച്ചൽ ഷിബു, അമ്പിയായം, എടത്വാ പടിഞ്ഞാറ് എ
18 അലോനാ റ്റി.എം., മാലിച്ചിറ, ചങ്ങങ്കരി നടുഭാഗം എ
19 അലീനാ മരിയാ ബിനു, കണ്ണന്തറ, കുന്തിരിക്കൽ
20 ലെനാ അന്നാ മോനച്ചൻ, ആശ്ശാംപറമ്പിൽ, എടത്വാ പടിഞ്ഞാറ് ബി

## 4. ഭവനനിർമ്മാണപദ്ധതി

ഭവനനിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തികവർഷത്തിൽ ലഭിച്ച അപേക്ഷകളിൽനിന്ന് കൃത്യമായ സൂക്ഷ്മപരിശോധനകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട 24 ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകാൻ 85,30,000/- (എൺപത്തിയഞ്ചുലക്ഷത്തിമുപ്പതിനായിരം) രൂപായാണ് പള്ളിക്കാര്യത്തിൽ നിന്നും ചെലവഴിക്കുന്നത്.

| | | |
|---|---|---|
| 1 | തോമസ് ഗ്രിഗറി, വാഴപ്പറമ്പിൽ, ചങ്ങങ്കരി നടുഭാഗം ബി | 6,50,000/- |
| 2 | സഖറിയാ എസ്., നീലികാട്, ചങ്ങങ്കരി പടിഞ്ഞാറ് | 6,50,000/- |
| 3 | ലീലാമ്മ ജോൺ, കൊച്ചുപറമ്പിൽ, ആനപ്രമ്പാൽ | 6,00,000/- |
| 4 | അമ്മിണി, കരുവടി, ചങ്ങങ്കരി കിഴക്ക് | 5,50,000/- |
| 5 | ആൻസമ്മ സെബാസ്റ്റ്യൻ, പള്ളിച്ചിറ, കാട്ടുംഭാഗം | 5,50,000/- |
| 6 | ജോസഫ് സേവ്യർ, അളമുഖം, എടത്വാ പടിഞ്ഞാറ് എ | 4,30,000/- |
| 7 | ഷൈനി സിബിച്ചൻ, പുത്തൻപുരയ്ക്കൽ, പാണ്ടങ്കരി | 4,30,000/- |
| 8 | കുഞ്ഞമ്മ തോമസ്, എലുപ്പള്ളിൽ, കോയിൽമുക്ക് | 4,30,000/- |
| 9 | മറിയാമ്മ തോമസ്, കൊച്ചുപറമ്പിൽ, മരിയാപുരം | 4,30,000/- |
| 10 | റെജി വർക്കി, ഞാറ്റുവീട്ടിൽ, ചങ്ങങ്കരി നടുഭാഗം എ | 4,00,000/- |
| 11 | മോനിച്ചൻ പി., പട്ടത്താനം, ചങ്ങങ്കരി നടുഭാഗം എ | 2,80,000/- |
| 12 | മായ കൊച്ചുമോൾ, ചക്കാലയ്ക്കൽ, എടത്വാ പടിഞ്ഞാറ് ബി | 2,80,000/- |
| 13 | റോസമ്മ (ജോയിമ്മ), തെക്കേടത്തുപറമ്പിൽ, കുന്തിരിക്കൽ | 2,80,000/- |

| | | |
|---|---|---|
| 14 | സാലിമ്മ കുട്ടപ്പൻ, വെളുത്തേടത്തുപറമ്പ്, കാട്ടുംഭാഗം | 2,80,000/- |
| 15 | ആലീസ് ആന്റണി, മെതിക്കളത്തിൽച്ചിറ, കാട്ടുംഭാഗം | 2,80,000/- |
| 16 | റോയി മാത്യു, പറപ്പള്ളിൽ, ചങ്ങങ്കരി പടിഞ്ഞാറ് | 2,80,000/- |
| 17 | ലാലുമോൾ ജോബി, വെടിക്കാരൻപറമ്പ്, ചങ്ങങ്കരി പടിഞ്ഞാറ് | 2,80,000/- |
| 18 | ബൈജു ജോർജ്ജ്, പട്ടത്താനം, ചങ്ങങ്കരി നടുഭാഗം എ | 2,50,000/- |
| 19 | ഫ്രാൻസിസ് കുര്യാക്കോസ്, കൊച്ചുചിറ, ചങ്ങങ്കരി കിഴക്ക് | 2,00,000/- |
| 20 | മറിയാമ്മ കുര്യാക്കോസ്, കണ്ടത്തിപ്പറമ്പിൽ, പാണ്ടങ്കരി | 2,00,000/- |
| 21 | റോസമ്മ ജോർജ്ജ്, മുളപ്പഞ്ചേരിൽ, പാണ്ടങ്കരി | 2,00,000/- |
| 22 | അന്നമ്മ ചെറിയാൻ, അഞ്ചിൽ, മരിയാപുരം | 2,00,000/- |
| 23 | ജോസഫ് സെബാസ്റ്റ്യൻ, കരുവടി, മരിയാപുരം | 2,00,000/- |
| 24 | തോമസ് വർഗ്ഗീസ്, ഒറ്റാറക്കൽ 10-ൽ, പച്ചകിഴക്ക് | 2,00,000/- |
| | **ആകെ** | **85,30,000/-** |

## 5. വീടുകളുടെ അറ്റകുറ്റപണിക്ക് സഹായം

2019-20 സാമ്പത്തികവർഷത്തിൽ 11 ഭവനങ്ങളുടെ അറ്റകുറ്റപണികൾക്കായി 3,25,000/- (മൂന്നു ലക്ഷത്തി ഇരുപത്തിഅയ്യായിരം) രൂപാ ചെലവഴിച്ചു.

**ഭാഗം 1**

| | | |
|---|---|---|
| 1. | തോമസ് ജോസഫ് (മത്തായി), പീടികച്ചിറപ്പറമ്പ്, പച്ച | 25,000/- |
| 2. | പെണ്ണമ്മ പാപ്പു, കളപ്പുരക്കൽ, ചങ്ങങ്കരി നടുഭാഗം എ | 25,000/- |
| 3. | ജോസഫ് മത്തായി, മണ്ണാരുപറമ്പിൽ തണ്ടപ്ര, ചങ്ങ.പടിഞ്ഞാറ് | 25,000/- |
| 4. | ഏലിയാമ്മ (ജാൻസി), വേളേപ്പറമ്പിൽ, എടത്വാ പടിഞ്ഞാറ് എ | 25,000/- |
| 5. | ജോസഫ് സി.എ., അറുപതിൽച്ചിറ, പച്ച കിഴക്ക് | 25,000/- |
| 6. | ജോസഫ് തോമസ്, പൂവത്തുച്ചിറ, കോയിൽമുക്ക് | 25,000/- |
| 7. | പ്രീതി ദേവസ്യാ, മുളപ്പഞ്ചേരി, കാട്ടുംഭാഗം | 25,000/- |
| 8. | ജോർജ്ജ് തോമസ്, പാക്കള്ളിച്ചിറ, ആനപ്രമ്പാൽ | 25,000/- |

**ഭാഗം 2**

| | | |
|---|---|---|
| 9. | മറിയാമ്മ ജോസഫ്, ആശാംപറമ്പിൽ, ചങ്ങങ്കരി പടിഞ്ഞാറ് | 50,000/- |
| 10. | സനൽ ജോസഫ്, ഒറ്റാറയ്ക്കൽ കാടാത്ത്, പച്ചകിഴക്ക് | 50,000/- |
| 11. | സരസ, നാൽപത്തഞ്ചിൽ, പച്ചകിഴക്ക് | 25,000/- |
| | **ആകെ** | **3,25,000/-** |

## 6. ഭൂരഹിതർക്കുള്ള സഹായപദ്ധതി - സ്ഥലവും അടിത്തറ നിർമ്മാണവും

2019-20 സാമ്പത്തികവർഷത്തിൽ വീട് വക്കാൻ സ്വന്തമായി ഭൂമി ഇല്ലാത്ത മൂന്നു പേർക്കായി 8 സെന്റ് സ്ഥലം പള്ളിക്കാര്യത്തിൽ നിന്ന് വാങ്ങി തുല്യമായി വീതിച്ച് റെവന്യൂരേഖകൾ വികാരിയച്ചന്റെയും ബന്ധപ്പെട്ടവരുടെയും സംയുക്തപേരിൽ ക്രമപ്പെടുത്തുകയും ഭവനങ്ങളുടെ അടിത്തറ നിർമ്മിച്ച് മണ്ണ് നിറച്ച് നൽകുകയും ചെയ്തു. ഈ പദ്ധതിക്കായി 33,16,640/- (മുപ്പത്തിമൂന്നു ലക്ഷത്തി പതിനാറായിരത്തിഅറുനൂറ്റിനാൽപത്) രൂപാ ചെലവായി. സെന്റ് ജോർജ്ജ് സുവനീർഷോപ്പിന്റെ ലാഭവിഹിതമായി ലഭിച്ച തുക കൊണ്ടാണ് ഈ സഹായപദ്ധതി യാഥാർത്ഥ്യമാക്കിയത്.

| | | |
|---|---|---|
| 1. | ബാബു മത്തായി വള്ളോംതറ, ആനപ്രമ്പാൽ | 11,05,546.67/- |
| 2. | ലൈസാമ്മ സിബിച്ചൻ കിഴക്കേ അമ്പിയായം, എടത്വാ | 11,05,546.67/- |
| 3. | ത്രേസ്യാമ്മ വർഗ്ഗീസ് പള്ളിച്ചിറ, ചങ്ങങ്കരി കിഴക്ക് | 11,05,546.67/- |
| | **ആകെ** | **33,16,640.01/-** |

| | |
|---|---|
| സ്ഥലവില | 18,40,000/- |
| രജിസ്ട്രേഷൻ ചാർജ്ജ് | 1,88,559/- |
| അടിത്തറ നിർമ്മാണച്ചെലവ് | 12,88,081/- |
| **ആകെ** | **33,16,640/-** |

## 7. പെൻഷൻപദ്ധതി

എടത്വാ ഇടവകയുടെ പരിധിയിൽ വരുന്ന നിരാലംബരായ നാനാജാതിമതസ്ഥർക്കായി മാസം തോറും 500/- രൂപാ വീതം സഹായധനം നൽകുന്ന പദ്ധതിയാണിത്. 2011 മുതൽ ആണ് ഈ പദ്ധതി ആരംഭിച്ചത്. 2019-20 സാമ്പത്തികവർഷത്തിൽ 223 പേരാണ് ഈ പദ്ധതിയിലൂടെ പെൻഷൻ വാങ്ങിയത്. 13,38,000/- (പതിമൂന്നുലക്ഷത്തി മുപ്പത്തിഎണ്ണായിരം) രൂപായാണ് ഈ ഇനത്തിൽ നൽകിയത്.

കരുണച്ചെപ്പ്, പള്ളിയുടെ ജീവകാരുണ്യഫണ്ട് എന്നീ സ്രോതസ്സുകളിലൂടെ ലഭിച്ച പണവും ഇക്കാര്യത്തിനാണ് വിനിയോഗിച്ചത്.

### വാർഡ് 1- ചങ്ങങ്കരി നടുഭാഗം എ (12)

1 ഏലിയാമ്മ മർക്കോസ്, കാട്ടുംഭാഗം
2 റെജി ഞാറ്റുവീട്ടിൽ, മുപ്പതിൽചിറ
3 സാറാമ്മ വർഗ്ഗീസ്, ഇരുപതിൽചിറ
4 ലിസമ്മ സ്കറിയാ, കണ്ണന്തറ
5 ബ്രിജീത്താമ്മ, കണ്ണംപള്ളി
6 മറിയാമ്മ വർക്കി, മണക്കളം
7 ഔസേപ്പ് ജോസഫ്, കണ്ണംപള്ളി
8 തങ്കമ്മ വർഗീസ്, എൺപതിൽചിറ
9 ഏലിയാമ്മ തോമസ്, കിഴക്കേയറ്റം
10 ത്രേസ്യാമ്മ ജോർജ്ജ്, അമ്പലത്തുംപറമ്പിൽ
11 പൗലോസ് മത്തായി, പട്ടത്താനം
12 കെ പി ജോസഫ്, കിളിയംവേലിൽ

### വാർഡ് 2- ചങ്ങങ്കരി കിഴക്ക് (18)

13 കുഞ്ഞമ്മ ജോസഫ്, തട്ടങ്ങാട്ട്
14 ഏലിയാമ്മ വർഗ്ഗീസ്, ഏഴരയിൽ
15 അമ്മിണി തോമസ്, 25-ൽചിറ
16 അന്നമ്മ ഔസേപ്പ്, കിഴക്കേയറ്റംചിറ
17 അന്നമ്മ ഔസേപ്പ്, അമ്പതിൽചിറ
18 റോസമ്മ കുര്യാക്കോസ്, പള്ളിച്ചിറ
19 പുഷ്പമ്മ, ഉണ്ണൂട്ടൻചിറ
20 ശോഭനാ ജെയിംസ്, ഇരുപതിൽചിറ
21 ഫിലോമിനാ കുര്യാക്കോസ്, മണലേൽ
22 കുഞ്ഞുമോൾ വർഗ്ഗീസ്, വാണിയപ്പുരയ്ക്കൽ
23 കൊച്ചുറാണി തങ്കച്ചൻ, കിഴക്കേയറ്റംചിറ
24 അന്നമ്മ ഫിലിപ്പ്, കളങ്ങരമാമ്മൂട്ടിൽ
25 കുഞ്ഞുമോൾ രാജു, വള്ളുവന്തറ
26 ഏലിയാമ്മ ആന്റണി, അളമുഖം
27 പി.സി.എബ്രഹാം, പറമ്പടികുന്നേൽ
28 എലിസബത്ത്, മാമ്മൂട്ടിൽ
29 സീമ സണ്ണി, കരുവടി
30 മത്തായി ജോസഫ്, പള്ളിച്ചിറ

### വാർഡ് 3- എടത്വാ പടിഞ്ഞാറ് ബി (20)

31 മറിയാമ്മ വർഗ്ഗീസ്, ചക്കാലയ്ക്കൽ
32 സെബാസ്റ്റ്യൻ ജോസഫ്, മഞ്ഞുമ്മേൽ
33 അമ്മിണി (ഏലിയാമ്മ), മഞ്ഞുമ്മേൽ
34 ജോസഫ് ചാക്കോ, കിഴക്കേറ്റം
35 കുഞ്ഞുമോൾ ജോർജ്ജ്, കളത്തിച്ചിറ
36 ചാക്കോ മത്തായി, പുളിന്തറ
37 ത്രേസ്യാമ്മ ആന്റണി, മാളിയേക്കൽ
38 അന്നമ്മ ജോസഫ് , പട്ടത്താനം
39 മിഖായേൽ ദേവസ്യാ, പരുത്തിച്ചിറ
40 സാറാമ്മ ജോർജ്ജ്, പുളിന്തറ
41 ജോസഫ് തോമസ്, വാണിയപ്പുരയ്ക്കൽവടക്കേച്ചിറയിൽ
42 ജോണി ജോസഫ്, മുപ്പതിൽച്ചിറ
43 ഔസേപ്പ് ശൗര്യാർ, പീടികച്ചിറ
44 ത്രേസ്യാമ്മ വർഗ്ഗീസ്, കുഴിവേലിക്കളം
45 ജോയി ഫ്രാൻസീസ്, മാളിയേക്കൽ
46 വർഗ്ഗീസ് ആന്റണി, വാഴപ്പറമ്പ്
47 ബേബി രാജു, മൂന്നുപറയിൽ
48 ത്രേസ്യാമ്മ ജോസഫ്, മൂന്നുപറ
49 അന്നമ്മ ജോർജ്ജ്, മൂന്നുപറ
50 കുഞ്ഞമ്മ ദേവസ്യാ, മഞ്ഞുമ്മേൽ

### വാർഡ് 4- എടത്വാ പടിഞ്ഞാറ് എ (26)

51 സാറാമ്മ ജോർജ്ജ്, കളത്തിച്ചിറ
52 ഏലിയാമ്മ ആന്റണി, പുത്തൻപുരയ്ക്കൽ
53 മറിയാമ്മ ജോസഫ്, കളത്തിച്ചിറ
54 മേരിക്കുട്ടി ജോസഫ്, ചക്കാലയ്ക്കൽ
55 മറിയാമ്മ വർക്കി, മുപ്പതിൽച്ചിറ
56 അന്നമ്മ തോമസ്, പരുത്തിപ്പള്ളിച്ചിറ
57 സാലി ജോർജ്ജ്, മുപ്പതിൽച്ചിറ
58 ഏലിയാമ്മ ആന്റണി, വാഴപ്പറമ്പ്
59 കുഞ്ഞുമോൾ ആന്റണി, വാഴപ്പറമ്പ്
60 മേരി പത്രോസ്, മുപ്പതിൽച്ചിറ
61 ആലീസ് പൗലോസ്, മുപ്പതിൽച്ചിറ
62 സാറാമ്മ (ജെസി), മുപ്പതിൽച്ചിറ
63 അന്നമ്മ ഔസേപ്പ്, പള്ളിച്ചിറ
64 ജോളി ജോസഫ്, തൈപ്പറമ്പ്
65 ചിന്നമ്മ ജോൺ , മണലേൽ
66 ബിനു ടോമി, മുണ്ടുവേലിൽ

67 കുഞ്ഞമ്മ വർഗ്ഗീസ്, കളത്തിൽച്ചിറ
68 ആന്റണി ചാക്കോ, മണലേൽ
69 ജെറിൻ ജീവൻ ജോസഫ്, വേളേപ്പറമ്പിൽ
70 മേരിക്കുട്ടി വർഗ്ഗീസ്, പള്ളിച്ചിറ
71 അമ്മിണി ചാക്കോ, പള്ളിച്ചിറ
72 മത്തായി ഔസേപ്പ്, മുപ്പതിൽച്ചിറ
73 ചിന്നമ്മ മത്തായി, പള്ളിച്ചിറ
74 ആന്റണി വർക്കി, കുഴിവേലിക്കളം
75 അന്നമ്മ തോമസ്, ഈരേത്ര
76 ഏലിയാമ്മ ജോസഫ്, മണലേൽ

## വാർഡ് 5– ആനപ്രമ്പാൽ (9)

77 വർഗീസ് ചാക്കോ, ഇടയത്തറ
78 എൽസമ്മ പോൾ, കല്ലറയ്ക്കൽ
79 ക്ലാര മത്തായി, ചേരിക്കിലാത്ത്
80 ത്രേസ്യാമ്മ ആന്റണി, കടുമത്തിൽ
81 വർക്കി ദേവസ്യാ (കുഞ്ഞുമോൻ) കുളപ്പുരയ്ക്കൽ
82 സാറാമ്മ വർക്കി, ഇരുപതിൽചിറ
83 അന്നമ്മ മത്തായി, വള്ളോംതറ
84 ലീലാമ്മ ജോസഫ്, മാളിയേക്കൽ
85 തോമസ് ആന്റണി, മനയിൽ കൊച്ചുപറമ്പ്

## വാർഡ് 6– കുന്തിരിക്കൽ (18)



86 മേരിക്കുട്ടി ജോസഫ്, തട്ടങ്ങാട്ട്
87 ഏലിക്കുട്ടി മാത്യു, മാലിയിൽ
88 ഏലിയാമ്മ തോമസ്, മാലിയിൽ
89 ഏലിക്കുട്ടി കട്ടപ്പുറം
90 ടി.കെ.ഐസക്ക്, തോട്ടത്തിൽ
91 അന്നമ്മ, ഇക്കരവീട്ടിൽ
92 തൊമ്മി മിഖായേൽ, പീടികചിറ
93 എം.സി ജോസഫ്, മൂത്താരിൽ
94 അച്ചാമ്മ (പ്രിജോ), കണ്ടത്തിൽ
95 മേരി ഇഗ്നേഷ്യസ്, കന്നിട്ടയിൽ
96 മേരിക്കുട്ടി ജോസഫ്, പെരിഞ്ചേരി കണ്ണന്തറ
97 മറിയാമ്മ ആന്റണി, പുത്തൻപുരയ്ക്കൽ
98 ത്രേസ്യാമ്മ ദേവസ്യാ, കല്ലൂപ്പറമ്പിൽ
99 തോമസ് ജോസഫ് , കുടിലിൽ
100 മറിയാമ്മ ജോസഫ്, പാണ്ട്യാപറമ്പ്
101 ആൻസമ്മ ജോസ്, മാലിയിൽ
102 മറിയാമ്മ ജോർജ്ജ്, പള്ളിച്ചിറ
103 വൽസമ്മ ചാക്കോ, പടികാട്ട്

## വാർഡ് 7– പാണ്ടങ്കരി (13)

104 ത്രേസ്യാമ്മ ആന്റണി , മണക്കളം
105 റോസമ്മ കുഞ്ഞൂഞ്ഞ്, നെടുവന്മാലി
106 എൽസമ്മ വർക്കി, ഇടയൂരാംവേലിൽ
107 തോമസ് ചാക്കോ, പുത്തൻപുരയ്ക്കൽ
108 ത്രേസ്യാമ്മ വർഗ്ഗീസ്, മാമ്മൂട്ടിൽ
109 മറിയാമ്മ ജോൺ, തൈശ്ശേരിൽ
110 മത്തായി വർഗ്ഗീസ്, മാനേച്ചിറ
111 ഷാനു, എഴുന്നൂറ്റിൽ
112 കുഞ്ഞൻ വർഗ്ഗീസ്, പനയ്ക്കത്തറ
113 ശിവദാസൻ, സിന്ധുസദനം
114 സജി ജോർജ്ജ്, തൈശ്ശേരിൽ
115 മത്തായി ജോസഫ്, കളപ്പുരയ്ക്കൽ
116 ത്രേസ്യാമ്മ ആന്റണി (ബീനാ), കല്ലൂപ്പറമ്പിൽ

## വാർഡ് 8– കോയിൽമുക്ക് (22)

117 ഓ.കെ.ചാക്കോ, ഉലക്കപ്പാടി
118 ചാക്കോ ദേവസ്യാ, നാൽപതിൽചിറ
119 ത്രേസ്യാമ്മ തോമസ്, ആലപ്പാട്ട്
120 ലൈസാമ്മ ലാലു, കറുകയിൽ
121 മറിയാമ്മ ജോസഫ്, കന്നേകോണിൽ
122 സാലിമ്മ ജോർജ്ജ്, കറുകയിൽ
123 റോസമ്മ ജോസഫ്, പഴവരിക്കൽ
124 റോസമ്മ തോമസ്, കളത്തൂർ
125 അന്നമ്മ വർഗ്ഗീസ്, തട്ടാറയിൽ
126 ഏലിക്കുട്ടി ലൂക്കോ, കറുകയിൽ
127 അമ്മിണി തോമസ്, ഊരാംവേലിൽ
128 ട്രീസാ കുര്യൻ, മഞ്ഞുമ്മേൽ
129 മറിയാമ്മ ജോസഫ്, പത്തിൽച്ചിറ
130 ജോയി, ഊരാംവേലി
131 ബേബിക്കുട്ടി തോമസ്, മുണ്ടുചിറയിൽ
132 ത്രേസ്യാമ്മ മത്തായി, ആലപ്പാട്ട്
133 മറിയാമ്മ ജോസഫ്, പേരങ്ങാട്ട് പുത്തൻപറമ്പ്
134 മേരിക്കുട്ടി തോമസ്, വേഴക്കാട് 30–തിൽച്ചിറ
135 ജെസമ്മ മാർട്ടിൻ, പേരങ്ങാട്ടുചിറ
136 മറിയാമ്മ ജോസഫ്, ആലപ്പാട്ട് 30–തിൽച്ചിറ
137 കെ.ആർ.ബാലൻ, കിഴക്കേപ്പറമ്പ്
138 ബോബി, തട്ടാറയിൽ

## വാർഡ് 9– മരിയാപുരം (24)

139 ത്രേസ്യാമ്മ വർഗ്ഗീസ്, ചേപ്പാട്
140 ത്രേസ്യാമ്മ ചെറിയാൻ, പീടികപ്പറമ്പ്
141 അന്നമ്മ ചാക്കോ, അമ്പലത്തുംപറമ്പ്
142 ജോസ്, അഞ്ചിൽ
143 അന്നമ്മ വർഗ്ഗീസ്, വേഴക്കാട്
144 മറിയാമ്മ ആന്റണി, വേഴക്കാട് 5–ൽ
145 തോമസ് വർഗ്ഗീസ് (അച്ചൻകുഞ്ഞ്) ഏഴരയിൽ
146 ത്രേസ്യാമ്മ ജോസഫ്, ചേപ്പാട് കൊച്ചുതൈപ്പറമ്പ്
147 റീത്താമ്മ വടക്കേടം
148 ഫിലോമിനാ ദേവസ്യാ, കിഴക്കേയറ്റം
149 ത്രേസ്യാമ്മ വർഗ്ഗീസ്, മുതിരപ്പറമ്പിൽ

150 ഏലിക്കുട്ടി വർഗ്ഗീസ്, അഞ്ചിൽചിറ
151 അന്നമ്മ ജോയി, കന്നേൽ തോട്ടുകടവിൽ
152 അന്നമ്മ ചെറിയാൻ, അഞ്ചിൽ
153 സബീനാ സ്കറിയാ, തുണ്ടിപ്പറമ്പിൽ
154 ഫിലോമിനാ മുണ്ടുകാട്ടുചിറയിൽ
155 ത്രേസ്യാമ്മ പള്ളിപ്പറമ്പ്
156 കുഞ്ഞച്ചൻ ഫിലിപ്പ്, പത്തിൽച്ചിറ
157 അമ്പിളി അജി, പീടികപ്പറമ്പിൽ
158 സാലിമ്മ ലോറൻസ്, പീടികപ്പറമ്പിൽ
159 സരസമ്മ, ഇരുപതിൽച്ചിറ
160 തോമസ് വർഗീസ്, ഏഴരയിൽ
161 ലീലാമ്മ കെ.കെ., കണ്ടത്തിപ്പറമ്പിൽ
162 ഔസേഫ് വർഗീസ്, വേഴക്കാട്

**വാർഡ് 10- പച്ചകിഴക്ക് (22)**

163 ചാക്കോ ആന്റണി, മഠത്തിക്കളം
164 കുഞ്ഞമ്മ ചാക്കോ, ഒറ്റാറയ്ക്കലായ കാടാത്ത്
165 ത്രേസ്യാമ്മ ജോൺ, 45-ൽ
166 മത്തായി മാത്യു, തെക്കേകാവിലവീട്
167 കുഞ്ഞുമോൾ കുന്നേൽ
168 ത്രേസ്യാമ്മ ജോർജ്ജ്, കാവിലവീട്ടിൽ
169 മറിയമ്മ ജോസഫ്, പുലിപ്ര
170 ആലീസ്, തെക്കേകാവിലവീട്
171 സാബു, ഏറാട്ട്
172 റാഫേൽ ഫ്രാൻസീസ്, ആലപ്പാട്ട് കുന്നേൽ
173 വർഗ്ഗീസ് തോമസ്, കൂട്ടക്കര 5-ൽ
174 മോൻസി ദാനിയേൽ, അഞ്ചിൽ
175 റിയാ സാബു, അറുപതിൽചിറ
176 ലില്ലിക്കുട്ടി, കൂട്ടക്കര ഇരുപതിൽചിറ
177 മാമ്മൻ ആന്റണി, മഠത്തിക്കളം
178 അമ്മിണി മാത്യു, പനപ്പറമ്പിൽ
179 ജോർജ്ജ് സ്കറിയാ, മഠത്തിക്കളം
180 കുഞ്ഞമ്മ രാമകൃഷ്ണൻ, 60-ൽചിറ
181 റ്റി.എം.തോമസ്, തെക്കേകാവിലവീട്
182 ജാനകി മാധവി, പൂന്നിയിൽ
183 ഓമന തങ്കപ്പൻ, കാടാത്ത്
184 ചന്ദ്രമതി കൃഷ്ണൻകുട്ടി, പത്തിൽ

**വാർഡ് 11- ചങ്ങങ്കരി നടുഭാഗം ബി (15)**

185 ത്രേസ്യാമ്മ ജോസഫ്, മെതിക്കുഴി
186 ജോർജ്ജ് വർഗീസ്, വെളുത്തേടത്ത്
187 ആന്റണി ദേവസ്യാ, കിളിയംവേലിൽ
188 മേരി ജോൺ, നാലുപറയിൽ
189 ഏലിക്കുട്ടി ജോസഫ്, ചുരപ്പറമ്പിൽ
190 മറിയാമ്മ, ഒറ്റാറയ്ക്കൽ 10-ൽ
191 സരസമ്മ നാല്പത്തഞ്ചിൽ
192 സാറാമ്മ പീറ്റർ, മെതിക്കുഴി
193 അന്നമ്മ ഔസേപ്പ്, നാലുപറ
194 മേരിക്കുട്ടി ഗ്രിഗറി, വാഴപ്പറമ്പിൽ
195 എൻ.ജി. വർഗീസ്, നാലുപറയിൽ
196 അന്നമ്മ വർഗീസ്, വാഴപ്പറമ്പിൽ
197 തോമസ് പി.സി., പഴയമഠം
198 ത്രേസ്യാമ്മ വർഗീസ് (പെണ്ണമ്മ) പഴയമഠം
199 ത്രേസ്യാമ്മ വർഗീസ് (കുഞ്ഞമ്മ), പഴയമഠം

**വാർഡ് 12- ചങ്ങങ്കരി പടിഞ്ഞാറ് (14)**

200 സഖറിയാ (കുഞ്ഞച്ചൻ) അട്ടിച്ചിറ
201 ത്രേസ്യാമ്മ അഞ്ചിൽച്ചിറ
202 സാബു കെ.സി., കൊച്ചുപറമ്പിൽ
203 ഷീലമ്മ സെബാൻ, പട്ടത്താനം
204 വർക്കി ജോസഫ്, പടിഞ്ഞാറേവീട്
205 അന്നമ്മ ദേവസ്യാ, ചേന്നങ്കരച്ചിറ
206 അച്ചാമ്മ സ്കറിയാ, ചിറയിൽ
207 മാത്തൻ മാത്യു, തണ്ടപ്രാ
208 തോമസ് ദേവസ്യാ, വലിയവീട്ടിൽ
209 റോസമ്മ ദേവസ്യാ, വലിയവീട്ടിൽ
210 ചാക്കോ ഔസേപ്പ്, അട്ടിയിൽ
211 വർഗ്ഗീസ് ജോസഫ്, വാഴപ്പറമ്പിൽ
212 എൻ.ജെ. വർഗീസ് നാല്പതിൽചിറ
213 സെബാസ്റ്റ്യൻ, കൊച്ചുപറമ്പിൽ കൊട്ടാരം

**വാർഡ് 13- കാട്ടുംഭാഗം (10)**

214 ത്രേസ്യാമ്മ ചാണ്ടി, തലയാറ്റംപള്ളി
215 റോസമ്മ ജോസഫ്, കണ്ണന്തറ
216 തോമസ് ജോസഫ്, തൈപ്പറമ്പിൽ
217 കുഞ്ഞമ്മ ജോസഫ്, കണ്ണന്തറ
218 ഫ്രാൻസി മത്തായി, കറുകപ്പറമ്പിൽ
219 കുഞ്ഞൂഞ്ഞമ്മ ഔസേപ്പ്, കറുകപ്പറമ്പിൽ
220 ജോഷി ഫിലിപ്പ്, കാട്ടാംപള്ളിൽ
221 പൊന്നമ്മ വർഗീസ്, തൈപ്പറമ്പിൽ
222 മേരിക്കുട്ടി ദേവസ്യാ, കറുകപ്പറമ്പിൽ
223 അന്നമ്മ ആന്റണി, തൈപ്പറമ്പ്

**8. സൗജന്യ ഡയാലിസിസ് ചികിത്സാപദ്ധതി**

എടത്വാ മഹാജൂബിലി മെമ്മോറിയൽ ആശുപത്രിയോട് സഹകരിച്ചുകൊണ്ട് നിർദ്ധനരായ കിഡ്നിരോഗികൾക്ക് സൗജന്യഡയാലിസിസ് നടത്തുന്നതിനായി വർഷം തോറും 3 ലക്ഷം രൂപാ പള്ളിക്കാര്യത്തിൽ നിന്നും ചികിത്സാസഹായമായി നൽകിവരുന്നു. 2019-20 ൽ 236 സൗജന്യഡയാലിസിസുകൾ ഈ പദ്ധതി പ്രകാരം നടത്തിയത് നിരവധി കിഡ്നി രോഗികൾക്ക് ആശ്വാസമായി.

**9. സ്നേഹഭവൻ**

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാപള്ളി അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്നേഹഭവന് പ്രതിമാസം 25,000/- രൂപാ പ്രകാരം ഓരോ സാമ്പത്തികവർഷത്തിലും 3 ലക്ഷം രൂപാ നൽകിവരുന്നു. നിരാലംബരും മാനസികരോഗികളുമായ 150 അന്തേവാസികൾക്കുള്ള സഹായം എന്ന നിലയിലാണ് ഈ തുക പള്ളിക്കാര്യത്തിൽ നിന്നും നൽകുന്നത്.

**10. സ്ഥാപനങ്ങൾക്ക് പ്രത്യേകസഹായം**

| | | |
|---|---|---|
| 1 | തായങ്കരി സെന്റ് ആന്റണീസ് പള്ളിനിർമ്മാണം (രണ്ടുഗഡുക്കളായി) | 10,00,000/- |
| 2 | തിരുവനന്തപുരം കുറ്റിച്ചൽ എഞ്ചിനീയറിംഗ് കോളേജ് - സ്കോളർഷിപ്പ് | 6,00,000/- |
| 3 | മുട്ടാർ സെന്റ് ജോർജ്ജ് ഹയർസെക്കണ്ടറി സ്കൂൾ നിർമ്മാണം | 5,00,000/- |
| | **ആകെ** | **21,00,000/-** |

**11. ഇതരസഹായങ്ങൾ**

സാമൂഹികപ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ സാമ്പത്തിക-സാമ്പത്തികേതര സഹായങ്ങൾ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| i | മലബാർ മേഖലയ്ക്ക് പ്രളയദുരിതാശ്വാസസഹായം | 5,00,000/- |
| | തകഴി ഫയർസ്റ്റേഷൻ | 5000/- |
| | **ആകെ** | **5,05,000/-** |



**2019-20 ജീവകാരുണ്യപ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം**

| | | |
|---|---|---|
| 1. | വിദ്യാഭ്യാസസഹായം | 1,96,000/- |
| 2. | ചികിത്സാസഹായം | 1,65,000/- |
| 3. | വിവാഹസഹായപദ്ധതി (പ്രതിവർഷം) | 6,00,000/- |
| 4. | ഭവനനിർമ്മാണം | 85,30,000/- |
| 5. | വീടുകളുടെ അറ്റകുറ്റപ്പണി | 3,25,000/- |
| 6. | സ്ഥലവും അടിത്തറ നിർമ്മാണവും | 33,16,640/- |
| 7. | പെൻഷൻ പദ്ധതി | 13,38,000/- |
| 8. | സൗജന്യ ഡയാലിസിസ് ചികിത്സാസഹായം | 3,00,000/- |
| 9. | സ്നേഹഭവൻ | 3,00,000/- |
| 10. | സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം | 21,00,000/- |
| 11. (i) | ഇതര സഹായങ്ങൾ | 5,05,000/- |
| | **ആകെ** | **1,76,75,640/** |

**(ഒരു കോടി എഴുപത്തിയാറുലക്ഷത്തിഎഴുപത്തയ്യായിരത്തിഅറുനൂറ്റിനാൽപത് രൂപാ)**

11. (ii)

**എടത്വാ സബ്ട്രഷറി നിർമ്മാണത്തിന് അമ്പലപ്പുഴ-തിരുവല്ല സംസ്ഥാനപാതയോരത്തുള്ള പള്ളിവക 10 സെന്റ് സ്ഥലം 2020 ഫെബ്രുവരി 12 ന് ദാനം ചെയ്തു.**

**വികാരി**

■ ■



# കോവിഡ് മഹാമാരി – നൂറ്റാണ്ട് കണ്ട വെല്ലുവിളി

**തോമസ് ഫ്രാൻസിസ്, വെളുത്തേടത്തുപറമ്പിൽ**



2019 നവംബർ 17. കൊറോണ വൈറസ് മനുഷ്യചരിത്രത്തിലേക്ക് കടന്നുവന്ന ദിനം. മനുഷ്യജീവിതത്തിന്റെ സമസ്തതലങ്ങളേയും വ്യതിയാന വിധേയമാക്കിയ കോവിഡ് 19 എന്ന മഹാവിപത്ത് നൂറ്റാണ്ടിന്റേയോ സഹസ്രാബ്ദത്തിന്റെ തന്നെയോ ഏറ്റവും പ്രധാന സംഭവമായി മാറിക്കഴിഞ്ഞു. ക്രിസ്തുജനനം പോലെ, രണ്ടാം ലോകമഹായുദ്ധം പോലെ, ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി പോലെ കൊറോണക്ക് മുൻപും ശേഷവും എന്ന രീതിയിൽ മാനവചരിത്രത്തിൽ ആഴത്തിലുള്ള അടയാളപ്പെടുത്തൽ നടത്തിയ ഈ പകർച്ചവ്യാധി അപ്രതിരോധ്യനായി അരങ്ങുവാഴുന്നു. 2020 മാർച്ച് 11 ന് ലോകാരോഗ്യ സംഘടന കോവിഡ് 19 നെ മഹാമാരിയായി പ്രഖ്യാപിച്ചു.

പരസ്പരബന്ധങ്ങളാൽ മനുഷ്യലോകം വേൾഡ് വൈഡായി വിരിക്കപ്പെട്ട വെബ്ബുപോലെയാണ്. ചിലന്തി രൂപപ്പെടുത്തുന്ന വലയ്ക്ക് സമാനം. ചിലന്തിവലയുടെ ഏതു കോണിൽ കുടുങ്ങുന്ന ചെറുപ്രാണിയ്ക്കും വലയെ മുഴുവനായി പിടിച്ച് കുലുക്കാനാകും. അതുതന്നെയാണ് വുഹാനിൽ നിന്ന് പുറപ്പെട്ട ഈ സൂക്ഷ്മാണു പിന്നീട് ലോകത്തോട് ചെയ്തതും. ചൈനയിൽ കണ്ടെത്തിയ വൈറസ് ലോകത്തിന്റെ അതിർത്തികൾ വരെ സാക്ഷ്യം വഹിക്കുന്നതായി കാണാം. ഇപ്പോൾ ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുന്നത് കൊറോണ വൈറസ് ആണെന്നു തോന്നിപ്പോകുന്ന അവസ്ഥാവിശേഷം.

കൊറോണ വൈറസ് ദൃഷ്ടിഗോചരമല്ലെങ്കിലും ശാസ്ത്രീയ ഉപകരണങ്ങൾ കാട്ടിത്തരുന്ന ചിത്രം വളരെ വർണ്ണപ്പകിട്ടുള്ളതാണ്. കാഴ്ചയ്ക്ക് ഇമ്പമുള്ള പറുദീസാഫലം പോലെ. ഈ വൈറസ് മനുഷ്യശരീരത്തിൽ ജീവിക്കാൻ ഇഷ്ടപ്പെടുന്നത് ശ്വസനപാതകളിലാണ്. ശ്വാസകോശത്തെ ആക്രമിച്ച് കീഴ്പ്പെടുത്തി ജീവശ്വാസം കിട്ടാക്കനിയാക്കി മാറ്റുന്നതാണ് പ്രവർത്തന ശൈലി. സ്രവപരിശോധന, ആന്റിജെൻ ടെസ്റ്റ് തുടങ്ങിയ മാർഗ്ഗങ്ങൾ മുഖേന ലഭിക്കുന്ന ഫലം കോവിഡ് പോസിറ്റീവ് ആയാൽ രോഗബാധ സ്ഥിരീകരിക്കാം. കണ്ടെത്തിയനാൾ മുതൽ ഇന്നുവരെ എതിരില്ലാതെ ഈ സൂക്ഷ്മാണു ശാസ്ത്രജ്ഞന്മാരുടെ ഉറക്കം കെടുത്തി, അനേകരെ ഉറക്കിക്കിടത്തി മുന്നേറുന്നു.

ഇതിനോടകം ലോകത്താകെ 6 കോടിയില

ധികം ആളുകൾ രോഗബാധിതരാകുകയും 13 ലക്ഷത്തിനടുത്ത് ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തു. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളും ഈ വൈറസിന്റെ പിടിയിലായി. പ്രഭവകേന്ദ്രത്തിൽ നിന്ന് പാശ്ചാത്യനാടുകളിലേയ്ക്ക് ഈ സൂക്ഷ്മാണു കടന്നപ്പോഴും ഭാരതം കോവിഡ് ചിത്രത്തിലേയ്ക്ക് പ്രവേശിച്ചിരുന്നില്ല. എന്നാൽ ബാഹ്യലോകവുമായി ഏതൊരു രാജ്യത്തേക്കാളും കൂടുതലായി ബന്ധപ്പെട്ടിരുന്ന കേരളം സ്വാഭാവികമായും സമ്മർദ്ദത്തിലായി. തൊഴിലിനും പഠനത്തിനും ഇറങ്ങിത്തിരിച്ച നമ്മുടെ സഹോദരങ്ങൾ ലോകത്തിന്റെ ഏതൊരുകോണിലും ഉണ്ട് എന്നുള്ള വസ്തുത കേരളത്തിൽ ജാഗ്രത വർദ്ധിക്കാൻ കാരണമായി. ഭയപ്പെട്ടതു സംഭവിക്കാൻ അധികകാലം വേണ്ടിവന്നില്ല. 2020 ജനുവരി 30 ന് ഇന്ത്യയിലാദ്യമായി നമ്മുടെ കൊച്ചുകേരളത്തിൽ ഈ സൂക്ഷ്മാണു കടൽ കടന്നെത്തി.

ഒരു കോടി ഇന്ത്യക്കാർക്ക് രോഗം ബാധിച്ചതിൽ ഒന്നരലക്ഷത്തിലധികം പേർ മരണമടഞ്ഞു. ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ സ്ഥിതി ഭേദമാണ്. കേരളീയരുടെ ഉയർന്ന പ്രതികരണശേഷിയും ആരോഗ്യരംഗത്ത് പുലർത്തിയ ജാഗ്രതയും സാമുദായിക- സാംസ്കാരിക- രാഷ്ട്രീയ നേതൃനിരയുടെ ക്രിയാത്മകപ്രവർത്തനങ്ങളും ഇക്കാര്യത്തിൽ നിർണ്ണായകമായി. നമ്മുടെ സംസ്ഥാനത്ത് അഞ്ചുലക്ഷം പേർക്ക് രോഗബാധ ഉണ്ടായപ്പോൾ രണ്ടായിരത്തിലധികം പേർക്കാണ് ജീവഹാനി നേരിട്ടത്.

ട്വന്റി-ട്വന്റി എന്ന ഓമനപ്പേരിൽ വിളിക്കപ്പെടുന്ന 2020 ൽ, ഈ മഹാമാരി ദുരിതമയമാക്കിയ മനുഷ്യജീവിതം അതിന്റെ എല്ലാ ബീഭത്സമുഖത്തോടും കൂടി അനാവരണം ചെയ്യപ്പെടുകയായിരുന്നു. ക്വാറന്റൈൻ, ലോക്ഡൗൺ, കോവിഡ് പ്രോട്ടോക്കോൾ തുടങ്ങിയ നിബന്ധനകൾ ജീവിതത്തിലേയ്ക്ക് കടന്നുവന്നു. സാമൂഹികഅകലം സൂക്ഷിക്കലും സാനിറ്റൈസർ ഉപയോഗിച്ചുള്ള കൈ ശുചിയാക്കലും മുഖാവരണം ധരിക്കലും രോഗത്തെ ചെറുക്കുവാനുള്ള ഉപാധികളായി മാറി. മാസ്ക് നൽകിയ പുതിയ മുഖം മനുഷ്യനെ പ്രച്ഛന്നവേഷധാരിയാക്കി. ക്വാറന്റൈൻ കാലത്തിന്റെ മുഖമുദ്രയായ ഉൽക്കണ്ഠയും ഏകാന്തവാസവും വിദേശത്തുനിന്നും അന്യസംസ്ഥാനത്തുനിന്നും എത്തിയവരെ കൂട്ടിലടച്ച കിളിയെപ്പോലെ വരിഞ്ഞുമുറുക്കി. ഒപ്പം യാത്രാവിലക്ക് അടക്കമുള്ള കോവിഡ് നിയന്ത്രണങ്ങൾ നാട്ടിൽ കഴിയുന്നവരുടെയും സ്വതന്ത്രജീവിതത്തിന് പരിമിതികൾ സൃഷ്ടിച്ചു. മനുഷ്യജീവിതത്തിന്റെ സ്വാഭാവികപ്രതലം നഷ്ടപ്പെട്ട ചിലർക്ക് അത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ജോലിയിൽ നിന്നു പുറത്താക്കപ്പെട്ടപ്പോൾ സാമ്പത്തികസുരക്ഷാകവചം നഷ്ടപ്പെട്ടതും മനസ്സിനെ തളർത്തി. രോഗബാധ സ്ഥിരീകരിക്കുന്നതുവഴി ഉളവാകുന്ന ഒറ്റപ്പെടൽ അഭിമുഖീകരിക്കാനും മനോബലം വേണം. അതിജീവനശ്രമങ്ങളിൽ പരാജയപ്പെട്ട രോഗബാധിതരും അല്ലാത്തവരുമായ ചില സഹോദരങ്ങൾ ജീവനൊടുക്കിയതും കേരളഹൃദയത്തെ സ്പർശിച്ച കോവിഡ്കാല സംഭവങ്ങളാണ്.

മതപരമായ ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും ഒത്തുചേരൽ അസാധ്യമായി. ദൈവാലയങ്ങൾ മൂകമായി. വിദ്യാലയങ്ങൾ വിജനമായി. കമ്പോളങ്ങളും നിരത്തുകളും നിശ്ശബ്ദമായി. മനുഷ്യജീവിതത്തിന് വേഗത നഷ്ടപ്പെട്ടു. ഭയമല്ല ജാഗ്രതയാണ് വേണ്ടത് എന്ന ആപ്തവാക്യം ഉച്ചത്തിൽ മുഴങ്ങി.

വായിക്കുമ്പോൾ കണ്ണുനനയുന്ന മനുഷ്യത്വരഹിതസംഭവങ്ങളും കൊറോണക്കാലത്ത് നാം കണ്ടു. ഉറ്റവരെ കുഷ്ഠം വന്നാലെന്നപോലെ പടിക്കുപുറത്താക്കി പിണ്ഡംവച്ച സംഭവങ്ങളും കാലഘട്ടത്തിന്റെ തേങ്ങലായി അവശേഷിക്കുന്നു. പുറന്തള്ളപ്പെട്ടവർ അതിജീവനകലയുടെ കഠിനപാഠങ്ങൾ അഭ്യസിച്ചുകൊണ്ട് ജീവിതത്തിന്റെ തുറമുഖത്തുതന്നെ പിടിച്ചുനിന്നു. അങ്ങനെ കോവിഡ് മഹാമാരി പവിത്രബന്ധങ്ങളെ അറുത്തുമാറ്റുന്നതിനും വഴിയൊരുക്കി. കോവിഡ് ബാധിതയോടു കാട്ടിയ ബലാൽക്കാരവും കേരളമനസ്സാക്ഷിയെ ഞെട്ടിച്ച മറ്റൊരു സംഭവമാണ്. കോവിഡിനോടുള്ള സ്വാഭാവിക ഭയം മാറ്റിവെച്ച് രക്ഷകൻ ശിക്ഷകന്റെ റോൾ സ്വീകരിച്ച ദുർദിനം.

സാമൂഹികഅകലം പാലിക്കാൻ നിർബന്ധിക്കുന്നതിലൂടെ ചാരത്തുനിൽക്കുന്നവനെ അവിശ്വസിക്കാനും ഭയക്കാനും പഠിപ്പിച്ച ഈ വ്യാധിയുടെ നാൾവഴിയിൽ നന്മയുടെ തിരിനാളം കെടാതെ സൂക്ഷിച്ചവർ നിരവധിയാണ്. കോവിഡ് 19 പിടിമുറുക്കിയ ഗൾഫ് മേഖലയിൽ നിന്ന് കോഴിക്കോട് വിമാനദുരന്തത്തിലേയ്ക്ക് പറന്നിറങ്ങിയ യാത്രികരെ കോവിഡ് ഭയം മാ

റ്റിവച്ച് രക്ഷിച്ചെടുക്കാൻ പാടുപെട്ട കരിപ്പൂരിന്റെ നന്മനിറഞ്ഞവർ ഓർമ്മപ്പെടുത്തുന്ന ഒന്നുണ്ട്. അവശ്യഘട്ടങ്ങളിൽ കോവിഡ് സുരക്ഷാ പ്രോട്ടോകോളിനപ്പുറം ജീവൻ സുരക്ഷാമാനദണ്ഡങ്ങളാണ് മനുഷ്യനെ നയിക്കേണ്ടത്. റോഡപകടത്തിൽപ്പെട്ടവരെ, കോവിഡ് ഭയം മൂലം സാമൂഹിക അകലം പാലിച്ച് മാറിനിന്ന്, മരണത്തിന് വിട്ടുകൊടുത്ത വാർത്ത നമുക്ക് മുൻപിലുണ്ട്.

സാമൂഹികജീവിതത്തിലെ നൂതനപ്രവണതകളും ആത്മീയപരിശീലനത്തിലെ നവീനഭാവങ്ങളും കൊണ്ട് കോവിഡ്കാലം വേറിട്ടു നിൽക്കുന്നു. പരിചിതമല്ലാത്ത ജീവിതരീതികൾ സ്വീകരിക്കാനും സാമൂഹിക ബന്ധങ്ങൾ നിയന്ത്രിക്കാനും ഒറ്റപ്പെട്ട ജീവിതം നയിക്കാനും പഠിപ്പിച്ച ഈ മഹാമാരി തിരക്കിനവധി നൽകി കുടുംബസദസ്സുകളെ സജീവമാക്കാനും മനുഷ്യനെ സഹായിച്ചു. ആർഭാടങ്ങൾ ലാളിത്യത്തിന് വഴിമാറി. ആളും അർത്ഥവും ചുരുക്കി വിവാഹം നടത്താനും മൃതസംസ്കാരശുശ്രൂഷ ക്രമീകരിക്കാനും പരിശീലിപ്പിക്കപ്പെട്ടു. എത്ര നിർബന്ധിച്ചാലും വഴിപ്പെടാതിരുന്ന നാം വളരെ വേഗം ലാളിത്യം എന്ന പുണ്യം അഭ്യസിച്ചു. വിശുദ്ധ ബലിയുടെയും ദൈവാലയശുശ്രൂഷകളുടെയും മൂല്യം ബോധ്യപ്പെട്ട വ്യാധിയുടെ നാളുകളിൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ലഭ്യമാകുന്ന ദിവ്യബലിയിൽ പങ്കെടുക്കാനും അരൂപിയിൽ ദിവ്യകാരുണ്യം സ്വീകരിക്കാനും പരിശീലിച്ചിരിക്കുന്നു.

സമയക്കുറവുമൂലം മാറ്റിവെക്കപ്പെട്ട പലകാര്യങ്ങൾക്കും വേണ്ടുവോളം സമയം ലഭിച്ച കൊറോണക്കാലം നൈസർഗ്ഗിക കഴിവുകളുടെ വികാസത്തിന് വഴി തെളിച്ചു. ചിലർ അക്ഷരലോകത്തിലേക്കും പുസ്തകരചനയിലേക്കും കടന്നു. മറ്റു ചിലർ ബൈബിൾ റീഡിംഗ് ചലഞ്ചിൽ പങ്കാളികളായി. വേറെ ചിലർ ചിത്രരചന, എംബ്രോയിഡറി, കൗതുകവസ്തുക്കളുടെ രൂപകല്പന തുടങ്ങി കരവിരുതുകളുടെ ലോകത്ത് ചേക്കേറി. പാഴ്വസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണങ്ങൾ, ഗാർഡനിംഗ്, നൂതനപാചകരീതികൾ, മത്സ്യക്കൃഷി എന്നിവയും കോവിഡ്കാല സമയവിനിയോഗം അർത്ഥപൂർണ്ണമാക്കി.

ലോക്ഡൗൺ മൂലം രാജ്യമൊട്ടാകെ വാഹനങ്ങൾ നിശ്ചലമായപ്പോൾ അന്തരീക്ഷമലിനീകരണത്തോത് കുറയുകയും പ്രകൃതിക്കും ഓസോൺ പാളിക്കും ആരോഗ്യം കൈവരികയും ചെയ്തു. സാങ്കേതികത്തികവോടെ വെബിനാറുകൾ, ഗൂഗിൾമീറ്റ്, സൂംമീറ്റ് തുടങ്ങിയവ സാധാരണക്കാരന്റെ ജീവിതത്തിലേയ്ക്ക് കടന്നുവന്നു. പള്ളിക്കൂടത്തിൽ പോകാതെ പഠനം നടത്താൻ കുട്ടികൾ പഠിച്ച കാലം. സ്മാർട്ട് ഫോണുകൾ വിദ്യാർത്ഥിജീവിതത്തിലേയ്ക്ക് ഇരച്ചുകയറിയ കാലം. കുട്ടികളുടെ പഠനത്തിന് അപകടക്കെണി എന്ന പേരുദോഷം പേറുന്ന ഈ സാമഗ്രി കൊറോണയുടെ വരവോടെ സൽപേര് നേടിയിരിക്കുന്നു. ശരാശരി മനുഷ്യന്റെ ദൈനംദിന ജീവിതത്തിന്റെ സ്റ്റാറ്റസ്ക്വോ മാറ്റിമറിച്ച കോവിഡ്കാലം അനിശ്ചിതത്വത്തിന്റെ മാത്രമല്ല അതിജീവനകഥകളുടെയും സമാഹാരമാണ്.

ഫേയ്സ് മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ ലഭ്യമാക്കാനുള്ള സംഘടിതമായ സന്നദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർ, കോവിഡ് കാലത്ത് പഠനത്തിന് വൈഷമ്യം നേരിട്ട കുട്ടികളെ സഹായിക്കാൻ ഇറങ്ങിത്തിരിച്ച സുമനസ്സുകൾ, ലോക്ഡൗൺ മൂലം പലയിടങ്ങളിലും കുടുങ്ങിപ്പോയവരെ നാട്ടിലെത്തിക്കാൻ ശ്രമിച്ചവർ, കോവിഡ് പ്രോട്ടോകോൾ പാലനത്തിന് നിയോഗിക്കപ്പെട്ട സുരക്ഷാ ഉദ്യോഗസ്ഥർ, ജീവൻ പണയം വച്ച് പണിയെടുത്ത ആരോഗ്യപ്രവർത്തകർ, വിശ്വാസികളുടെ അസാന്നിദ്ധ്യത്തിലും അജഗണത്തിനുവേണ്ടി ദൈനംദിനം വിശുദ്ധബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും രോഗഭീഷണി വകവെക്കാതെ രോഗീലേപനം അടക്കമുള്ള ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്ത ബഹുമാനപ്പെട്ട വൈദികർ, വാട്ട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് ഓൺലൈൻ ക്ലാസ്സുകൾ മുഖേന കുട്ടികളുടെ പഠനരംഗത്ത് ശ്രദ്ധിച്ച അദ്ധ്യാപകർ, പിന്തുണച്ച രക്ഷിതാക്കൾ, അവശ്യവസ്തുക്കളുടെ വിതരണ-വില്പനരംഗത്ത് പ്രവർത്തിച്ചവർ, ജനജീവിതത്തോട് ബന്ധപ്പെട്ട ഓഫീസുകളെ ചലനാത്മകമാക്കിയ ഉദ്യോഗസ്ഥർ, മഹാവ്യാധിക്കെതിരെ പ്രാർത്ഥന ആയുധമാക്കി പോരാടിയ സന്യസ്തർ, പ്രേഷിതർ തുടങ്ങിയവരെല്ലാം കോവിഡ് കാല അതിജീവനത്തിന് നൽകിയ പിന്തുണ ശ്ലാഘനീയമാണ്.

വിദേശത്ത് ജോലി ചെയ്തുകൊണ്ടിരുന്ന ഒരു മലയാളി കുടുംബം കൊറോണ അനുഭവം പങ്കുവച്ചത് ഓർക്കുന്നു. ഭാര്യ ആ രാജ്യത്തെ ആരോഗ്യമേഖലയിൽ നേഴ്സ് ആണ്. ആശുപത്രി

വഴി കോവിഡ് 19 അവരെ ബാധിച്ചു. ഭാര്യയിൽ നിന്ന് ഭർത്താവിനും മക്കൾക്കും കോവിഡ് രോഗം പകർന്നുകിട്ടി. എല്ലാവരും കടുത്ത ആശങ്കയിലും പിരിമുറുക്കത്തിലുമായി. പ്രാർത്ഥനാസഹായം യാചിച്ച് നാട്ടിലുള്ള ബന്ധുക്കളെ വിളിച്ചു. ചുമയും ശ്വാസമെടുക്കുവാനുള്ള പ്രശ്നങ്ങളും അലട്ടാൻ തുടങ്ങി. ഉറങ്ങാൻ സാധിക്കാതെയായി. മരണഭയം പിടികൂടി. പരിചയമുള്ള പലരുടെയും മരണവാർത്തകൾ കേൾക്കുന്നുണ്ട്. ശരിയായ പ്രതിരോധ വാക്സിൻ ഇല്ലെങ്കിലും ലഭ്യമായ മരുന്ന് കഴിച്ച് നാളെ എഴുന്നേൽക്കാനാകുമോ എന്ന ഹൃദയഭാരത്തോടെ ഉറങ്ങാൻ കിടന്നു. പിറ്റേന്ന് ഉണർന്നപ്പോൾ മരിച്ചില്ലല്ലോ എന്ന ആശ്വാസത്തോടെ ദൈവത്തിന് നന്ദി പറഞ്ഞു. വചനവായനയും പ്രാർത്ഥനയുമായി ഇങ്ങനെ ഒരാഴ്ച തള്ളി നീക്കി. രോഗത്തിന് ശമനം കിട്ടി. അവർ വായിച്ചു ധ്യാനിച്ച സംരക്ഷണവചനം പങ്കുവച്ചു. 91-ാം സങ്കീർത്തനം. ''നിന്റെ പാർശ്വങ്ങളിൽ ആയിരങ്ങൾ മരിച്ചുവീണേക്കാം. നിന്റെ വലതുവശത്തു പതിനായിരങ്ങളും. എങ്കിലും നിനക്ക് ഒരനർത്ഥവും സംഭവിക്കുകയില്ല. '' (സങ്കീ.91:7). അനർത്ഥങ്ങളിൽ ആശ്രയിക്കേണ്ട ഇടം ഏതെന്ന് അടയാളപ്പെടുത്തുന്ന ഒരു വായനാരീതി നമുക്ക് നൽകുന്ന ധൈര്യം ചെറുതല്ല.

ദൈവത്തെ തെല്ലും ഭയമില്ലാതെ ജീവിക്കുന്ന മനുഷ്യൻ കാണാൻപോലും കഴിയാത്ത ഈ സൂക്ഷ്മാണുവിനെ ഭയപ്പെടുന്നു. ഭയപ്പെടേണ്ട എന്ന് പലവട്ടം പറഞ്ഞവനെ പടിക്ക് പുറത്താക്കിയപ്പോൾ മനുഷ്യനെ ഭയപ്പെടുത്തുന്ന പലതും രംഗപ്രവേശം ചെയ്തു. മനുഷ്യരാശിക്കു മുമ്പിൽ ചോദ്യങ്ങളുയർത്തിയ കൊറോണ വൈറസ് അരക്ഷിതചിന്തകളുടെ സൃഷ്ടാവാണ്. മക്കളുടെ ഭാവി എന്താകും? തൊഴിൽ മേഖലയിലെ മാന്ദ്യം എന്നുമാറും? അടഞ്ഞുപോയ വരുമാനമാർഗ്ഗങ്ങൾക്കു പകരം മറ്റൊന്നു തുറക്കപ്പെടുമോ? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നു. ''കർത്താവിനെ ആശ്രയിച്ചിട്ട് ആരാണ് ഭഗ്നാശനായത്?'' (പ്രഭാ. 2:10). ഒരു ക്രൈസിസിലേയ്ക്ക് നമ്മെ വിട്ടിട്ടുണ്ടെങ്കിൽ അതിന്റെ പരിഹാരവും ദൈവം കണ്ടിട്ടുണ്ട്.

ഇവിടെയാണ് ആത്മീയത അത്താണിയാകുന്നത്. നാം അഭിമുഖീകരിക്കുന്ന എല്ലാ അനുഭവങ്ങളെയും രണ്ടുകൈയ്യും നീട്ടി സ്വീകരിക്കാൻ ഏതൊരുവനെയും ശക്തിപ്പെടുത്തുന്ന ഒന്നാണ് ആത്മീയത. ഒരുപക്ഷേ അത്ര എളുപ്പമാകില്ല എങ്കിൽക്കൂടിയും. നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന അനുഭവങ്ങൾ നമ്മോട് ചിലത് പറയുന്നുണ്ട്. റോഡിലെ സൈൻ ബോർഡുകൾ നമ്മോട് സംസാരിക്കുന്നതുപോലെ. ജീവനൊഴികെ എല്ലാം നഷ്ടപ്പെട്ടവനും ജീവിതത്തിൽ എങ്ങും എത്താൻ പറ്റാത്തവനും ആശ്വാസത്തിന്റെ തൂവൽസ്പർശം സമ്മാനിക്കുന്ന കർത്തൃവചസ്സുകൾക്ക് കാതോർക്കാം. ''ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടി ഉണ്ട്, സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈ കൊണ്ട് ഞാൻ നിന്നെ താങ്ങിനിർത്തും'' (ഏശയ്യാ 41:10). ഭയത്തിന്റെ നിഴലിൽ കഴിയുന്നവനും ജീവിതത്തിൽ വീണുപോയവനും പരിക്ക് പറ്റിയവനും ഈ വചനം നൽകുന്ന സ്വാസ്ഥ്യം അത്ഭുതാവഹമാണ്.

പല ബ്രാൻഡിലുള്ള സാനിറ്റൈസർ പരിചയപ്പെടുത്തിയ കൊറോണക്കാലം ക്രൈസ്തവന്റെ ഹൃദയവിശുദ്ധീകരണം സാധ്യമാക്കുന്ന കുമ്പസാരക്കൂടിനെ അവനിൽ നിന്നകറ്റി. എങ്കിലും അനാദിമുതൽ നമ്മുടെ ഹൃദയത്തിന് ചേർന്ന മറ്റൊരു സാനിറ്റൈസർ നമുക്ക് നൽകിയിട്ടുണ്ട്- അവിടുത്തെ തിരുവചനം. കാലത്തിന്റെ തികവിൽ അമൂല്യമായ മറ്റൊന്നുകൂടി കരഗതമായി - കർത്താവിന്റെ തിരുശരീരരക്തങ്ങൾ. മുഖാവരണവും ഗ്ലൗസ്സും അണുനാശകങ്ങളും ശാരീരിക ശുചിത്വചിന്തകളുടെ ആവിഷ്കാരങ്ങളെങ്കിൽ ആത്മശുചീകരണത്തിന്റെ സമാന്തരചിന്തയും നമ്മിൽ ഉണരണമെന്ന തത്വം അതിൽ നിന്ന് വായിച്ചെടുക്കാം. ആത്മസ്ഥിതി മെച്ചപ്പെട്ട മനുഷ്യർ തീർക്കുന്ന ലോകം കൂടുതൽ നന്മ നിറഞ്ഞതാകും. സംശയമില്ല.

നമ്മെ സൃഷ്ടിച്ച് കാത്തുപരിപാലിക്കുന്ന ദൈവം നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഏതുകാര്യത്തിലും ഇടപെടുന്നവനാണ്. കരം പിടിക്കാൻ വന്നവന് കൈ വിടാനാവില്ല. ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റാം. കാനായിൽ സംഭവിച്ചതുപോലെ കർത്താവിന്റെ ഇടപെടലുകളാണ് കാര്യങ്ങൾ നേരെയാക്കുന്നത്. കാലത്തിന്റെ അടയാളങ്ങൾ മനുഷ്യന് വായിച്ചെടുക്കാൻ ദൈവം നൽകുന്ന വെളിപ്പെടുത്തലുകളാണ്.

■ ■



'കർത്താവിന്റെ ദാനമാണ് മക്കൾ,
ഉദരഫലം ഒരു സമ്മാനവും.' (സങ്കീർത്തനം 127:03)

# എടത്വായുടെ നവകുസുമങ്ങൾ

**2019 ഡിസംബർ 01 മുതൽ 2020 ജൂലൈ 31 വരെ**

| | | മാമ്മോദീസാ തീയതി |
|---|---|---|
| 1. | എറിക് ടോം ലിറ്റോ, കൊഴുപ്പക്കളം | 22-12-2019 |
| 2. | സോളമൻ ചാക്കോ, മുണ്ടകത്തിൽ | 26-12-2019 |
| 3. | എലിസബത്ത് ചാക്കോ, മുണ്ടകത്തിൽ | 26-12-2019 |
| 4. | മരിയ ചാക്കോ, മുണ്ടകത്തിൽ | 26-12-2019 |
| 5. | ക്രിസ് ആന്റോ അനീഷ്, കന്നയിൽ | 27-12-2019 |
| 6. | കെവിൻ മനോജ്, ഓടേറ്റിൽ | 28-12-2019 |
| 7. | ഹെയ്സൽ മേരി എബിസൺ, ചേന്നാട് | 28-12-2019 |
| 8. | ലിയോൺ ആന്റണി ജൂബിൻ, കുറുങ്കാട്ടുമൂലയിൽ | 31-12-2019 |
| 9. | കെവിൻ ജി. ജോസഫ്, കട്ടപ്പുറം | 03-01-2020 |
| 10. | ജോഷ്വാ ജേക്കബ്, കാട്ടാംപള്ളിൽ | 04-01-2020 |
| 11. | ജനീസാ ട്രീസാ രാഹുൽ, പുത്തൻപുരയ്ക്കൽ | 04-01-2020 |
| 12. | ഇവാഞ്ചെലിൻ ആൻ ജോസഫ്, വേണാട് | 14-01-2020 |
| 13. | ആന്യ റോസ് തോമസ്, തെക്കേടത്ത് പീടികയിൽ | 18-01-2020 |
| 14. | എമ്മാനുവേൽ, പെരുമാതയിൽ | 18-01-2020 |
| 15. | മെറിൻ, പുത്തൻപുരയ്ക്കൽ | 18-01-2020 |
| 16. | ജെസ്‌ലിൻ, ചക്കാലയ്ക്കൽ | 19-01-2020 |
| 17. | ആദം ജോസഫ്, മുപ്പതിൽച്ചിറ | 25-01-2020 |
| 18. | ജിയന്ന, കളത്തിൽച്ചിറ | 25-01-2020 |
| 19. | റെയ്‌വിൻ ജോസഫ് ജെറിൻ, വാളംപറമ്പിൽ | 26-01-2020 |
| 20. | ആൻഡ്രിയാ അന്റോണിയോ ജോസഫ്, കണ്ടത്തിൽ | 29-01-2020 |
| 21. | ഐറിൻ അന്ന ജോ, കന്നേൽ കൊച്ചുപറമ്പിൽ | 01-02-2020 |
| 22. | ഐവിൻ മരിയ ജോ, കന്നേൽ കൊച്ചുപറമ്പിൽ | 01-02-2020 |
| 23. | റോൺ വിൻസ്, വാഴപ്പറമ്പിൽ | 22-02-2020 |
| 24. | നോവാ ആന്റണി, തെക്കേടം | 23-02-2020 |
| 25. | മിഷേൽ മരിയാ ആന്റണി, കൊച്ചുമെതിക്കളം | 29-02-2020 |
| 26. | ആൻഡ്രിയാ അന്ന ജോജി, കല്ലൂപ്പറമ്പിൽ | 09-05-2020 |
| 27. | എയ്ഡൻ റ്റോബിൻ, കളങ്ങര | 20-05-2020 |
| 28. | ടോംസ് റോബിൻ, കളങ്ങര | 26-05-2020 |
| 29. | ആന്റണി മാത്യു, പരുമൂട്ടിൽ | 26-05-2020 |
| 30. | ഏയ്ഞ്ചൽ അന്ന സിജോ, ഒറ്റാറയ്ക്കൽ പത്തിൽ | 28-05-2020 |



'ദൈവം യോജിപ്പിച്ചത് മനുഷ്യൻ
വേർപെടുത്താതിരിക്കട്ടെ.' (മത്തായി 19:06)

# ദൈവം യോജിപ്പിച്ചവർ

**2019 ഡിസംബർ 01 മുതൽ 2020 ജൂലൈ 31 വരെ**

| | | വിവാഹ തീയതി |
|---|---|---|
| 1. | വർഗ്ഗീസ് (സിജോ ജോസഫ്) & എലിസബത്ത് (ലിജി ജോയി), പഴയമഠം | 14-12-2019 |
| 2. | ജോസഫ് (ബിബിൻ സെബാസ്റ്റ്യൻ) & മറിയാമ്മ (റോഷിനി തോമസ്), ഒലക്കപ്പാടിൽ | 29-12-2019 |
| 3. | ആന്റണി (ഷിബിൻ മാത്യു) & സാറാ (ബെറ്റിമോൾ ദേവസ്യാ), ആമ്പക്കാട് | 01.01.2020 |
| 4. | മാത്യു (ആകാശ് ജോളി) & അന്നമ്മ (സോണിയ കെ.ജെയിംസ്), കിളിരൂർ | 13.01.2020 |
| 5. | ജോർജ്ജ് (ജോജി മാത്യു) & മരിയ ജോസഫ്, കളത്തിച്ചിറ | 16.01.2020 |
| 6. | ഇമ്മാനുവേൽ (ആൽബിൻ) & സെലിൻ (മെറി കെ.ലോറൽ), പുളിക്കപ്പറമ്പിൽ | 18.01.2020 |
| 7. | വർഗ്ഗീസ് (ജിബിൻ ജെയിംസ്) & അന്നമ്മ (സ്വീറ്റി), എഴുന്നൂറ്റിൽ | 20.01.2020 |
| 8. | വർഗ്ഗീസ് (ജോമോൻ വർഗ്ഗീസ്) & മറിയാമ്മ (ജോമോൾ ജോസഫ്), വെളുത്തേടത്ത് | 23.01.2020 |
| 9. | ജേക്കബ് (ജിതിൻ ജോസ്) & ഷീബാമോൾ തോമസ്, മണ്ണാരുകുന്നേൽ | 27.01.2020 |
| 10. | പീലിപ്പോസ് (ബോബി ജി.) & എലിസബത്ത് (റീനാ എസ്.), കാട്ടാമ്പള്ളിൽ പത്തിൽ | 30.01.2020 |
| 11. | ജോൺ (ബിജുമോൻ ബേബി) & അന്ന (അനു തോമസ്), വലിയവീട്ടിൽച്ചിറയിൽ | 06.02.2020 |
| 12. | ആന്റണി (സഞ്ചു റ്റി.എസ്.) & അന്നമ്മ (ജിത്തു ജെയിംസ്), തെക്കേടം | 08.02.2020 |
| 13. | വർഗ്ഗീസ് (സിജോ കെ.ജോസഫ്) & മേരി (സുമ ജോർജ്ജ്), കണ്ണംകുളങ്ങര | 10.02.2020 |
| 14. | ജോസഫ് (സിന്റോ ജോസഫ്) & മേരി പി.സി., പ്ലാപ്പറമ്പ് | 15.02.2020 |
| 15. | ജോർജ്ജ് (അലൻ എസ്. ചക്കാലയിൽ) & ചിപ്പി ജോൺ, ചക്കാലയിൽ | 17.02.2020 |
| 16. | വർഗ്ഗീസ് (നോബിൾ ജി. മാവുങ്കൽ) & അഞ്ചു ജോർജ്ജ്, മാവുങ്കൽ | 19.02.2020 |
| 17. | ജോസഫ് ദേവസ്യാ (ലിജു) & ട്രീസാ (ജിസ് ജോർജ്ജ്), ഏഴരയിൽ | 20.02.2020 |
| 18. | വർഗ്ഗീസ് (സുജിത്ത്മോൻ ജോസഫ്) & എൽസാ തോമസ്, കല്ലൂപ്പറമ്പിൽ | 22.02.2020 |
| 19. | ജോർജ്ജ് ഫിലിപ്പ് & കത്രീനാമ്മ (റ്റിയാമോൾ ഗ്രിഗറി), തോട്ടത്തിൽ | 22.02.2020 |
| 20. | വർഗ്ഗീസ് (ബിജു കുര്യാക്കോസ്) & ആനി (രാജി എ.ജി.), മഠത്തിക്കളം | 25.04.2020 |
| 21. | തോമസ് (ജിപ്സൺ ജോസഫ്) & എലിസബത്ത് (സീനാ ഫ്രാൻസീസ്), ഉണ്ണൂട്ടൻചിറ 10-ൽ | 11.05.2020 |
| 22. | മാത്യു (നിഖിൽ തോമസ്) & റോസ് മേരി (സജനി ഷാജൻ), കൊഴുപ്പക്കളം | 11.06.2020 |
| 23. | ഫ്രാൻസീസ് (മാത്യു പി.ജോസ്) & അന്നമ്മ (ആൻസി എൽ.), പത്തിപ്പറമ്പിൽ | 22.06.2020 |
| 24. | അലക്സ് (അലക്സ് തോമസ്) & അന്ന (റ്റെജി ലില്ലി പോത്തൻ), കല്ലുപുരയ്ക്കൽ | 27.06.2020 |
| 25. | ആന്റണി (ജോബി ജേക്കബ് ആന്റണി) & ത്രേസ്യാമ്മ (ബിസ്മി ജോസഫ്), പുതിയാമഠം | 29.06.2020 |
| 26. | ജോസഫ് (ജസ്റ്റിൻ ജോസ് ജേക്കബ്) & മെറിൻ (സ്റ്റെഫി മരീനാ ജോർജ്ജ്), മാമ്മൂട്ടിൽ | 06.07.2020 |
| 27. | വർഗ്ഗീസ് (സനു റ്റി.എസ്.) & മറിയം (ലിറ്റി തോമസ്), തെക്കേടം | 13.07.2020 |



'നാം ക്രിസ്തുവിനോട് കൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു.' (റോമാ 06 : 08)

# നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടവർ

**2019 ഡിസംബർ 01 മുതൽ 2020 ജൂലൈ 31 വരെ**

| | | മരണം തീയതി |
|---|---|---|
| 1. | അന്തോനിച്ചൻ, തൈപ്പറമ്പിൽ, എടത്വാ പടിഞ്ഞാറ് ബി | 01-12-2019 |
| 2. | തൊമ്മി, പീടികച്ചിറ, കുന്തിരിക്കൽ | 01-12-2019 |
| 3. | ജോസഫ് പി.വി., പള്ളിച്ചിറ, എടത്വാ പടിഞ്ഞാറ് എ | 06-12-2019 |
| 4. | മാത്യു പി. ഫ്രാൻസീസ്, പറപ്പള്ളിൽ, ആനപ്രമ്പാൽ | 07-12-2019 |
| 5. | വാവച്ചൻ, പരുമൂട്ടിൽ, ആനപ്രമ്പാൽ | 08-12-2019 |
| 6. | പെണ്ണമ്മ, അട്ടിയിൽ (പുതിയവീട്), ചങ്ങങ്കരി പടിഞ്ഞാറ് | 14-12-2019 |
| 7. | ശോശാമ്മ, മാലിയിൽ, ചങ്ങങ്കരി നടുഭാഗം എ | 17-12-2019 |
| 8. | ജെ.ജെയിംസ്കുഞ്ഞ്, നെല്ലിക്കുന്നത്ത്, പാണ്ടങ്കരി | 23-12-2019 |
| 9. | സ്കറിയാ ജോസഫ്, വടക്കേടം, മരിയാപുരം | 29-12-2019 |
| 10. | അമ്മിണി, കൂട്ടക്കര, പച്ച കിഴക്ക് | 31-12-2019 |
| 11. | ആനിയമ്മ തോമസ്, കട്ടപ്പുറത്ത്, എടത്വാ പടിഞ്ഞാറ് എ | 31-12-2019 |
| 12. | എബ്രഹാം ചാക്കോ, പറത്തറയിൽ, പാണ്ടങ്കരി | 01-01-2020 |
| 13. | അന്നമ്മ തോമസ്, ഈരേത്ര, എടത്വാ പടിഞ്ഞാറ് എ | 02-01-2020 |
| 14. | ത്രേസ്യാമ്മ ഫ്രാൻസീസ്, മാലിയിൽ, കുന്തിരിക്കൽ | 04-01-2020 |
| 15. | ഈത്തമ്മ ജോസഫ്, ചേന്ദങ്കര, പച്ചകിഴക്ക് | 05-01-2020 |
| 16. | സി. അൽഫോൻസ് ലിഗോരി ചേക്കയിൽ, എടത്വാ | 09-01-2020 |
| 17. | ജോസഫ് ജോസഫ്, മാളിയേക്കൽ, ആനപ്രമ്പാൽ | 12-01-2020 |
| 18. | ജോയി, മണ്ണാരുപറമ്പിൽ, ചങ്ങങ്കരി പടിഞ്ഞാറ് | 17-01-2020 |
| 19. | ഏലിയാമ്മ, മണലേൽ, എടത്വാ പടിഞ്ഞാറ് എ | 21-01-2020 |
| 20. | തെയ്യാമ്മ വർക്കി, വേലിക്കളത്തിൽ, ചങ്ങങ്കരി പടിഞ്ഞാറ് | 22-01-2020 |
| 21. | ത്രേസ്യാമ്മ ജോസഫ്, മൂന്നുപറയിൽ, എടത്വാ പടിഞ്ഞാറ് ബി | 26-01-2020 |
| 22. | കെ.എം.തോമസ്, കളത്തൂർ, കുന്തിരിക്കൽ | 19-02-2020 |
| 23. | അച്ചാമ്മ വർക്കി, ഇടയൂരാംവേലിൽ, പാണ്ടങ്കരി | 22-02-2020 |
| 24. | ചാക്കോ തോമസ്, പുത്തൻപുരക്കൽ, പാണ്ടങ്കരി | 25-02-2020 |
| 25. | അന്നമ്മ വർഗ്ഗീസ്, പതിനഞ്ചിൽ, കോയിൽമുക്ക് | 03-03-2020 |
| 26. | അന്നമ്മ ഹില്ലാരി ജോയി, കന്നേൽ തോട്ടുകടവിൽ, മരിയാപുരം | 15-03-2020 |
| 27. | മേരിക്കുട്ടി വർഗ്ഗീസ്, പത്തിൽച്ചിറ, കാട്ടുംഭാഗം | 17-03-2020 |
| 28. | ചാക്കോ ദേവസ്യാ, നാൽപതിൽച്ചിറ, കോയിൽമുക്ക് | 21-03-2020 |
| 29. | സി. ഹോസ്റ്റിയാ കാളാശ്ശേരി SABS | 22-03-2020 |
| 30. | റോസമ്മ സേവ്യർ, വേണാട്, കോയിൽമുക്ക് | 23-03-2020 |

| | | |
|---|---|---|
| 31. | വർഗ്ഗീസ് മത്തായി, കളത്തൂർ പുത്തൻപറമ്പിൽ, കോയിൽമുക്ക് | 23 - 03 - 2020 |
| 32. | ജോസഫ് കെ.ജെ., കളപ്പുരക്കൽ, എടത്വാ പടിഞ്ഞാറ് എ | 24 - 03 - 2020 |
| 33. | സി. വിൽസി, മാത്തശ്ശേരിൽ, തെള്ളകം SABS | 27 - 03 - 2020 |
| 34. | തോമസ് ഫ്രാൻസീസ്, കന്നേൽ തോട്ടുകടവിൽ, മരിയാപുരം | 27 - 03 - 2020 |
| 35. | എലിസബത്ത് ജോർജ്ജ്, മഠത്തിക്കളം, എടത്വാ പടിഞ്ഞാറ് എ | 28 - 03 - 2020 |
| 36. | മേരിക്കുട്ടി, പുത്തൻപറമ്പിൽ, എടത്വാ പടിഞ്ഞാറ് എ | 28 - 03 - 2020 |
| 37. | ഫിലോമിനാ, പുത്തൻപുരയ്ക്കൽ മുണ്ടുചിറ, കോയിൽമുക്ക് | 03 - 04 - 2020 |
| 38. | സുഷമാ വർഗ്ഗീസ്, തെക്കേടം, ചങ്ങങ്കരി നടുഭാഗം എ | 17 - 04 - 2020 |
| 39. | എലിസബത്ത് (മേരിക്കുട്ടി), പറപ്പള്ളിൽ, എടത്വാ പടിഞ്ഞാറ് എ | 18 - 04 - 2020 |
| 40. | ജിതിൻ, പുത്തൻപറമ്പിൽ, മരിയാപുരം | 20 - 04 - 2020 |
| 41. | തോമസ് ഫ്രാൻസീസ്, മഠത്തിക്കളം, ചങ്ങങ്കരി നടുഭാഗം ബി | 25 - 04 - 2020 |
| 42. | മേരിക്കുട്ടി ജോസഫ്, വലിയപുരയ്ക്കൽ, ചങ്ങങ്കരി നടുഭാഗം ബി | 26 - 04 - 2020 |
| 43. | സീനാ ജോസി, കൊച്ചുമെതിക്കളം, ചങ്ങങ്കരി നടുഭാഗം എ | 28 - 04 - 2020 |
| 44. | റോസമ്മ ജോസഫ്, ഒറ്റാറക്കൽ പത്തിൽ, പച്ച കിഴക്ക് | 07 - 05 - 2020 |
| 45. | ജോസഫ് തോമസ്, തെക്കേപേരങ്ങാട്ട് (കുന്നേൽ), കോയിൽമുക്ക് | 11 - 05 - 2020 |
| 46. | ത്രേസ്യാമ്മ ചാണ്ടി, തലയാറ്റംപള്ളി, കാട്ടുംഭാഗം | 14 - 05 - 2020 |
| 47. | ജോസഫ് വർഗ്ഗീസ്, മെതിക്കളത്തിൽച്ചിറ, കുന്തിരിക്കൽ | 24 - 05 - 2020 |
| 48. | സേവ്യർ ജോസഫ്, കല്ലുപുരയ്ക്കൽ, ചങ്ങങ്കരി നടുഭാഗം ബി | 26 - 05 - 2020 |
| 49. | സി. ബൻസിറ്റാ, ചാവറ SABS | 26 - 05 - 2020 |
| 50. | വർക്കി ജോസഫ്, പടിഞ്ഞാറേവീട്ടിൽ, ചങ്ങങ്കരി പടിഞ്ഞാറ് | 27 - 05 - 2020 |
| 51. | വർഗ്ഗീസ്, വള്ളപ്പുരക്കൽ, എടത്വാ പടിഞ്ഞാറ് എ | 29 - 05 - 2020 |
| 52. | ഏലിക്കുട്ടി, വാഴക്കൂട്ടത്തിൽ, മരിയാപുരം | 01 - 06 - 2020 |
| 53. | അന്നമ്മ ജോസഫ്, വടക്കേവെള്ളാപ്പള്ളി, ചങ്ങങ്കരി നടുഭാഗം ബി | 04 - 06 - 2020 |
| 54. | ജോസഫ് ആന്റണി, വാഴപ്പറമ്പിൽ, ചങ്ങങ്കരി പടിഞ്ഞാറ് | 07 - 06 - 2020 |
| 55. | സിറിയക് കെ.വി., കുളപ്പുരക്കൽ, ആനപ്രമ്പാൽ | 15 - 06 - 2020 |
| 56. | വർഗ്ഗീസ്, കണ്ണംകുളങ്ങര, എടത്വാ പടിഞ്ഞാറ് എ | 26 - 06 - 2020 |
| 57. | ജോസഫ് ജോർജ്ജ്, വെള്ളാപ്പള്ളിൽ | 02 - 07 - 2020 |
| 58. | ഫ്രാൻസീസ് ആന്റണി, ഉണ്ണൂട്ടംചിറ പത്തിൽ, ചങ്ങങ്കരി കിഴക്ക് | 05 - 07 - 2020 |
| 59. | അന്നമ്മ ചാക്കോ, വാണിയപ്പുരയ്ക്കൽ മുപ്പതിൽ, എടത്വാ പടിഞ്ഞാറ് ബി | 06 - 07 - 2020 |
| 60. | മറിയാമ്മ ജോർജ്ജ്, തൈപ്പറമ്പിൽ, എടത്വാ പടിഞ്ഞാറ് എ | 11 - 07 - 2020 |
| 61. | കെ.എ.ആന്റണി, കല്ലുപുരക്കൽ, കാട്ടുംഭാഗം | 13 - 07 - 2020 |
| 62. | ജോസഫ്, മുപ്പതിൽച്ചിറ, എടത്വാ പടിഞ്ഞാറ് എ | 22 - 07 - 2020 |

■ ■



''ഒരു പുരോഹിതനും ഒരു മാലാഖയും ഒരുമിച്ച് വരുന്നതുകണ്ടാൽ, ഞാൻ ആദ്യം വണങ്ങുക പുരോഹിതനെ ആയിരിക്കും.''

*വി. ഫ്രാൻസിസ് അസ്സീസി*

# സ്വയാധികാര സഭകളുടെ സവിശേഷതകളും ആരാധനയും

**ഫാ.തോമസ് പാടിയത്ത്**
വികാരി ജനറൽ

ഈശോമിശിഹായാൽ സ്ഥാപിതമായ സഭ ചരിത്രപരമായി ജന്മംകൊണ്ടത് ജറുസലേമിലാണ്; യഹൂദപശ്ചാത്തലത്തിലാണ്; ഭൂമിശാസ്ത്രപരമായി പൗരസ്ത്യദേശത്താണ്. പുരാതന റോമാസാമ്രാജ്യം ഭൂമിശാസ്ത്രപരമായി രണ്ടായി വിഭജിക്കപ്പെട്ടതാണ് സഭകൾ പാശ്ചാത്യസഭയെന്നും പൗരസ്ത്യസഭയെന്നും അറിയപ്പെടുന്നതിനു അടിസ്ഥാനം. റോമാസാമ്രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തു വളർന്നു വികസിച്ച സഭകൾ പാശ്ചാത്യസഭകളെന്നും കിഴക്കുഭാഗത്തു വളർന്നു വികസിച്ച സഭകൾ പൗരസ്ത്യസഭകളെന്നും അറിയപ്പെട്ടു. റോമാസാമ്രാജ്യത്തിനു പുറത്തും സഭകൾ സ്ഥാപിക്കപ്പെടുകയും വളരുകയും ചെയ്തിരുന്നു. തോമാശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ സഭ ഇതിനുദാഹരണമാണ്. അതുപോലെ പേർഷ്യൻ സാമ്രാജ്യത്തിൽ വളർന്ന സെലൂഷ്യാ-സ്റ്റെസിഫോൺ സഭയും ഏദേസായിലെയും മെസപ്പൊട്ടോമിയായിലെയും സഭകളും റോമാസാമ്രാജ്യത്തിനു പുറത്തായിരുന്നു. എങ്കിലും കാലക്രമേണ പാശ്ചാത്യവിഭാഗത്തിൽപ്പെടാത്ത സഭകളെല്ലാം പൗരസ്ത്യസഭകളെന്ന് അറിയപ്പെടാൻ തുടങ്ങി. ഇന്നു സഭകൾ പൊതുവേ പാശ്ചാത്യസഭകളെന്നും പൗരസ്ത്യസഭകളെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു.

**സഭ സഭകളുടെ കൂട്ടായ്മ**

ഇന്നു കത്തോലിക്കാസഭ 24 സ്വയാധികാരസഭകളുടെ (വ്യക്തിസഭ) കൂട്ടായ്മയാണ്. 3 സഭാപാരമ്പര്യങ്ങളിലെ 6 ആരാധനക്രമ കുടുംബങ്ങളിലാണ് 24 വ്യക്തിസഭകൾ നിലകൊള്ളുന്നത്. ഓരോ ശ്ലീഹായും തന്റെ മിശിഹാനുഭവം പങ്കുവച്ചതിലെ വ്യത്യസ്തതയും സുവിശേഷ വെളിച്ചം സ്വീകരിച്ച സമൂഹങ്ങളുടെ ഭാഷ, സംസ്കാരം, ജീവിതരീതികൾ, ആചാരക്രമങ്ങൾ, രാഷ്ട്രീയവും സാമൂഹികവുമായ പശ്ചാത്തലം എന്നിവയും വിവിധ സഭാപാരമ്പര്യങ്ങളുടെ വ്യത്യസ്തതയ്ക്ക് അടിസ്ഥാനമായി. അങ്ങനെ സഭയിൽ സുറിയാനി, ഗ്രീക്ക്, ലാറ്റിൻ പാരമ്പര്യങ്ങൾ ഉടലെടുത്തു:

**സ്വയാധികാരസഭയും ആരാധനക്രമവും**

കത്തോലിക്കാ കൂട്ടായ്മയിൽ 23 പൗരസ്ത്യസഭകളും ഒരു പാശ്ചാത്യസഭയും ഉൾപ്പെടെ 24 സ്വയാധികാരസഭകളുണ്ട്. നിയമാനുസൃത ഹയരാർക്കിയാൽ കൂട്ടിയോജിപ്പിക്കപ്പെട്ടതും ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം എന്നിവയിൽ പ്രകാശിതമായതും സ്വയാധികാരമുള്ളതെന്ന് സഭയുടെ പരമാധികാരത്താൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതുമായ ക്രൈസ്തവവിശ്വാസികളുടെ സമൂഹത്തെയാണ് സ്വയാധികാരസഭ (വ്യക്തിസഭ) എന്നു വിളിക്കുന്നത്.

**വിവിധ റീത്തുകളും ആരാധനയും**

കത്തോലിക്കാസഭയിലെ സ്വയാധികാരസഭകൾക്കു വിശ്വാസം ഒന്ന്, കൂദാശകൾ ഒന്ന്, ഭരണക്രമം ഒന്ന് എന്നീ മൂന്നു അടിസ്ഥാനഘടകങ്ങൾ ഉണ്ട്. എന്നാൽ 4 കാര്യങ്ങളിൽ ഈ സ്വയാധികാരസഭകൾ തമ്മിൽ വ്യതിരിക്തതകൾ ഉണ്ട്. ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം എന്നിവ വ്യതിരിക്തതയുടെ അടിസ്ഥാനമാണ്.

ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ച് പ്രകാശിപ്പിക്കുന്ന പൈതൃകത്തെയാണ് റീത്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**സ്വയാധികാരസഭ-അടിസ്ഥാനഘടകങ്ങൾ**

**1. ആരാധനക്രമം:** ഓരോ സ്വയാധികാരസഭയുടെയും വിശ്വാസപാരമ്പര്യവും തനിമയും ജീവിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന 4 അടിസ്ഥാനഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആരാധനക്രമം. ആരാധനക്രമം മറ്റ് രണ്ട് ഘടകങ്ങൾക്കും അടിസ്ഥാനമാകുന്നു. കാരണം ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും രൂപപ്പെടുന്നത് ആരാധനയിൽ നിന്നുമാണ്. ഒരു സഭാപാരമ്പര്യത്തിന്റെ അടിസ്ഥാനമാണ് ആരാധനക്രമം.

മൂന്നു സഭാപാരമ്പര്യങ്ങളുടെ ഭാഗമായി (സുറിയാനി, ലത്തീൻ, ഗ്രീക്ക്) കത്തോലിക്കാസഭയിൽ 6 ആരാധനക്രമകുടുംബങ്ങളാണുള്ളത്.

i). പൗരസ്ത്യ സുറിയാനി (കൽദായ) ii). അന്ത്യോക്യൻ (സുറിയാനി)

iii). ലത്തീൻ (പാശ്ചാത്യ)

iv). ബൈസന്റയിൻ, (v). അലക്സാഡ്രിയൻ vi). അർമേനിയൻ (ഗ്രീക്ക്)

**2. ദൈവശാസ്ത്രം:** സ്വയാധികാരസഭകളുടെ വ്യത്യസ്തതയ്ക്ക് അടിസ്ഥാനമായ രണ്ടാമത്തെ ഘടകം ദൈവശാസ്ത്രമാണ്. വിശ്വാസത്തെയും വിശ്വാസരഹസ്യങ്ങളെയും പൗരസ്ത്യ സുറിയാനി (കൽദായ) ആരാധനാക്രമകുടുംബങ്ങളെയും വ്യാഖ്യാനിച്ച് യുക്തിസഹമാക്കുവാനുള്ള പരിശ്രമമാണ് ദൈവശാസ്ത്രം ചെയ്യുന്നത്.

സ്വയം വെളിപ്പെടുത്തിയ ദൈവത്തിനുള്ള മറുപടിയാണ് വിശ്വാസം. പഴയനിയമത്തിലും പുതിയനിയമത്തിലും പ്രത്യേകമായി പുത്രൻ തമ്പുരാനിലും പൂർത്തിയാക്കപ്പെട്ട വെളിപാടാണ് നമ്മുടെ വിശ്വാസത്തിനാധാരം. പൗരസ്ത്യ സഭകളുടെ കാഴ്ചപ്പാടിൽ വിശ്വാസത്തിന്റെ ആഘോഷമായ ആരാധനയിൽ നിന്നുതന്നെയാണ് ദൈവശാസ്ത്രം രൂപപ്പെടേണ്ടത്.

**3. ആധ്യാത്മികത:** സഭകളുടെ വ്യതിരിക്തതയ്ക്ക് അടിസ്ഥാനമാകുന്ന മൂന്നാമത്തെ ഘടകം ആധ്യാത്മികതയാണ്. പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ചുപോകുമ്പോഴാണ് പ്രാർത്ഥന, ജീവിതത്തെ പരിവർത്തനപ്പെടുത്തുന്നത്. ആരാധന തന്നെയാണ് ആധ്യാത്മികതയുടെ അടിസ്ഥാനം.

ഈ പശ്ചാത്തലത്തിലാണ് ആരാധനാധിഷ്ഠിത ആധ്യാത്മികതയും ഭക്താനുഷ്ഠാനങ്ങളും നമ്മുടെ പരിചിന്തനത്തിനു വിഷയീഭവിക്കുന്നത്.

ഭക്താനുഷ്ഠാനങ്ങൾക്ക് നമ്മുടെ ആധ്യാത്മിക ജീവിതത്തിലുള്ള സ്ഥാനത്തെക്കുറിച്ച് സീറോ മലബാർ സഭയുടെ സിനഡു പറയുന്ന കാര്യം തന്നെ സവിശേഷശ്രദ്ധ അർഹിക്കുന്നു:

ഭക്താനുഷ്ഠാനങ്ങൾ പൊതുവേ ആരാധനാക്രമത്തിനുള്ള ഒരുക്കമായും ആരാധനാക്രമജീവിതത്തിന്റെ തുടർച്ചയും വളർച്ചയുമായും ആരാധനാക്രമത്തെ സാഹചര്യങ്ങൾക്കു യോജിച്ചവിധം പരിപുഷ്ടിപ്പെടുത്തുന്ന മാർഗ്ഗങ്ങളായും വേണം കാണാനും അനുഷ്ഠിക്കാനും. ഭക്താനുഷ്ഠാനങ്ങൾ വൈകാരികതലത്തെ ഏറെ സ്പർശിക്കുന്നതാകയാൽ ആരാധനാക്രമജീവിതം വൈകാരികമായി കൂടുതൽ ആസ്വാദ്യകരവും വ്യക്തിപരവുമാക്കാനും അതിന്റെ ചൈതന്യം പ്രായോഗികമാക്കാനും സഹായിക്കുന്നു.

**4. ശിക്ഷണക്രമം:** സഭകളുടെ വ്യതിരിക്തതക്കു അടിസ്ഥാനമായ നാലാമത്തെ ഘടകം ശിക്ഷണക്രമമാണ്. 1992-ൽ പൗരസ്ത്യസഭകൾക്കായി പ്രത്യേക ശിക്ഷണക്രമം (കാനാൻനിയമസംഹിത) നിലവിൽ വന്നു. സീറോമലബാർ സഭയുടെ പ്രത്യേക നിയമസംഹിത 2013-ൽ നിലവിൽ വന്നു. ഇതിന്റെ ക്രോഡീകരണത്തിൽ ഓരോ സഭയുടെയും തനതായ പാരമ്പര്യങ്ങൾ, ഭരണസംവിധാനങ്ങൾ/ശൈലി എന്നിവ സവിശേഷശ്രദ്ധ അർഹിക്കുന്നു. മാർത്തോമ്മാ നസ്രാണിപാരമ്പര്യത്തിൽ പരമ്പരാഗതമായി നിലനിന്നുപോരുന്ന ഇടവക പൊതുയോഗങ്ങൾ ഇതിനുദാഹരണമാണ്.

**സഭയുടെ ആരാധനയും മെത്രാനടുത്ത ശുശ്രൂഷയും**

ദൈവം മനുഷ്യനുവേണ്ടി തയ്യാറാക്കിയ രക്ഷാപദ്ധതിയുടെ കൗദാശികമായ ആവിഷ്ക്കാരമാണ് ആരാധനക്രമം. ഇതു സഭയുടെ ആത്മാവിലും സത്യത്തിലുമുള്ള പരസ്യമായ ആരാധനയാണ്. ഒരു സ്വയാധികാരസഭയുടെ പ്രാദേശിക ഘടകമായ രൂപതയിൽ സഭയുടെ ആരാധനയുടെ ചുമതലക്കാരനും നിയന്താവും രൂപതാ മെത്രാനാണ്. പൗരസ്ത്യ കാനൻ നിയമം ഇതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എപ്പാർക്കിയുടെ (രൂപത) ആരാധനാജീവിതത്തിന്റെ മുഴുവൻ നിയന്താവും ഉത്തേജകനും സംരക്ഷകനും എന്ന നിലയിലുള്ള രൂപതാ മെത്രാന്റെ ധർമ്മത്തെ (1991) സഭ ഓർമ്മപ്പെടുത്തുന്നു. തന്റെ സ്വന്തം സ്വയാധികാരസഭയുടെ നിയമാനുസൃത കീഴ്വഴക്കങ്ങളും അനുശാസനങ്ങളുമനുസരിച്ച് ആരാധനാജീവിതത്തെ ക്രമീകരിക്കുകയും മാതൃസഭയുടെ പ്രത്യേക പൈതൃകത്തെ കണക്കിലെടുത്ത് കഴിയുന്നത്ര പരിപോഷിപ്പിക്കുകയും ചെയ്യാൻ ജാഗ്രതയോടെ പ്രവർത്തിക്കാനുമുള്ള കടമ മെത്രാനിൽ നിക്ഷിപ്തമായിരിക്കുന്നു.

മെത്രാന്റെ പവിത്രീകരണ ദൗത്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ട് സഭ ഇപ്രകാരം പഠിപ്പിക്കുന്നു. നിയമാനുസൃതമായ ഓരോ കുർബാന അർപ്പണവും മെത്രാനാണ് നിയന്ത്രിക്കേണ്ടത്. ദൈവമഹത്വത്തിനുള്ള ക്രൈസ്തവാരാധനയുടെ ഔദ്യോഗിക ചുമതല മെത്രാനാണ്. തിരുപ്പട്ട കൂദാശയുടെ പൂർണ്ണതയാൽ മുദ്രിതനായ മെത്രാനാണ് ഉന്നതമായ പൗരോഹിത്യത്തിന്റെ കാര്യസ്ഥൻ. തന്റെ സംരക്ഷണത്തിന് ഭരമേൽപിക്കപ്പെട്ടിരിക്കുന്ന വിശ്വാസസമൂഹത്തിന്റെ ആത്മീയ ജീവിതത്തിന്റെ പരിപോഷണമാണ് മെത്രാന്മാർ നടത്തുന്നത്. കാരണം, മെത്രാന്മാരാണ് ദൈവരഹസ്യങ്ങളുടെ കാര്യസ്ഥർ, തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സഭയിലെ ആരാധനക്രമ ജീവിതത്തിന്റെ നിയന്താക്കളും പരിപോഷകരും കാവൽക്കാരും (മെത്രാന്മാർ 15).

■ ■



# അജപാലനശുശ്രൂഷാക്രമീകരണം

**വികാരി : റവ.ഫാ.മാത്യു ചൂരവടി** **9447473499**

**അസിസ്റ്റന്റ് വികാരിമാർ**

| | | |
|---|---|---|
| റവ.ഫാ.വർഗ്ഗീസ് പുത്തൻപുര | | 9495868290 |
| റവ.ഫാ.വർഗ്ഗീസ് കൊച്ചുപറമ്പിൽ | | 8289923436 |
| റവ.ഫാ.ജോസഫ് പുതിയിടം | | 9446417736 |
| റവ.ഫാ.ജോസഫ് ചെമ്പിലകം | (ചങ്ങങ്കരി) | 9447777851 |
| റവ.ഫാ.സെബാസ്റ്റ്യൻ കണ്ണാടിപ്പാറ | (കോയിൽമുക്ക്) | 9497526124 |
| റവ.ഫാ.ജോസഫ് ബംഗ്ലാവുപറമ്പിൽ | (മരിയാപുരം) | 8078508868 |
| റവ.ഫാ.അലോഷ്യസ് വല്ലാത്തറ | (പാണ്ടങ്കരി) | 9847176414 |

**അഡീഷണൽ ചുമതലകൾ**

തിരുഹൃദയചാപ്പൽ കുന്തിരിക്കൽ : റവ.ഫാ.ജോസഫ് പുതിയിടം
സെന്റ് ജോസഫ് ചാപ്പൽ ചങ്ങങ്കരി : റവ.ഫാ.വർഗ്ഗീസ് കൊച്ചുപറമ്പിൽ

**പ്രത്യേക ശുശ്രൂഷാ ചുമതല**

| | |
|---|---|
| എടത്വാ ജെസ്യൂട്ട് ആശ്രമം സുപ്പീരിയർ– റവ.ഫാ.ജോസ് മാത്യു SJ | 9995917065 |
| ആരാധനമഠം മദർ – റവ.സി.സുമ മാളിയേയ്ക്കൽ SABS | 9744142220 |
| ജൂബിലി ഹോസ്പിറ്റൽ കോൺവെന്റ് – റവ.സി.ലീനാ SABS(മദർ) | 04772212151 |
| സെന്റ് അലോഷ്യസ് കോളേജ് ഹോസ്റ്റൽ – റവ.സി.റോസ് SABS | 8547423499 |

**കൈക്കാരന്മാർ**

| | |
|---|---|
| പി.കെ.ഫ്രാൻസിസ്, കണ്ടത്തിൽപ്പറമ്പിൽ പത്തിൽ | 9447567221 |
| ബിബിൻ ജോബ്, പോളയ്ക്കൽ | 9656121907 |
| ബിൽബി മാത്യു, കണ്ടത്തിൽ | 9447567086 |

**പാരീഷ് കൗൺസിൽ സെക്രട്ടറി**

തോമസ് ഫ്രാൻസിസ്, വെളുത്തേടത്തുപറമ്പിൽ 9446122692

**അക്കൗണ്ടന്റ്സ്**

| | |
|---|---|
| ആൻഡ്രൂസ് മാത്യു (ആന്റപ്പൻ), വടക്കേവെള്ളാപ്പള്ളി | 9526283775 |
| സാജു മാത്യു, കൊച്ചുപുരയ്ക്കൽ | 9746487796 |

**ഓഫീസ് സെക്രട്ടറി:** ഏലിയാമ്മ വർഗ്ഗീസ് (സുനി), കണ്ടത്തിപ്പറമ്പിൽ 8606009490

**കമ്പ്യൂട്ടർ അസിസ്റ്റന്റ്:** നിയാമോൾ ആന്റണി, മണക്കളം **9656278398**

**ദൈവാലയശുശ്രൂഷികൾ**

സാബു വർഗ്ഗീസ്, ഏറാട്ട് **9961393149**

ആന്റണി ജോസഫ്, കന്നയിൽ **9747422767**

**പാരീഷ് ഹാൾ സൂപ്പർവൈസർ കം ഡ്രൈവർ**

ജോബി ജോർജ്ജ്, കല്ലേപ്പള്ളിൽ **9747965763**

**വർക്ക് സൂപ്പർവൈസർ:** സെബാസ്റ്റ്യൻ ആന്റണി (സാബു), കറുകയിൽ **9847732983**

# ഇടവകാംഗങ്ങളറിയാൻ

1. ദൈവാലയത്തിലെ വി.കുർബാനമദ്ധ്യേയുള്ള അറിയിപ്പുകൾ നോട്ടീസ് ബോർഡിലും ലഭ്യമാണ്.
2. ദൈവാലയത്തിന് വെളിയിൽ സ്ഥാപിച്ചിട്ടുള്ള നിലവിളക്കിൽ എണ്ണയൊഴിച്ച് തിരിതെളിച്ച് പ്രാർത്ഥിക്കുവാനുള്ള സൗകര്യമുണ്ട്.
3. വി.കുർബാനയ്ക്കും ഒപ്പീസിനും വി.ഗീവർഗ്ഗീസ് സഹദായുടെ നൊവേനയ്ക്കുമുള്ള പണം വൈദികരുടെ പക്കലും പള്ളി ഓഫീസിലും രസീത് പ്രകാരം സ്വീകരിക്കുന്നതാണ്.
4. സെന്റ് ജോർജ്ജ് സുവനീർഷോപ്പ് എല്ലാ ദിവസവും രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി വരെ പ്രവർത്തിക്കുന്നതാണ്.
5. വെഞ്ചരിച്ച എണ്ണ സുവനീർ ഷോപ്പിൽ ലഭ്യമാണ്.
6. എടത്വാപള്ളിയുടെ പുതിയ വെബ്സൈറ്റ്: www.edathuachurch.in നിലവിൽ വന്നു. പള്ളിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ സൈറ്റിൽ ലഭ്യമാകും. ഓരോ വെള്ളിയാഴ്ചയിലും വിശുദ്ധ ഗീവർഗ്ഗീസ് സഹദായോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഏറ്റുകഴിക്കുന്നവരുടെ പേരുവിവരങ്ങളും ഞായറാഴ്ചത്തെ അറിയിപ്പും ഈ സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റിൽ News & Events പരിശോധിക്കുക.

**7. കോവിഡ് കാല നിബന്ധനകൾ**

i. പള്ളിയിൽ വരുന്നവർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്.

ii. ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ കൈകൾ ശുചിയാക്കുക.

iii. 10 വയസ്സിൽ താഴെയും 65 വയസ്സിന് മുകളിലും പ്രായമുള്ളവർ ദൈവാലയത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത് ഒഴിവാക്കുക.

iv. ദൈവാലയത്തിൽ പ്രവേശിക്കുന്നവർ പേര് നിർദ്ദിഷ്ട രജിസ്റ്ററിൽ രേഖപ്പെടുത്തുക.

v. ദൈവാലയത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ സാമൂഹിക അകലം പാലിച്ച് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുക.

vi. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രോഗത്തെ പ്രതിരോധിക്കാൻ ശ്രദ്ധിക്കുക.

**വികാരി**

# ഇടവകയുടെ അഭിമാനതാരകങ്ങൾ

## എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ



**അക്ഷയ് സെബാസ്റ്റ്യൻ,**
സെന്റ് ഫ്രാൻസിസ്,
കുന്തിരിക്കൽ



**ജെറിൻ വർഗ്ഗീസ്,**
വി. മദർ തെരേസാ,
ചങ്ങങ്കരി പടിഞ്ഞാറ്



**സെഫിൻ ഷോജി,**
സെന്റ് ബെർണാർഡ്,
എടത്വാ പടി.ബി



**റോണി തോമസ്,**
സെന്റ് ഫ്രാൻസിസ്,
പച്ചകിഴക്ക്



**എഡ്വിൻ ജോസഫ്,**
സെന്റ് മേരീസ്,
മരിയാപുരം



**എബിൻ തോമസ്,**
വി.ഫ്രാൻസിസ് സേവ്യർ,
ചങ്ങ.നടു.ബി.



**നിമിൽ കെ.ജോയി,**
വി. അത്തനേഷ്യസ്,
ചങ്ങ.നടു.ബി.



**ജോസ്മി ആന്റണി**
സെന്റ് മോനിക്കാ,
ചങ്ങ.നടുഭാഗം ബി

CBSE



**മരിയാമോൾ സേവ്യർ,**
സെന്റ് ജോർജ്ജ്,
കോയിൽമുക്ക്



**ടീനാ മരിയ ജോസ്**
സെന്റ് അൽഫോൻസാ,
കുന്തിരിക്കൽ



**ആഷ്‌ലി അനിൽ,**
സെന്റ് ക്ലാര,
കാട്ടുംഭാഗം



**ഏബൽ ജോ ജോസഫ്,**
സെന്റ് അംബ്രോസ്,
ചങ്ങ.നടു.ബി.

## എസ്.എസ്.ആർ.സി. അതിരൂപതാതല റാങ്ക് ജേതാക്കൾ



**റോണി തോമസ്**
ഒന്നാം റാങ്ക്



**എഡ്വിൻ ജോസഫ്**
മൂന്നാം റാങ്ക്



**അക്ഷയ് സെബാസ്റ്റ്യൻ**
നാലാം റാങ്ക്



**എബിൻ തോമസ്**
ആറാം റാങ്ക്





2020 മേടം തിരുനാളിന് വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ കൊടിയേറ്റുന്നു



ഭവനരഹിതർക്കായി പള്ളിക്കാര്യത്തിൽ നിന്നും വാങ്ങിയ സ്ഥലത്ത് നിർമ്മിക്കുന്ന മൂന്നുഭവനങ്ങളുടെ തറക്കല്ലുകൾ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ ആശീർവദിക്കുന്നു.



എടത്വാ സബ്ട്രഷറിയ്ക്കായി പള്ളി ദാനം ചെയ്ത സ്ഥലത്തിന്റെ റവന്യൂ രേഖകൾ
വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ ട്രഷറി അധികൃതർക്ക് കൈമാറുന്നു.





2020 ജൂലൈ 8 ന് മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ
ആശീർവദിച്ച സെന്റ് അലോഷ്യസ് കോളേജിലെ പുതിയ അലോഷ്യൻ ഗ്രോട്ടോ



എടത്വാ പള്ളിയിൽ പുതിയതായി നിർമ്മിച്ച ബേമ്മ




എടത്വാ സെന്റ് അലോഷ്യസ് എൽ.പി. സ്കൂളിലെ കൊയ്ത്തുത്സവം മാനേജർ പെരിയ ബഹുമാനപ്പെട്ട
മാത്യു ചൂരവടി അച്ചന്റെ സാന്നിദ്ധ്യത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ ശ്രീമതി എം. അഞ്ജന ഉദ്ഘാടനം ചെയ്യുന്നു.





ഇടയന് നാമഹേതുക തിരുനാളിന്റെ ആശംസകൾ



ഞാനാണ് പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും,
(യോഹ. 11:25)

# പാവനസ്മരണയ്ക്ക്



**എ.ഡി.ദേവസ്യാ (അപ്പച്ചൻ)**
ജനനം: 02 – 10 – 1936
മരണം: 18 – 01 – 2016



**തങ്കമ്മ ദേവസ്യാ**
ജനനം: 02 – 07 – 1940
മരണം: 10 – 02 – 2006

## ആശാരുപറമ്പിൽ കുടുംബാംഗങ്ങൾ,
## എടത്വാ



# സ്നേഹസ്മരണയ്ക്ക്





എനിക്കു രൂപം ലഭിക്കുന്നതിനുമുൻപുതന്നെ,
അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു;
എനിക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ
ഉണ്ടാകുന്നതിനു മുൻപുതന്നെ,
അങ്ങയുടെ പുസ്തകത്തിൽ
അവ എഴുതപ്പെട്ടു.
(സങ്കീ. 139:16)

**റൂബി ഡിജോ**

പഴയമഠം

ജനനം: 01-04-1987

മരണം: 23-08-2020


EDEN
Super Market
HOME DELIVERY
Ph: 9778296903
ഏദൻ
സൂപ്പർ മാർക്കറ്റ്
കോയിൽ മുക്ക്, എടത്വാ
Ph: 0477 2212505
GROCERY
VEGETABLE
UTENSIL
FRUITS
GIFT ITEMS